# അശമന്നൂർ ഗ്രാമ പഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി

## അന്തിമ വികസന രേഖ 2022 - 2027

# ഉള്ളടക്കം


| അദ്ധ്യായം | | | പേജ് നമ്പർ |
|---|---|---|---|
| | **ഭാഗം I പൊതുസ്ഥിതി** | : | 1 |
| 1 | പൊതുവിവരങ്ങൾ | : | 2 |
| 2 | ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും | : | 13 |
| 3 | ജനസംഖ്യ | : | 16 |
| 4 | സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി | : | 20 |
| | **ഭാഗം II. വിഷയമേഖലകൾ /വിഭാഗങ്ങൾ** | : | 24 |
| 5 | പൊതുഭരണവും ധനകാര്യവും | : | 25 |
| 6 | കൃഷിയും അനുബന്ധ മേഖലകളു | : | 30 |
| 7 | മൃഗസംരക്ഷണവും ക്ഷീര വികസനവും | : | 34 |
| 8 | പ്രാദേശിക സാമ്പത്തിക വികസനം | : | 38 |
| 9 | പൊതുമരാമത്ത് | : | 41 |
| 10 | ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | : | 45 |
| 11 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | : | 49 |
| 12 | സാമൂഹ്യ നീതി | : | 52 |
| 13 | പട്ടികജാതി വികസനം/പട്ടിക വർഗ്ഗ വികസനം | : | 55 |
| 14 | വനിതാ വികസനം | : | 57 |
| 15 | ആരോഗ്യം | : | 59 |
| 16 | കുടിവെള്ളം, ശുചിത്വം 63 | : | 63 |
| 17 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യവജനകാര്യം | : | 66 |
| | ***Annexure I - ഗ്രാമ സഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ*** | : | |



# ആമുഖം

തുടർച്ചയായി അധികാരത്തിൽ വരികയെന്ന് നേട്ടം സംസ്ഥാന സർക്കാർ കൈവരിച്ചിരിക്കുന്നു. സാമൂഹിക നയപരിപാടികളിലും നിക്ഷേപങ്ങളിലുമുള്ള കരുത്ത് ശക്തിപ്പെടുത്താൻ മാത്രമല്ല ജനങ്ങൾക്ക് നല്ലൊരു ഭാവി ഉറപ്പാക്കാനും ഇതൊരു അതുല്യ അവസരം ഒരുക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കുമ്പോൾ കേരളം ഇന്ത്യയ്ക്കും ലോകത്തിനു മുമ്പാകെ മതനിരപേക്ഷവും ജനാധിപത്യപരവും സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ഉയർന്ന സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന ബദൽ വികസന നയം അവതരിപ്പിക്കുകയാണ്. 2018ലെ മഹാപ്രളയം മുതൽ ഇന്നുവരെ കേരളം ഇതുവരെ കാണാത്ത പ്രശ്നങ്ങളിലൂടെ കടന്നു പോവുകയാണ്. സ്വാതന്ത്ര്യാനന്ത ഭാരതം എന്താകരുതെന്നോ നമ്മൾ ആഗ്രഹിച്ചത്, അത് നമ്മുടെ സമീപത്ത് എത്തിക്കഴിഞ്ഞിരിക്കുന്നു.

5, പഞ്ചവത്സര പദ്ധതികളിലൂടെ നാം നേടിയെടുത്തിരിക്കുന്ന അഭിമാനകരമായ നേട്ടങ്ങൾ ലോക ശ്രദ്ധയിൽ എത്തിയിരിക്കുന്നു. വൈവിധ്യമാർന്നതും ഭാവന സമ്പന്നവും ആയ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി നാം നേടിയിട്ടുണ്ട്.

കേരളത്തിൻറെ സുസ്ഥിരമായ വികസനമാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നത് കേരളത്തിൻറെ സാമ്പത്തിക വികസനത്തിന് ഗതി വേഗത നൽകുക എന്നതാണ് പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളിൽ പ്രധാനം. പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണമായും ഉൾക്കൊള്ളുന്ന വികസനമാണ് നമ്മൾ ലക്ഷ്യമിടുന്നത് അതിനായി നമുക്ക് മുന്നേറാം.

സ്നേഹപൂർവ്വം
ഷിജി ഷാജി

**Part 1.**

# പൊതുസ്ഥിതി

# അദ്ധ്യായം 1
# പൊതുവിവരങ്ങൾ

## ആമുഖം

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിനിവേശത്തിൽ നിന്നും 1947 ആഗസ്ത് 15 ന് രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഭാരതം, ഭാഷാ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട സ്റ്റേറ്റുകളുടെ ഒരു യൂണിയൻ ആണ്. ഐതിഹാസിക സമരങ്ങളിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യം സാർത്ഥകമാകുന്നത് ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയിലൂടെ മാത്രമാണെന്ന് നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാ ഗാന്ധി മനസ്സിലാക്കിയിരുന്നു. എഴുപത്തഞ്ചാമത് സ്വാതന്ത്ര്യ ദിനം, നാം, "സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ"മായി 2022 ആഗസ്ത് 15 ന് ആഘോഷിക്കുവാൻ തയ്യാറെടുക്കുന്ന വേളയിൽ ആണ് നമ്മുടെ പഞ്ചായത്തിന്റെ പതിനാലാമത് പഞ്ചവത്സര പദ്ധതിയോടനുബന്ധിച്ചുള്ള വികസനരേഖ തയ്യാറാക്കുന്നത്.

ആസൂത്രണത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ, 1930 കളിൽ തന്നെ ആസൂത്രിത സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഇന്ത്യയിൽ സജീവ ചർച്ച നടന്നിരുന്നു എന്ന് കാണാം. സ്വാതന്ത്ര്യാനന്തരം, ആസൂത്രിത വികസന കാഴ്ചപ്പാടിന് പ്രാധാന്യം ലഭിക്കുകയും ഇതിന്റെ ഫലമായി 1951 ൽ പ്രഥമ പഞ്ചവത്സര പദ്ധതി ആരംഭിക്കുകയും ചെയ്തു.

1951 ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ, 8 പഞ്ചവത്സര പദ്ധതികളിൽ പ്രാദേശിക തലത്തിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ പഞ്ചായത്തിനും പ്രദേശവാസികൾക്കും യാതൊരു പങ്കും ഇല്ലായിരുന്നു. എന്നാൽ ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ, അഞ്ച് പഞ്ചവത്സര പദ്ധതികൾ വലിയ ജനപങ്കാളിത്തത്തോടെ കേരളത്തിൽ നടപ്പിലാക്കാൻ സാധിച്ചു എന്നത് നമുക്ക് അഭിമാനകരമാണ്.

ഭരണഘടനയുടെ 73 മത് ഭേദഗതിയനുസരിച്ച് കൂട്ടിച്ചേർക്കപ്പെട്ട 11 -ആം ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന 29 വിഷയ മേഖലകൾ ആണ് ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നത്. കൃഷി , മൃഗസംരക്ഷണം, പാലുത്പാദനം, മത്സ്യം, ചെറുകിട ജലസേചനം, നീർത്തട വികസനം, സാമൂഹ്യ വനവൽക്കരണം, ആസ്തി സംരക്ഷണം, തുടങ്ങിയവ ഇവയിൽ ചിലത് മാത്രം.

1996 ആഗസ്ത് 17 ന് കേരളത്തിൽ ആരംഭിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം 25 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. കേരള പഞ്ചായത് രാജ് ആക്ട് (1994) അനുസരിച്ച്, വമ്പിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കപ്പെട്ട വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ നമ്മുടെ

സംസ്ഥാനത്തിന്റെ മാനവ വികസനത്തിൽ വമ്പിച്ച സംഭാവന നൽകിയിട്ടുണ്ട്. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ പരീക്ഷണത്തിന്റെ വിജയം നോബൽ പുരസ്കാര ജേതാവായ ശ്രീ. അമർത്യാസെന്നിനെ പോലുള്ളവർ ലോകശ്രദ്ധയിൽ കൊണ്ടുവരികയും നിരവധി പഠനങ്ങൾക്ക് വിധേയമാവുകയും ചെയ്തിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്. കാലാവസ്ഥ വ്യതിയാനം മൂലം പ്രകൃതി ദുരന്തങ്ങൾ തകർത്ത കേരളത്തിന്, സുസ്ഥിരമായ വികസനം ഉറപ്പാക്കി, സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ വളർച്ച നേടേണ്ടത് അനിവാര്യമായിരിക്കുന്നു.

പരിമിത സൗകര്യങ്ങളോടെ ഒന്നോ രണ്ടോ മുറികളിൽ പ്രവർത്തിച്ചിരുന്ന നമ്മുടെ പഞ്ചായത് ഇന്ന് വിപുലമായ സൗകര്യങ്ങളുള്ള സ്ഥാപനമായി വളർന്നിരിക്കുന്നു.1996 ൽ അധികാരത്തിൽ വന്ന ശ്രീ ഇ.കെ നായനാർ നേതൃത്വം നൽകിയ സർക്കാർ അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണാധികാരവും വിഭവങ്ങളും പഞ്ചായത്തുകൾക്ക് നൽകിയതിലൂടെയാണ് നമുക്ക് ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

## പതിമൂന്നാം പദ്ധതി കാലയളവിലെ വെല്ലുവിളികൾ പ്രതിസന്ധികൾ

ഈ കാലഘട്ടത്തോട്ടിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലതരത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടതായി വന്നു. 2017 ലെ ഓഖി, 2018 ലേയും 2019 ലേയും പ്രളയം 2020,21 വർഷങ്ങളിലെ കോവിഡ് മഹാമാരി. കോവിഡിന്റെ ഭീഷണി ഇപ്പോഴും തുടരുകയാണ്.

ഓഖിയും പ്രളയവും നമ്മുടെ പഞ്ചായത്തിൽ ജീവഹാനിക്ക് കാരണമായില്ല എങ്കിലും കാർഷിക മേഖലക്ക് വലിയ ആഘാതമാണ് ഏൽപ്പിച്ചത്. പലരുടെയും ഉത്പന്നങ്ങൾ വെള്ളത്തിനടിയിൽ ആവുകയും വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമാവുകായും ചെയ്തു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി സമ്പദ് വ്യവസ്ഥയെ മുമ്പെങ്ങുമില്ലാത്ത വിധം ബാധിച്ചു. 2016 ലെ നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കൽ എന്നിവയും സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിച്ച സംഭവങ്ങൾ ആണ്.

## പതിമൂന്നാം പദ്ധതി കാലയളവിലെ നേട്ടങ്ങൾ

കാർഷിക മേഖലക്ക് കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നു. നെൽകൃഷി ചെയ്തിരുന്ന പാടങ്ങൾ ഇന്ന് മറ്റുവിളകൾ കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുകയാണ്. കിഴങ്ങു വർഗ്ഗങ്ങൾ ആണ് പ്രധാനമായും ഇവിടെ ഇപ്പോൾ കൃഷി ചെയ്യുന്നത്. ഏത്തവാഴ കൃഷിയും പാടശേഖരങ്ങളിൽ കാര്യമായി നടക്കുന്നു. നെൽകൃഷി യെ അപേക്ഷിച്ചു കുറവ് മനുഷ്യാദ്ധ്വാനവും കൂടുതൽ

ലാഭവും എന്നതാണ് കർഷകരെ ഇതിലേക്ക് തിരിയുന്നതിന് പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ.

പഞ്ചായത്തിലെ വ്യാവസായിക മേഖല പ്രധാനമായും മാരാധിഷ്ഠിതമായുള്ള പ്ലൈവുഡ് കമ്പനികളാണ്. 22 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 52 കമ്പനികൾ പ്രവർത്തിക്കുന്നു. തദ്ദേശീയർ ജോലി ചെയ്യുന്നു എങ്കിലും, കൂടുതൽ തൊഴിലാളികളും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. കേരളത്തിലെ ഉയർന്ന കൂലിയും സുരക്ഷിതമായ ജീവിത ചുറ്റുപാട്ടുകളുമാണ് അവരെ ഇങ്ങോട്ട് ആകർഷിക്കുന്ന പ്രധാന ഘടകങ്ങൾ.

പതിമൂന്നാം പദ്ധതി കാലഘട്ടത്തിൽ, പദ്ധതി വിഹിതത്തിനു പുറമെ ലഭിച്ച കെ.എൽ.ജി.എസ്ഡി.പി.(KLGSDP) ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നിർമാണപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. കെ.ഫോൺ നമ്മുടെ പഞ്ചായത്തിലും എത്തപ്പെട്ടു. ലൈഫ് മിഷനിൽ വീടുകൾ അനുവദിച്ചു.

അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം ഉയർത്താൻ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ "പൊതു വിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ" നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കി. എന്നാൽ, ഗുണമേന്മ വർദ്ധനവ് ഇനിയും ഉയരേണ്ടത് അനിവാര്യമാണ്.

ആരോഗ്യ രംഗത്ത് ആവശ്യമായ ആരോഗ്യ പ്രവത്തകരും മരുന്നും ലബോറട്ടറി സൗകര്യങ്ങളും ലഭ്യമാക്കി. പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തിയെങ്കിലും സ്ഥലപരിമിതി ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. കോവിഡ് മഹാമാരി സമയത് കോവിഡ് ഫസ്റ്റ് ലൈൻ ട്രീട്മെൻറ് സെന്റർ തുറക്കുകയും ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു. ഇതിനായി പഞ്ചായത്തിലെ പല സ്ഥാപനങ്ങളും, സംഘടനകളും, വ്യക്തികളും കൈയച്ച സഹായങ്ങൾ നൽകുകയുണ്ടായി.

സാമൂഹ്യ ക്ഷേമ പെൻഷൻ 2016 ൽ 600 രൂപ മാത്രമായിരുന്നത് 1600 രൂപയായി വർധിപ്പിച്ചു.

മഹാമാരി ഏല്പിച്ച തടസ്സിലങ്ങള്ക്കിടയിലും ഭാവി കേരളത്തെക്കുറിച്ചും ഒരു നവ കേരളം സൃഷ്ടിക്കുന്നതിനെക്കുറിച്ചും വിപുലമായ കൂടിയാലോചന മുഖ്യമന്ത്രി നേതൃത്വത്തിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ തീരുമാനിക്കുകയും ചെയ്തു.

## പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്ന മേഖലകൾ

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം സാമൂഹ്യ ക്ഷേമം, സാമൂഹ്യ നീതി, ലിംഗ നീതി എന്നീ മേഖലകളിൽ പ്രാധാന്യം നൽകികൊണ്ടുള്ള വികസന കാഴ്ചപ്പാടായിരിക്കും തുടരുക. സംസ്ഥാന സർക്കാരിന്റെ വികസന  കാഴ്ചപ്പാടുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമായിരിക്കും.


ശാസ്ത്രം,സാങ്കേതിക വിദ്യ,അത്യാധുനിക അറിവുകൾ,കഴിവുകൾ എന്നിവ കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലഭ്യമാക്കും.

ആധുനിക സമ്പദ് വ്യവസ്ഥയിലെ ഏറ്റവും മികച്ച തൊഴിൽ അവസരങ്ങൾ നമ്മുടെ യുവജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസം.

അടുത്ത 25 വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം വികസിത ഇടത്തരം വരുമാനമുള്ള രാജ്യത്തെ ജീവിത നിലവാരത്തിലെത്തിക്കുക.

അതിദാരിദ്ര്യം അവസാനിപ്പിക്കുക

മാലിന്യ നിർമാർജ്ജനത്തിന് നൂതനമായ സമ്പ്രദായങ്ങള് സ്ഥാപിക്കുക


ASAMANNOOR GRAMA PANCHAYAT
ADMINISTRATIVE BOUNDARIES
1:30,000
N
VENGOOR
KOTTAPPADY
RAYAMANGALAM
NELLIKKUZHI
PAIPRA
1
2
3
4
5
6
7
8
9
10
11
12
13
14
1. Cherukunnam
2. Punnayam
3. Asamannoor
4. Payyal
5. Panichayam
6. Nooleli - North
7. Nooleli - South
8. Ekkunnam
9.Methala North
10.Methala South
11. Kallil
12.Thalapuncha
13.Poomala
14.Odakkali

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അശമന്നൂർ |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലജ് | : | അശമന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കൂവപ്പടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | മേതല, അശമന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | രായമംഗലം |
| അസംബ്ളി മണ്ഡലം | : | പെരുമ്പാവൂർ |
| പാറലമെന്റ് മണ്ഡലം | : | ചാലക്കുടി |
| പഞ്ചായത്തിന്റെ വിസ്തീർണം | : | 21.57 ച.കി.മീ. |
| വീടുകളുടെ എണ്ണം | : | 4714 |
| ആകെ ജനസംഖ്യ | : | 19311 |
| ആകെ ജനസംഖ്യ-ആൺ | : | 9574 |
| ആകെ ജനസംഖ്യ-പെൺ | : | 9737 |
| 0-6 കുട്ടികളുടെ എണ്ണം | : | 1806 |
| 0-6 ആൺകുട്ടികളുടെ എണ്ണം | : | 889 |
| 0-6 പെൺകുട്ടികളുടെ എണ്ണം | : | 917 |
| ആകെ എസ്. സി ജനസംഖ്യ | : | 1869 |
| എസ്. സി ജനസംഖ്യ -ആൺ | : | 905 |
| എസ്. സി ജനസംഖ്യ -പെൺ | : | 964 |
| സാക്ഷരർ | : | 16332 |

ലോകസഭാ പ്രതിനിധി: ശ്രീ. ബെന്നി ബഹന്നാൻ

നിയമസഭാ പ്രതിനിധി : ശ്രീ. എൽദോസ് കുന്നപ്പിള്ളി

ജില്ലാ പഞ്ചായത്ത് അംഗം : ശ്രീമതി ഷൈമി വർഗീസ്

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

1. മേതല ഡിവിഷൻ : ശ്രീ. എൻ.എം. സലിം
2. അശമന്നൂർ ഡിവിഷൻ: ശ്രീമതി. ലതാഞ്ജലി മുരുകൻ

## തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ

| വാർഡ് നമ്പർ | വാർഡിൻറെ പേര് | മെമ്പർമാർ | സ്ഥാനം | പാർട്ടി | സംവരണം |
|---|---|---|---|---|---|
| 1 | ചെറുകുന്നം | ഷിജി ഷാജി | പ്രസിഡന്റ് | സി.പി.ഐ (എം) | വനിത |
| 2 | പുന്നയം | പ്രതീഷ് എൻ വി | മെമ്പർ | സി.പി.ഐ (എം) | എസ് സി |
| 3 | അശമന്നൂർ | അഡ്വ. ചിത്ര ചന്ദ്രൻ | മെമ്പർ | ഐ.എൻ.സി | വനിത |
| 4 | പയ്യാൽ | ലത രാമചന്ദ്രൻ | മെമ്പർ | സി.പി.ഐ (എം) | വനിത |
| 5 | പനിച്ചയം | സുബി ഷാജി | മെമ്പർ | സി.പി.ഐ (എം) | വനിത |
| 6 | നൂലേലി വടക്ക് | സുബൈദ പരീത് | മെമ്പർ | ഐ.എൻ.സി | വനിത |
| 7 | നൂലേലി തെക്ക് | ഗീത രാജീവ് | മെമ്പർ | സി.പി.ഐ (എം) | വനിത |
| 8 | ഏക്കുന്നം | അജാസ് യൂസഫ് | മെമ്പർ | സി.പി.ഐ (എം) | ജനറൽ |
| 9 | മേതല വടക്ക് | പി.കെ ജമാൽ | മെമ്പർ | ഐ.എൻ.സി | ജനറൽ |
| 10 | മേതല തെക്ക് | കെ കെ മോഹനൻ | മെമ്പർ | സി.പി.ഐ (എം) | ജനറൽ |
| 11 | കല്ലിൽ | ജിജു ജോസഫ് | മെമ്പർ | ഐ.എൻ.സി | ജനറൽ |
| 12 | തലപ്പുഞ്ഞ | രഘുകുമാർ പരമേശ്വരൻ കർത്ത | മെമ്പർ | ഐ.എൻ.സി | ജനറൽ |
| 13 | പൂമല | ജോബി ഐസക്ക് | വൈസ് പ്രസിഡന്റ് | സ്വതന്ത്രൻ | ജനറൽ |
| 14 | ഓടയ്ക്കാലി | സരിത ഉണ്ണികൃഷ്ണൻ | മെമ്പർ | സി.പി.ഐ (എം) | വനിത |

## സ്റ്റാന്റിംഗ് കമ്മിറ്റികളും അംഗങ്ങളും

| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി | | |
|---|---|---|
| 1 | ജോബി ഐസക്ക് | ചെയർമാൻ |
| 2 | ജിജു ജോസഫ് | മെമ്പർ |
| 3 | രഘുകുമാർ പരമേശ്വരൻ  കർത്ത | മെമ്പർ |
| 4 | സരിത ഉണ്ണികൃഷ്ണൻ | മെമ്പർ |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി | | |
| 1 | ലത രാമചന്ദ്രൻ | ചെയർമാൻ |
| 2 | അഡ്വ. ചിത്ര  ചന്ദ്രൻ | മെമ്പർ |
| 3 | കെ കെ  മോഹനൻ | മെമ്പർ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിററി | | |
| 1 | അജാസ് യൂസഫ് | ചെയർമാൻ |
| 2 | സുബി ഷാജി | മെമ്പർ |
| 3 | സുബൈദ പരീത് | മെമ്പർ |
| ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി | | |
| 1 | ഗീത രാജീവ് | ചെയർമാൻ |
| 2 | പ്രതീഷ് എൻ  വി | മെമ്പർ |
| 3 | പി.കെ ജമാൽ | മെമ്പർ |

## ഘടക സ്ഥാപനങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രം
2 കൃഷി ഭവൻ
3 ആയുർവേദ ആശുപത്രി
4 ഹോമിയോ ഡിസ്പെൻസറി
5 മൃഗാശുപത്രി
6 വി.ഇ.ഒ  ഓഫീസ്
7 ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, അശമന്നൂർ
8. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്
9. ഐ.സി.ഡി .എസ്  ഓഫീസ്

## അങ്കണവാടികൾ

| ക്രമ നമ്പർ | നമ്പർ | അംഗൻവാടിയുടെ പേര് | ക്രമ നമ്പർ | നമ്പർ | അംഗൻവാടിയുടെ പേര് |
|---|---|---|---|---|---|
| 1 | 95 | ചെറുകുന്നം | 11 | 105 | ത്രിവേണി |
| 2 | 96 | വടക്കേ പുന്നയം | 12 | 106 | കല്ലിൽ |
| 3 | 97 | അശമന്നൂർ | 13 | 107 | പൂമല |
| 4 | 98 | പയ്യാൽ | 14 | 108 | ചാലിപ്പാറ |
| 5 | 99 | പനിച്ചയം | 15 | 140 | ചക്കൻചിറ |
| 6 | 100 | നൂലേലി പള്ളിപ്പടി | 16 | 141 | നൂലേലി അമ്പലപ്പടി |
| 7 | 101 | ഏിക്കുന്നം | 17 | 142 | പയ്യാൽ കവല |
| 8 | 102 | വണ്ടമറ്റം | 18 | 165 | പുളിയാമ്പിള്ളിമോളം |
| 9 | 103 | തെക്കേപുന്നയം | 19 | 174 | കോട്ടച്ചിറ |
| 10 | 104 | ഓടക്കാലി | | | |

## അശമന്നൂർ പഞ്ചായത്ത് സ്ഥാപനങ്ങൾ

1. ഗ്രാമ പഞ്ചായത്ത് ഓഫീസ്
2. കുടുംബശ്രീ സി.ഡി.എസ് ഓഫിസ്
3. ബഡ്സ് സ്കൂൾ
4. ജാഗ്രത സമിതി ഓഫീസ്
5. തുടർ സാക്ഷരതാ ഓഫീസ്
6. ഗ്രാമപഞ്ചായത്ത് ലൈബ്രറി
7. വനിത തൊഴിൽ പരിശീലന കേന്ദ്രം, തൽപ്പുഞ്ച
8. വനിതാ വിശ്രമ കേന്ദ്രം, ചെറുകുന്നം
9. പട്ടിക ജാതി തൊഴിൽ പരിശീലന കേന്ദ്രം, ഓടക്കാലി

| സ്റ്റാന്റിംഗ് കമ്മിറ്റി | വർക്കിംഗ് ഗ്രൂപ്പ് പേര് | ചെയർപേഴ്സൺ | കൺവീനർ | വൈസ് ചെയർ പേഴ്സൺ |
|---|---|---|---|---|
| 1.ധനകാര്യം | 1.പൊതുഭരണം ധനകാര്യം ഭരണം മെച്ചപ്പെടുത്തൽ | കെ.കെമോഹനൻ | രശ്മി എസ്, സെക്രട്ടറി | എ.എൻ. രാജീവ് |
| 2.വികസനം: | 1.കൃഷി അനുബന്ധ മേഖല, തൊഴിലുറപ്പ് പദ്ധതി മണ്ണ് ജല സംരക്ഷണം മുതലായവ , | സരിത ഉണ്ണികൃഷ്ണൻ | സൌമ്യ സണ്ണി, കൃഷി ഓഫിസർ | കെ. കെ.സുബ്രമണ്യൻ |
| | 2.മൃഗസംരക്ഷണവും ക്ഷീര വികസനവും | പി. കെ. ജമാൽ | ഡോ. ആശാലത. ഇ. എസ് | എം. പി. നാരായണൻ |

| | | | | |
|---|---|---|---|---|
| | 3.പ്രാദേശിക സാമ്പത്തിക വികസനം ((ചെറുകിട വ്യവസായം, കുടുംബശ്രീ, സൂക്ഷ്മ സംരംഭങ്ങൾ) സഹകരണം മുതലായവ) | അഡ്വ. ചിത്ര ചന്ദ്രൻ | ഡേവിഡ്. കെ. എ., VEO | പി. എ. കാസിം |
| | 4.പൊതുമരാമത്ത് (വൈദ്യുതിയും ഊർജവും ഉൾപ്പെടെ) | ലത രാമചന്ദ്രൻ | ശ്രീപ്രിയ. സി, AE, LSGD | സജീഷ്. ഇ. എൻ |
| | 5.ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | രഘുകുമാർപ രമേശ്വരൻ കർത്ത | രശ്മി എസ്, സെക്രട്ടറി | എം. എൻവേണുഗോപാൽ നായർ |
| ക്ഷേമം | ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പടെ) | ജിജു ജോസഫ്, | ഡേവിഡ്. കെ. എ., VEO | കെ. കെ. സുരേഷ് |
| | സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ വയോജനങ്ങൾ കുട്ടികൾ, ട്രാൻസ് ജെൻഡേർസ് മുതലായവ) | അജാസ് യൂസഫ് | രജിത, ഐ. സി. ഡി. എസ്സൂപ്പർവൈസർ | ബിന്ദു ബെസ്സി |
| | പട്ടികജാതി വികസനം/പട്ടിക വർഗ്ഗ വികസനം | എൻ. വി. പ്രതീഷ് | പ്രേമ. ബി. മേനോൻ, അസിസ്റ്റന്റ്സെക്രട്ടറി | കെ. കെ. രാജു |
| | വനിതാ വികസനം സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | സുബൈദ പരീത് | രജിത, ഐ. സി. ഡി. എസ്സൂപ്പർവൈസർ | സരോജിനി. കെ. കെ |
| ആരോഗ്യം-**വിദ്യാഭ്യാസ** | ആരോഗ്യം | സുബി ഷാജി | Dr. ബിജു, MO | കൃഷ്ണൻകുട്ടി റ്റി.കെ |
| | കുടിവെള്ളം, ശുചിത്വം | അജാസ് യൂസഫ് | ശ്രീപ്രിയ. സി, AE, LSGD | യൂനസ് എ. എം |
| | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | ഗീത രാജീവ് | ശ്രീ. ബിന്നി, HM , യു.പി.എസ.അശമന്നൂർ | അനിത ജയൻ |

| ആസൂത്രണ സമിതി | | | |
|---|---|---|---|
| **SL NO** | **NAME** | **ADDRESS** | **DESIGNATION** |
| 1 | ഷിജിഷാജി | പാറക്കാടൻവീട്, അശമന്നൂർ പി.ഒ | അദ്ധ്യക്ഷൻ |
| 2 | ജയൻകെ. എം | കോലക്കാട്ട്, നെടുങ്ങപ്ര | ഉപാദ്ധ്യക്ഷൻ |
| 3 | രശ്മി എസ് | സെക്രട്ടറി | കൺവീനർ |
| 4 | ജോബിഐസക് | മേനോത്തുമാലിവീട്, അശമന്നൂർ പി.ഒ, | വൈസ്പ്രസിഡന്റ്&ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 5 | ലതരാമചന്ദ്രൻ | മാടശ്ശേരിക്കുടിവീട്, നെടുങ്ങപ്ര പി.ഒ, | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 6 | അജാസ്യൂസഫ് | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ചിറ്റേത്തുകൂടിവീട്, അശമന്നൂർ പി.ഒ, |
| 7 | ഗീതരാജീവ് | ആരോഗ്യവിദ്യാഭാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ | ആറുകണ്ടത്തിൽവീട്, അശമന്നൂർ പി.ഒ |
| 8 | എം.കെ കൃഷ്ണൻ നമ്പൂതിരി | മഠംഇല്ലം, അശമന്നൂർ പി. ഒ | മെമ്പർ |
| 9 | സുജീഷ്എ. കെ | അടുക്കത്ത്പുത്തൻപുര, മേതല പി. ഒ | മെമ്പർ |
| 10 | ബെന്നിജോൺ | കാവളക്കൽ, ചെറുകുന്നം | മെമ്പർ |
| 11 | ജയ | ചെറുപറമ്പിൽ | മെമ്പർ |
| 12 | പി.എസ് രാജൻ | പുളിക്കൽ | മെമ്പർ |
| 13 | ശ്രീ. സുജു ജോണി | | മെമ്പർ |

# അദ്ധ്യായം 2

# ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

## ഭൂ പ്രകൃതി

നമ്മുടെ പഞ്ചായത്തിന്റെ വടക്ക് അതിർത്തിയായ പയ്യാലിൻ (ഓടക്കാലി കവലയിൽ) നിന്നും ഏകദേശം 10 കിലോമീറ്റർ വടക്കു മാറിയാണ് പെരിയാർ ഒഴുകുന്നത്. അതുപോലെ പഞ്ചായത്തിന്റെ തെക്കുഭാഗത്തുനിന്നും ഏകദേശം 8 കിലോമീറ്റർ തെക്കു മാറി മൂവാറ്റുപുഴയാറും ഒഴുകുന്നു പഞ്ചായത്തിൻറെ കൂടുതൽ പ്രദേശങ്ങളിൽ നിന്നുള്ള ജലം പെരിയാറിലേക്കാണ് ഒഴുകിയെത്തുന്നത് ജലം മൂവാറ്റുപുഴയാറിലേക്കും അതായത് നമ്മുടെ പഞ്ചായത്ത് രണ്ടു നീർത്തടങ്ങളിലായി സ്ഥിതിചെയ്യുന്ന ഭൂവിഭാഗമാണ് വിഭാഗമാണ്.

ഭൂപ്രകൃതിയനുസരിച്ച് ഇടനാട് എന്ന വിഭാഗത്തിൽപ്പെടുന്ന പഞ്ചായത്തിൽ മുൻ വികസന രേഖ പ്രകാരം 15 പരം കുന്നിൻ പ്രദേശങ്ങൾ ഉള്ളതായി പറയുന്നു. ഇതിൻറെ താഴ്വാരങ്ങൾ നെയിൽ കൃഷിക്ക് ഉപയോഗിച്ചിരുന്ന പാഠങ്ങൾ ആയിരുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം പാഠങ്ങളിലും 1980 കൾക്ക് മുമ്പ് മൂന്ന് നെൽകൃഷി ചെയ്തിരുന്നു. എന്നാൽ അതിനുശേഷം പല കാരണങ്ങളാൽ നെൽകൃഷി കുറഞ്ഞു വരികയും പാടങ്ങളിൽ മറ്റ് കര കൃഷിക്ക് ഉപയുക്തമാക്കി മാറ്റുകയും ചെയ്തു. നിലവിൽ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ ഉപയോഗത്തിൽ വലിയ മാറ്റം വരുത്തിയതായി കാണാൻ സാധിക്കും. കേരളത്തിൽ പൊതുവേ കാണാൻ സാധിക്കുന്നത് ഈ രീതി തന്നെയാണ്. നെൽകൃഷി നടത്തിയിരുന്ന പ്രദേശങ്ങൾ യഥാർത്ഥത്തിൽ പരിസ്ഥിതി സന്തുലനത്തിനും സംരക്ഷണത്തിലും നിർണായ പങ്കുവഹിച്ചിരുന്നു. നെൽകൃഷി കുറഞ്ഞതോടെ പാടശേഖരങ്ങൾക്ക് സമീപമുള്ള വീടുകളിലെ കിണറുകളിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞതായി കാണാൻ സാധിക്കുന്നു. നെൽകൃഷി ഇടങ്ങൾ കരഭൂമിയായി മാറ്റുന്നത് തടയുന്നതിനായി കൺസർവേഷൻ ഓഫ് പാടി ആൻഡ് വെറ്റ്ലാൻഡ് പാസാക്കിയെങ്കിലും ഉയർന്ന ഉൽപാദനവും തൊഴിലാളികളുടെ ലഭ്യത കുറവും മൂലം നെൽകൃഷി ഇടങ്ങളുടെ പഴയ സ്വഭാവത്തിലേക്ക് കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല.

മലകളും മലഞ്ചെരുവുകളും ഒരുകാലത്ത് തദ്ദേശീയമായ വിവിധയിനം ചെടി വിഭാഗങ്ങളുടെ ആവാസ കേന്ദ്രമായിരുന്നു. എന്നാൽ ഇഞ്ചിപുത്തെലത്തിന്റെ ഉയർന്ന വില ഈ ചെടികളെ നശിപ്പിച്ച് ഇഞ്ചിപ്പു ചെടി നട്ടുവളർത്തുന്നതിലേക്ക്, ക്രമേണ റബർകൃഷിയിലേക്ക് നയിച്ചു. യഥേഷ്ടം തെങ്ങുകൾ വളർന്നിരുന്ന പറമ്പുകൾ പോലും റബ്ബർ കൃഷിയിലേക്ക് മാറിയത് തേങ്ങയുടെ ലഭ്യത കുറവിലേക്ക് നയിച്ചു. കേര തിങ്ങിയിരുന്ന കേരളം ഇന്ന് തേങ്ങയ്ക്കായി തമിഴ്നാടിനെയും കർണാടകയും ആശ്രയിക്കുന്ന നിലയിലേക്ക് മാറിയിരിക്കുന്നു

പഞ്ചായത്തിൽ ധാരാളം ചെറുനീർച്ചാലുകൾ മൺസൂൺ കാലഘട്ടത്തിൽ കുന്നുകളിൽ നിന്ന് ഉത്ഭവിക്കുകയും മഴ മാറുന്നതോടെ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ കൂടുതൽ കാലം തെളിനീർ ഒഴുകിയിരുന്ന ഈ നീർച്ചാലുകളിൽ വിവിധ ഇനങ്ങളിൽ ഉള്ള മത്സ്യങ്ങൾ വരെ ഉണ്ടായിരുന്നു. പാറകൾക്കായി ഖനനം നടത്തുകയോ, മണ്ണെടുക്കുകയോ ചെയ്ത നിരപ്പാക്കപ്പെട്ടു. ഇതോടെ മഴവെള്ളം കുന്നുകളിൽ സംഭരിക്കപ്പെടാതെ പോകുന്നു. ഇത് ഭൂഗർഭജലവിതാനം താഴുന്നതിനും വേനലിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്നതിനും കാരണമാകുന്നു.

പഞ്ചായത്തിൻറെ തെക്കുഭാഗത്ത് കൂടി പോകുന്ന ഹൈലവൽ കനാൽ വടക്കുഭാഗത്ത് കൂടി പോകുന്ന ലോലവക്കനാൽ എന്നിവ പെരിയാർവാലി പ്രൊജക്റ്റ് ഭാഗമാണ്. ഈ കനാലുകളിലൂടെയുള്ള ജലം താരതമ്യേന കുറവായിട്ടാണ് ഇപ്പോൾ കൃഷിക്ക് ഉപയോഗിക്കുന്നത്.

പരിസ്ഥിതിക്ക് ദോഷകരമായി ബാധിക്കുന്ന മറ്റൊന്നാണ് കുന്നിൻ പുറങ്ങളിൽ സ്ഥിതി ചെയ്യുന്ന മര അധിഷ്ഠിത വ്യവസായമായ പ്ലൈവുഡ് ഫാക്ടറികൾ. ഈ ഫാക്ടറികൾ കുന്നിൻറെ മുകളിൽ സ്ഥിതി ചെയ്യുന്നത് മൂലം, പല രാസ മാലിന്യങ്ങളും താഴെ ഭാഗത്തേക്ക് ചെറുനീർച്ചാലുകളിലൂടെ ഒഴുകി വരുന്നു. കൂടാതെ ഈ രാസമാലിന്യങ്ങൾ ഭൂഗർഭജലത്തിൽ കലരുന്നതിനും അതുമൂലം കുടിവെള്ളം മലിനമാകുന്നതിനും സാധ്യതയുണ്ട്. ആയതിനാൽ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പഞ്ചായത്തിൽ അവശേഷിക്കുന്ന തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും വരും തലമുറയ്ക്കായി കാത്തു വയ്ക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി പ്രത്യക്ഷപ്പെടുന്ന ആഫ്രിക്കൻ ഒച്ചുകൾ കൃഷിക്ക് വളരെ വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഒരു ശങ്കിനോളം വളരുന്ന ഇവ ഒരുതവണ ആയിരത്തോളം മുട്ടയിടുന്നു എന്നു പറയപ്പെടുന്നു. ചെടികളുടെ പച്ചിലകൾ തിന്നു നശിപ്പിക്കുന്നത് മൂലം കൃഷിക്ക് വലിയ ഭീഷണിയായിട്ടുണ്ട് ഇവ. നിലവിൽ ഉപ്പുലായനി തെളിയിച്ചാണ് ജനങ്ങൾ ഇതിനെ നശിപ്പിക്കുന്നത് ഭാവിയിൽ ഒരു വലിയ പരിസ്ഥിതിയെ ഭീഷണിയായി മാറാവുന്നതാണ് ആഫ്രിക്കയുടെ ഒച്ചിന്റെ അധിനിവേശം.

കേരളത്തിലെ തൊഴിലാളികളുടെ കൂടിയ കൂലിയും തൊഴിലാളി ക്ഷാമവും, മറ്റു ഇന്ത്യൻ സ്റ്റേറ്റുകളിൽ നിന്നും തൊഴിലാളികളെ പഞ്ചായത്തിലേക്ക് ആകർഷിക്കുന്നതിന് കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എല്ലാ പ്ലൈവുഡ് കമ്പനികളിലും മറ്റു കമ്പനികളിലും പ്രധാനമായും മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികളാണ് കൂടുതൽ ജോലി ചെയ്യുന്നത്. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ള ഇവരുടെ മാലിന്യ സംസ്കരണത്തിലെ അജ്ഞത പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകും. വൃത്തിഹീനമായ ചുറ്റുപാടികളിൽ ആണ് ഇവർ പലരും താമസിക്കുന്നത്

ലോക കാലാവസ്ഥ സംഘടനയുടെ ( World Meteorological Organization ) വിലയിരുത്തൽ പ്രകാരം, 2015 -19 കാലഘട്ടത്തിൽ ലോകത് ഉണ്ടായിട്ടുള്ള ഏറ്റവും വലിയ വെള്ളപ്പൊക്കങ്ങളിൽ ഒന്നാണ് നമ്മുടെ സംസ്ഥാനത്ത് 2018 ൽ ഉണ്ടായത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായി പെയ്ത മഴ കേരളത്തെ മുഴുവനായി തന്നെ വെള്ളത്തിനടിയിലാക്കി. 433 മരണങ്ങളും 33000 കോടി രൂപയുടെ നഷ്ടങ്ങളും ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

# അദ്ധ്യായം 3

# ജനസംഖ്യ

2011ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയും കുടുംബങ്ങളുടെയും എണ്ണമാണ് താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്നത്.

| | |
|---|---|
| Number of Households | 4714 |
| Total Population (Persons) | 19311 |
| Total Population (Males) | 9574 |
| Total Population (Females) | 9737 |
| Population in age gourp 0-6 years (Persons) | 1806 |
| Population in age gourp 0-6 years (Males) | 889 |
| Population in age gourp 0-6 years (Females) | 917 |
| Scheduled Caste Population (Persons) | 1869 |
| Scheduled Caste Population (Males) | 905 |
| Scheduled Caste Population (Females) | 964 |
| Scheduled Tribe Population (Persons) | 21 |
| Scheduled Tribe Population (Males) | 14 |
| Scheduled Tribe Population (Females) | 7 |
| Literates (Persons) | 16332 |
| Literates (Males) | 8322 |
| Literates (Females) | 8010 |
| Illiterates (Persons) | 2979 |
| Illiterates (Males) | 1252 |
| Illiterates (Females) | 1727 |
| Total Workers (Persons) | 7568 |
| Total Workers (Males) | 5467 |
| Total Workers (Females) | 2101 |
| Main Workers (Persons) | 6171 |
| Main Workers (Males) | 4738 |
| Main Workers (Females) | 1433 |
| Main Workers - Cultivators (Persons) | 660 |
| Main Workers - Cultivators (Males) | 555 |

| | |
|---|---|
| Main Workers - Cultivators  (Females) | 105 |
| Main Workers - Agricultural Labourers  (Persons) | 884 |
| Main Workers - Agricultural Labourers (Males) | 551 |
| Main Workers - Agricultural Labourers (Females) | 333 |
| Main Workers - Workers in Household Industries (Persons) | 110 |
| Main Workers - Workers in Household Industries (Males) | 81 |
| Main Workers - Workers in Household Industries (Females) | 29 |
| Main Workers - Other Workers (Persons) | 4517 |
| Main Workers - Other Workers (Males) | 3551 |
| Main Workers - Other Workers (Females) | 966 |
| Marginal Workers (Persons) | 1397 |
| Marginal Workers (Males) | 729 |
| Marginal Workers (Females) | 668 |
| Marginal Workers - Cultivators (Persons) | 122 |
| Marginal Workers - Cultivators  (Males) | 75 |
| Marginal Workers - Cultivators  (Females) | 47 |
| Marginal Workers - Agricultural Labourers  (Persons) | 396 |
| Marginal Workers - Agricultural Labourers (Males) | 224 |
| Marginal Workers - Agricultural Labourers (Females) | 172 |
| Marginal Workers - Workers in Household Industries (Persons) | 55 |
| Marginal Workers - Workers in Household Industries (Males) | 34 |
| Marginal Workers - Workers in Household Industries (Females) | 21 |
| Marginal Workers - Other Workers (Persons) | 824 |
| Marginal Workers - Other Workers (Males) | 396 |
| Marginal Workers - Other Workers (Females) | 428 |
| Marginal Workers (Persons) - Those worked for 3 months or more and less than 6 months | 978 |
| Marginal Workers (Males) - Those worked for 3 months or more and less than 6 months | 534 |
| Marginal Workers (Females) - Those worked for 3 months or more and less than 6 months | 444 |

| | |
|---|---|
| Marginal Workers - Cultivators (Persons) - Those worked for 3 months or more and less than 6 months | 94 |
| Marginal Workers - Cultivators (Males) - Those worked for 3 months or more and less than 6 months | 61 |
| Marginal Workers - Cultivators (Females) - Those worked for 3 months or more and less than 6 months | 33 |
| Marginal Workers - Agricultural Labourers (Persons) - Those worked for 3 months or more and less than 6 months | 249 |
| Marginal Workers - Agricultural Labourers (Males) - Those worked for 3 months or more and less than 6 months | 137 |
| Marginal Workers - Agricultural Labourers (Females) - Those worked for 3 months or more and less than 6 months | 112 |
| Marginal Workers - Workers in Household Industries (Persons) - Those worked for 3 months or more and less than 6 months | 47 |
| Marginal Workers - Workers in Household Industries (Males) - Those worked for 3 months or more and less than 6 months | 28 |
| Marginal Workers - Workers in Household Industries (Females) - Those worked for 3 months or more and less than 6 months | 19 |
| Marginal Workers - Other Workers (Persons) - Those worked for 3 months or more and less than 6 months | 588 |
| Marginal Workers - Other Workers (Males) - Those worked for 3 months or more and less than 6 months | 308 |
| Marginal Workers - Other Workers (Females) - Those worked for 3 months or more and less than 6 months | 280 |
| Marginal Workers (Persons) - Those worked for less than 3 months | 419 |
| Marginal Workers (Males) - Those worked for less than 3 months | 195 |
| Marginal Workers (Females) - Those worked for less than 3 months | 224 |
| Marginal Workers - Cultivators (Persons) - Those worked for less than 3 months | 28 |
| Marginal Workers - Cultivators (Males) - Those worked for less than 3 months | 14 |
| Marginal Workers - Cultivators (Females) - Those worked for less than 3 months e | 14 |

| | |
|---|---|
| Marginal Workers - Agricultural Labourers (Persons) - Those worked for less than 3 months | 147 |
| Marginal Workers - Agricultural Labourers (Males) - Those worked for less than 3 months | 87 |
| Marginal Workers - Agricultural Labourers (Females) - Those worked for less than 3 months | 60 |
| Marginal Workers - Workers in Household Industries (Persons) - Those worked for less than 3 months | 8 |
| Marginal Workers - Workers in Household Industries (Males) - Those worked for less than 3 months | 6 |
| Marginal Workers - Workers in Household Industries (Females) - Those worked for less than 3 months | 2 |
| Marginal Workers - Other Workers (Persons) - Those worked for less than 3 months | 236 |
| Marginal Workers - Other Workers (Males) - Those worked for less than 3 months | 88 |
| Marginal Workers - Other Workers (Females) - Those worked for less than 3 months | 148 |
| Non-Workers (Persons) | 11743 |
| Non-Workers (Males) | 4107 |
| Non-Workers (Females) | 7636 |

# അദ്ധ്യായം 4
# സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

1956 നവംബർ ഒന്നിന് കേരളം രൂപീകൃതമാകുന്നതിന് മുമ്പ് തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു നമ്മുടെ പഞ്ചായത്ത്. എ ഡി 1100 ൽ വെമ്പൊലി നാട്, വടക്കുംകൂർ, തെക്കുംകൂർ എന്ന് രണ്ടായി പിരിഞ്ഞു. അതിൽ നമ്മുടെ പഞ്ചായത്ത് വടക്കുംകൂറിൽ ആവുകയും, തിരുവിതാംകൂറിൽ ലയിച്ചപ്പോൾ നമ്മൾ തിരുവിതാംകൂറിന്റെ ഭാഗമാവുകയും ചെയ്തു. പിന്നീട് തിരുകൊച്ചിയുടെയും അവസാനം കേരളത്തിന്റെയും ഭാഗമായി. തലപ്പുഞ്ച, പൂമല, ചെറുകുന്ന്, പുന്നയം, അശമന്നൂർ, പയ്യാൽ, പനിചയം, നൂലേലി, ഒടയ്ക്കാലി, എന്നീ പ്രദേശങ്ങൾ അശമന്നൂർ പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളാണ്. ചരിത്രപരമായി, കല്ലിൽ ക്ഷേത്രവും അശമന്നൂർ ആമ്പാറ മോളം ഭാഗത്തുള്ള, കഴുവേറ്റുമോളവും ചരിത്ര പരമായി വളരെ പ്രാധാന്യമുള്ള പ്രദേശങ്ങൾ ആണ്. പ്രമുഖ ചരിത്ര കാരനായിട്ടുള്ള, പ്രൊഫസർ എ ശ്രീധരമേനോന്റെ കേരള ചരിത്രത്തിൽ പരാമർശിച്ചിട്ടുള്ള കല്ലിൽ ക്ഷേത്രം, പ്രാചീനകാലത്തെ ഒരു പ്രമുഖ ജൈനമത ക്ഷേത്രം ആയിരുന്നു പാറക്കെട്ടുകൾ തുരന്ന് ഉണ്ടാക്കിയ ഈ ക്ഷേത്രം ഇന്ന് വളരെയേറെ വിനോദസഞ്ചാരികൾ സന്ദർശിക്കുന്ന ഒരിടമാണ്.

ശങ്കരാചാര്യരുടെ നേതൃത്വത്തിൽ ഹിന്ദുമതം തിരിച്ചുവരവിന് ശക്തമായി ശ്രമിക്കുകയും, അതിൻറെ ഭാഗമായി ജൈനമത ക്ഷേത്രം ആയിരുന്ന കല്ലിൽ ക്ഷേത്രം ഹിന്ദുക്കളിൽ എത്തപ്പെടുകയും ചെയ്തു. ഇവിടെ ഇപ്പോൾ ഹൈന്ദവ രീതിയിലുള്ള പൂജാകർമ്മങ്ങൾ ആണ് നടന്നുവരുന്നത്. പത്മാവതി ദേവി-പാർവതി ദേവി, മഹാവീര ജൈനൻ - ശിവൻ - പാർശ്വനാഥൻ - ബ്രഹ്മാവ് എന്നിങ്ങനെയാണ് മൂർത്തികൾ. ഈ കുന്നിൻ മുകളിൽ എല്ലാകാലവും തെളിനീർ ലഭിക്കുന്ന ഒരു കിണറും കാണാവുന്നതാണ്.

പഞ്ചായത്തിന്റെ ഏറ്റവും ഉയരം കൂടിയ സ്ഥലമായ കൊടികുത്തിയാനിമല, സ്വാതന്ത്ര്യത്തിനു മുമ്പ് ഇംഗ്ലീഷുകാർ സർവ്വേ നടത്തുവാൻ വേണ്ടി അടയാളമായി കൊടികുത്തിയ സ്ഥലമാണ്. പിന്നീട് ഇത് കൊടികുത്തിയാനി മല എന്ന് അറിയപ്പെട്ടു. കല്ലിൽ ക്ഷേത്രത്തിന് സമീപമുള്ള അംബേദ്കർ മലയിലെ പ്രാചീന മുനിയറയും, കല്ലിൽ ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത് പാടത്തു കാണുന്ന ആനക്കല്ലും, നമ്മുടെ പഞ്ചായത്തിൽ പ്രാചീനകാലത്ത് വളരെ സജീവമായ ചരിത്ര സാക്ഷ്യം വഹിച്ചിരുന്നു എന്നതിൻറെ തെളിവുകളാണ്.

അടുത്ത സ്ഥലം പ്രധാനപ്പെട്ട സ്ഥലം ഓടക്കാലി, ഓടക്കൽ അലി എന്ന മുസ്ലിമിൻറെ പേരിനോട് ബന്ധപ്പെടുത്തിയാണ് ഇന്നത്തെ ഓടക്കാലി എന്ന നാമം ഉണ്ടായത്. ഒരുകാലത്ത് ഒരുതരം കാട്ടു പുല്ല് (ഇഞ്ചിപ്പുല്ല്) അതായത് ലെമൺ ഗ്രാസ് നിറഞ്ഞുനിന്ന സ്ഥലത്ത് ആണ് പിന്നീട് ഇന്ത്യയിലെ ആദ്യത്തെ ലെമൺ ഗ്രാസ് ഗവേഷണ കേന്ദ്രം

സ്ഥാപിതമായത്. ഇപ്പോൾ ഇത് കേരള കാർഷിക സർവകലാശാലയുടെ കീഴിൽ Aromatic & Medicinal Plant Research Station (AMPRS) ആണ്.

അശമന്നൂർ എന്ന് പേര് വരുവാൻ കാരണാമായി പറയപ്പെടുന്ന മറ്റു ചില സിദ്ധാന്തങ്ങളും നാട്ടുകാർ മുന്നോട്ടു വക്കപ്പെടുന്നു. ബുദ്ധ ജൈന മതങ്ങൾ ഇവിടെ എത്തിയതോടെ, അവർ ഈ പ്രദേശത്തിന് അശോകമന്നൻറെ ഊരു എന്ന പേര് നൽകുകയും കാലക്രമേണ അത് ലോപിച് അശമന്നൂർ ആവുകയും ചെയ്തു.

മറ്റൊരു സിദ്ധാന്തം, പാറകൾ കൂടുതൽ ഉള്ള പ്രദേശം ആയതിനാൽ, ഇവിടം അശ്മനം .ഊരു എന്ന് വിളിക്കുകയും ക്രമേണ അശമന്നൂർ ആവുകയും ചെയ്തു.

## സാമൂഹ്യ ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യസമര പങ്കാളിത്തത്തിൽ അറിയപ്പെടുന്ന അനേകം പ്രമുഖർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ശ്രീ റ്റി.എം ഐസക്, ശ്രീ. രാമൻപിള്ള പുന്നയത്ത്, ശ്രീ ആർ നീലകണ്ഠൻ നായർ, (ഇലഞ്ഞിക്ക മാലിൽ) ശ്രീ പി വി തോമസ് പനയ്ക്കൽ ശ്രീ . നാരായണൻ മൂഴിക്കൽ, ശ്രീ. കെ.വി.സുലൈമാൻ കാഞ്ഞിരത്തുങ്കൽ എന്നിവരായിരുന്നു അവർ.

ഏറ്റവും പ്രധാന വ്യക്തിയാണ് ശ്രീ റ്റി.എം ഐസക്. ഈ സ്വാതന്ത്ര്യഭടൻ വിശ്രമരഹിതവും ക്ലേശകരവുമായ രാഷ്ട്രീയ പ്രവർത്തനത്തിന് ഇടയിൽ 1947 ഏപ്രിൽ 27ന് മരണപ്പെടുകയാണ് ഉണ്ടായത്. സ്വാതന്ത്ര്യത്തിനു ശേഷവും കേരളത്തിൽ രൂപംകൊണ്ട എല്ലാ പ്രസ്ഥാനങ്ങൾക്കും നമ്മുടെ പഞ്ചായത്ത് അതിൻറേതായ സ്ഥാനം വഹിച്ചിട്ടുണ്ട്. ജന്മത്തിനെതിരെ നടന്ന സമരങ്ങൾ, കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം ഉയർത്തി നടന്ന സമരങ്ങൾ തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. ഭരണരംഗത്ത്, ഈ നാട്ടിലെ ഒന്നാമത്തെ എംഎൽഎ, ശ്രീ.എം. വർക്കി, ആണ് വിദ്യാഭ്യാസപരമായി ആദ്യകാലങ്ങളിൽ തന്നെ ഉദയം ഉന്നത വിദ്യാഭ്യാസം നേടിയ പലരും ഈ നാട്ടിലുണ്ട്

## സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

അശമന്നൂർ പഞ്ചായത്തിലെ സാമൂഹിക സ്ഥിതി പരിശോധിക്കുമ്പോൾ, ഇന്ന് ജനങ്ങൾ പലതരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെടുന്നതായി കാണാം. വളരെയേറെ നൂതന സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിൽ പോലും കൂടുതൽ ജനങ്ങളും ഇന്നും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഒരുകാലത്ത് വ്യാപകമായി നെൽകൃഷിയുണ്ടായിരുന്ന പാടശേഖരങ്ങൾ ഇന്ന് മറ്റു കൃഷികളിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ഏത്തവാഴ, ചെറു വാഴകൾ, മരച്ചീനി എന്നിവയാണ് ഇപ്പോൾ പ്രധാനമായും കൃഷി ചെയ്യുന്നത്. കർഷക മേഖലയിൽ ഇന്നു കൂലിപ്പണി എടുക്കുന്നവർക്ക് ഉച്ചവരെയുള്ള

ജോലിക്ക് 600 രൂപയും വൈകിട്ട് വരെയുള്ള ജോലിക്ക് 800 രൂപയും ആണ് നൽകുന്നത്. സ്ത്രീകളുടെ കൂലി, 400 ഉം 600ഉം. ഒരുകാലത്ത് നെൽകൃഷി ഒരു കുടുംബത്തിൻറെ മുഴുവനും ചുമതലയായിരുന്നു എങ്കിൽ, കൂട്ടുകുടുംബങ്ങൾ ശിഥിലീകരിച്ച് അണു കുടുംബങ്ങൾ ആയതോടെ, അവർക്ക് സ്വന്തമായി പാടശേഖരങ്ങളിൽ ജോലി ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. ഇതോടെ നെൽകൃഷി ജനങ്ങൾ ഉപേക്ഷിക്കുകയും പകരം മനുഷ്യാധ്വാനം കുറച്ചു മാത്രം മതിയാകുന്ന മറ്റു കൃഷികളിലേക്ക് തിരിയുകയും ചെയ്തു.

ജന്മിമാരിൽ നിന്നും ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നത് പ്രധാനമായും ഉയർന്ന ജാതിയിൽ പെട്ടവരായിരുന്നു. എന്നാൽ പണിയാളുകൾ പ്രധാനമായും സമൂഹത്തിൻറെ താഴെത്തട്ടിലുള്ള ഈഴവ പുലയ വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു. ജന്മിത്വത്തിനെതിരെ കർഷകത്തൊഴിലാളികളുടെ നേതൃത്വത്തിൽ നടത്തിയ ധീരമായ സമരങ്ങൾ തിരുവിതാംകൂറിൽ രക്തച്ചൊരിച്ചിൽ ഇടയാക്കുകയും ക്രമേണ തിരുവിതാംകൂറും കൊച്ചിയും മലബാർഭാഗവും ചേർന്ന് കേരളം രൂപം കൊള്ളുകയും ചെയ്തു 1957 നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നു. അവർ കൃഷിഭൂമി കർഷകർക്ക് എന്ന തത്വത്തിൽ ഊന്നിക്കൊണ്ട്, കാർഷിക ഭൂപരിഷ്കരണം നടത്താൻ ശ്രമിക്കുകയുണ്ടായി. ഈ ശ്രമങ്ങളും അതുപോലെ മറ്റു കാരണങ്ങളും കാരണം, വിമോചന സമരത്തിലൂടെ ആ ഗവണ്മെന്റിനെ പിരിച്ചു വിട്ടു.

തുടർന്ന് നടന്ന പല സമരങ്ങളിലൂടെ കേരളത്തിലെ കർഷകർക്ക് കൃഷിയുടെ അവകാശം ലഭിക്കുകയുണ്ടായി. സ്വന്തം പേരിൽ ഭൂമി വന്നതോടുകൂടി സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ജനവിഭാഗങ്ങൾ അതിൽ അദ്ധ്വാനിക്കുന്നതിനും അവരുടെ കുട്ടികളെ വിദ്യാലയങ്ങളിൽ പറഞ്ഞുവിടുന്നതിനും തയ്യാറായി. വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം നവോത്ഥാന നായകരായ ശ്രീനാരായണഗുരു ചട്ടമ്പിസ്വാമികൾ മഹാത്മ അയ്യങ്കാളി തുടങ്ങിയവർ ജനങ്ങളിലേക്ക് എത്തിക്കുകയും അവരുടെ നിരന്തര പരിശ്രമത്തിലൂടെ പാവപ്പെട്ട കുട്ടികൾ വിദ്യാലയങ്ങളിൽ പോകുന്നതിനും വിദ്യ ആർജിക്കുന്നതിനും സന്നദ്ധരായി.

ഇങ്ങനെ ലഭിച്ച വിദ്യാഭ്യാസ മൂലം, കേരളത്തിൽ നിന്നുള്ള വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും കുടിയേറുകയും അവിടെ നിന്ന് പണം നാട്ടിലേക്ക് എത്തിക്കുകയും ചെയ്തു. കാലക്രമേണ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുകയും, ഗൾഫ് പോലുള്ള രാജ്യങ്ങളിൽ നിന്ന് ധാരാളം പണം നാട്ടിലേക്ക് ഒഴുകുകയും ചെയ്തു. ഇന്ന് പ്ലസ് ടു കഴിയുന്ന കുട്ടികൾ വരെ വിദ്യാഭ്യാസം ചെയ്യുന്നതിന് വിദേശരാജ്യങ്ങളിലേക്ക് പോകുവാൻ തയ്യാറാകുന്നു. മാന്യമായ തൊഴിലിനും കൂലിക്കും വേണ്ടി ആണ് ഈ കുട്ടികൾ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നത്. ഇതോടെ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ മാതാപിതാക്കൾ മാത്രമായി

താമസിക്കുന്ന വളരെയേറെ വീടുകൾ ഉണ്ടാകുന്നു. ഇത് കേരള സമൂഹത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് കാരണമാകും.

# ഭാഗം II

# അദ്ധ്യായം 5
# പൊതുഭരണവും ധനകാര്യവും

### എ) വികസന മേഖലയുടെ ഇന്നത്തെ അവസ്ഥ

പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിലും കൃത്യതയോടും കൂടി നൽകുന്ന എന്നതാണ് ഒരു സർക്കാർ സ്ഥാപനത്തിന്റെ അടിസ്ഥാന ലക്ഷ്യം. വിവര സാങ്കേതിക വിദ്യ ഉൾപ്പെടുയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുജന സേവനവും ഭരണ സംവിധാനവും കാര്യക്ഷമമായി നമ്മൾ നടത്തുന്നു. അതോടൊപ്പം തന്നെ പൗരാവകാശ രേഖ, സേവന അവകാശം മുതലായ സദ്ഭരണ തത്വങ്ങൾ പരിഗണിച്ചുകൊണ്ട് പൊതുഭരണം സേവനം നൽകൽ തുടങ്ങിയവ കുറ്റമറ്റതാക്കുവാനും നമുക്ക് കഴിയണം. അയൽ സഭകൾ, ഗ്രാമസഭകൾ, തുടങ്ങിയ ജനകീയ സമിതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ഭൗതീക സൗകര്യങ്ങൾ വർധിപ്പിച്ചും ഇ-ഗവേണർസ് രേഖകളുടെ സൂക്ഷിപ്പ് ധന മാനേജ്മന്റ് തുടങ്ങിയവ കാര്യക്ഷമമാക്കിയും സദ്ഭരണ തത്വങ്ങളിൽ അധിഷ്ഠതമായി പൊതു ഭരണവും ധനകാര്യ നിയന്ത്രണവും എന്ന സ്ഥിരം സംവിധാനം പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് മുന്നോടിയായി പഞ്ചായത്തിൽ കമ്പ്യൂട്ടർ വൽക്കരണ പരിപാടികൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. വസ്തുനികുതി ഒടുക്കൽ, ജനന മരണ വിവാഹ രജിസ്ട്രേഷനുകളിൽ നിലവിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയും മറ്റ് ഫീസുകളും ഓൺലൈൻ സംവിധാനത്തിലൂടെ നികുതിദായകർക്ക് അടക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. ഈ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തികമാകുന്നതിലൂടെ നമ്മുടെ പഞ്ചായത്തിനെ ISO സർട്ടിഫൈഡ് പഞ്ചായത്ത് ആകുന്നതിന് ഒരു പടികൂടി അടുത്തെത്താൻ കഴിയും. ഇതോടൊപ്പം തന്നെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തികൾ 14 ആം പഞ്ചവത്സര പദ്ധതിയിൽ തന്നെ പൂർത്തീകരിച്ച് ഈ ഘടക സ്ഥാപനങ്ങളെ ഓൺലൈൻ നെറ്റ്‌വർക്ക് വഴി പഞ്ചായത്തുമായി ബന്ധപ്പെടുത്താനും ഇതുവഴി പൊതുജനങ്ങൾക്കുള്ള സേവനം കൂടുതൽ എളുപ്പത്തോടെയും കാര്യക്ഷമതയോടെയും നൽകുവാൻ നമുക്ക് സാധിക്കും.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിലും നിലവിലുള്ള സ്റ്റാഫ് പാറ്റേണിന് അനുസരിച്ചുള്ള ജീവനക്കാരെ ജോലി ചെയ്യുന്നുണ്ട്. ഓഫിസിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നു.

<u>തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും മറ്റ് ഗവ. സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും എണ്ണം</u>

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | | എണ്ണം | | |
|---|---|---|---|---|---|
| | | | സ്ഥിരം | താൽക്കാലികം | ആകെ |
| 1 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഓഫിസിൽ | | 16 | 6 | 22 |
| 2 | മറ്റ് സ്ഥാപനങ്ങൾ | സർക്കാർ | 105 | 3 | 108 |
| | | സർക്കാരിതരം | | | |
| ആകെ | | | 121 | 9 | 130 |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

നിലവിലുള്ള പഞ്ചായത്തിന്റെ സ്ഥല പരിമിതി നമ്മൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം, വില്ലേജ് എക്സ്റ്റൻഷൻ ഓഫിസ്, MGNREGS, കുടുംബശ്രീ ഓഫീസ് തുടങ്ങിയവ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

രണ്ടു നിലകളുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിൽ ആണ് വി.ഇ.ഒ യുടെ ഓഫീസിൽ ഒഴികെയുള്ള എല്ലാ ഓഫിസുകളും പ്രവർത്തിക്കുന്നത്. ഇത് മൂലം പഞ്ചായത്തിലെ സേവനങ്ങൾ ലഭിക്കുന്നതിനായി എത്തുന്ന വയോധികരും അംഗപരിമിതരും മുകളിൽ എത്തിപ്പെടുന്നതിനായി ബുദ്ധിമുട്ടുന്നു. ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലേക്ക് മാറ്റുന്നത്/ മുകളിൽ വരുന്നതിനു ബുദ്ധിമുട്ടുള്ളവരെ സഹായിക്കുന്നതിനായി ഒരു ഹെൽപ്ഡെസ്ക് താഴത്തെ നിലയിൽ പരിഗണിക്കാവുന്നതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങളിലെ ജീവനക്കാരെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. എന്നാൽ ധാരാളം സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്തിന്റെ പരിധിയിൽ രെജിസ്റ്റർ ചെയ്തും അല്ലാതെയും പ്രവർത്തിക്കുന്നു. എന്നാൽ ഇവിടത്തെ തൊഴിലെടുക്കുന്ന ജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ചു പഞ്ചായത്തിൽ ഒരു വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ പഞ്ചായത്തിന് സ്വാഭാവികമായും ലഭിക്കേണ്ട തൊഴിൽ നികുതി ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിനായി സമഗ്രമായ ഒരു സർവേ പഞ്ചായത്ത് നടത്തേണ്ടതുണ്ട്

## ധനകാര്യം

പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ലഭ്യമായ തുകയാണ് താഴെ കൊടുത്തിരിക്കുന്ന പട്ടികയിലുള്ളത്.

**പഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ (രൂപയിൽ)**

| ഇന വിവരം | 2017 –18 | 2018 – 19 | 2019 - 20 | 2020-21 | 2021-22 |
|---|---|---|---|---|---|
| വസ്തു നികുതി | 7534378 | 4921434 | 5261590 | 5899882 | 6484767 |
| പരസ്യ നികുതി | 0 | 0 | 0 | 0 | 0 |
| തൊഴിൽ നികുതി | 1744140 | 1106188 | 1699860 | 1532200 | 1890930 |
| ലൈസൻസ് ഫീസ് | 375700 | 423500 | 426300 | 451750 | 462110 |
| ജനറൽ പർപ്പസ് ഫണ്ട് | 7130847 | 8053088 | 8340713 | 8813995 | 10366069 |
| വിനോദ നികുതി | 0 | 0 | 0 | 0 | 0 |
| ആകെ | 16785065 | 14504210 | 15728463 | 16697827 | 19203876 |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. മുകളിൽ വരുന്നതിനു ബുദ്ധിമുട്ടുള്ളവരെ സഹായിക്കുന്നതിനായി, ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലേക്ക് മാറ്റുന്നത്/ ഒരു ഹെൽപ്ഡെസ്ക് താഴത്തെ നിലയിൽ പരിഗണിക്കാവുന്നതാണ്.
2. സേവനങ്ങൾ പ്രാദേശിക തലത്തിൽ ലഭിക്കുന്നതിനായുള്ള സംവിധാനങ്ങൾ ഒരുക്കുക.
3. ആവശ്യത്തിന് തനത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ സ്വന്തമായ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കുന്നില്ല

4. സ്വകാര്യ തൊഴിൽശാലകളിലെ തൊഴിലാളികളുടെ എണ്ണം പഞ്ചായത്തിന് അറിയില്ല, അതുകൊണ്ടു തൊഴിൽ നികുതി പൂർണമായും പഞ്ചായത്തിന് ലഭിക്കുന്നില്ല.

## സദ്ഭരണം

**(എ) കമ്പ്യൂട്ടർ വത്കരണം**

| സ്ഥാപനം | നെറ്റ് കണക്ടിവിറ്റി | | കമ്പ്യൂട്ടർ | | |
|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | ആവശ്യമായത് | നിലവിൽ ഉള്ളത് | ഉപയോഗ ക്ഷമമായുള്ളത് |
| ഗ്രാമപഞ്ചായത്ത് ഓഫീസ് | ഉണ്ട് | | 0 | 14 | 14 |

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കെ.ഫോൺ പദ്ധതിയിലൂടെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വേഗതയേറിയ ഇന്ററർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് ഭാഗമായി നമ്മുടെ പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും അതിനാവശ്യമായ ഉപകാരങ്ങൾ എത്തിച്ചിട്ടുണ്ട്.

**(ബി) കാര്യ ക്ഷമതാ ഘടകങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | അവസ്ഥ |
|---|---|---|
| 1 | ഫ്രണ്ട് ഓഫീസ് | മികച്ച സൗകര്യങ്ങളോട് കൂടി പ്രവർത്തനം |
| 2 | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ISO സർട്ടിഫിക്കറ്റ് | ISO സർട്ടിഫൈഡ് പഞ്ചായത്ത് |
| 3 | ഭൗതിക സൗകര്യങ്ങൾ | |
| | ജീവനക്കാർക്ക് | ഓഫിസിൽ സ്ഥല പരിമിതി കുറവ് |
| | പൊതു ജനങ്ങൾക്ക് | ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, ഫാൻ, ടോയ്‌ലറ്റ്, ടി വി, ഫീഡിങ് റൂം എന്നിവ ഉണ്ട് |
| 4 | ഓഫീസ് ക്രമീകരണങ്ങൾ | നിലവിലുള്ള സ്ഥലസൗകര്യം പരമാവധിക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. |
| 5 | ഓഫീസ് ശുചിത്വം | ഓഫീസ് ശുചിയായി സൂക്ഷിച്ചുവരുന്നു |
| 6 | റെക്കോർഡ് റൂം | റെക്കോർഡ് റൂം സൗകര്യ പ്രദമാണ് |
| 7 | പൗരാവകാശ രേഖ | പ്രസിദ്ധീകരിച്ചു |
| | പരിഷ്കരണം | |
| | പ്രസിദ്ധീകരണം | |
| 8 | പ്രദർശന ബോർഡുകൾ | ഉണ്ട് |
| 9 | ക്വാളിറ്റിസർക്കിൾ | നടപ്പുവർഷം രൂപീകരിക്കുന്നതാണ് |
| 10 | പരാതി പരിഹാരം | ഉണ്ട് |
| 11 | നിരന്തര പരിശീലനം | നിരന്തര പരിശീലനം നൽകും |
| 12 | തുടർച്ചയായ പ്രവർത്തന വിലയിരുത്തൽ | പ്രതിമാസ സ്റ്റാഫ് മീറ്റിങ് |
| 13 | ജനാതിപത്യ വേദികളുടെ സജീവത | പ്രതിമാസം രണ്ട് പഞ്ചായത്ത് കമ്മറ്റികൾ വീതം കൂടുന്നു. |

| | | |
|---|---|---|
| 14 | ഇഗവർണേഴ്സ് സോഫ്റ്റ്‌വെയറുകളുടെ പരിപൂർണ്ണത | പൂർണ്ണമാണ്, എല്ലാവര്ക്കും കമ്പ്യൂട്ടർ പരിശീലനം ലഭിച്ചിട്ടുണ്ട്. |

**(സി) ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ**

| വർഷം | ആകെ ഫയലുകൾ | തീർപ്പാക്കിയവയുടെ എണ്ണം |
|---|---|---|
| 2015 - 16 | 5307 | 4500 |
| 2016 - 17 | 4930 | 3800 |
| 2017 - 18 | 5649 | 4750 |
| 2018 - 19 | 7466 | 6600 |
| 2019-20 | 5765 | 5704 |
| 2020-21 | 6990 | 6954 |
| 2021-22 | 6291 | 6218 |

**പദ്ധതി കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും.**

(Appendix 1.)

**വികസന സാധ്യതകൾ**

**പൊതുഭരണം,** പൊതുഭരണം ധനകാര്യം ഭരണം മെച്ചപ്പെടുത്തൽ

ആധുനിക സാങ്കേതിക വിദ്യ ഇത്രയേറെ പുരോഗമിച്ച, പ്രതിശീർഷ ഇന്റർനെറ്റ് ഉപയോഗത്തിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഈ നേട്ടം പഞ്ചായത്തിന്റെ ഭരണ നിർവഹണ രംഗങ്ങളിൽ കാര്യക്ഷമയി ഉപയോഗിക്കേണ്ടതുണ്ട്. ഇ.പോർട്ടലുകളിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതും തീർപ്പാക്കുന്നതും ഇപ്പോൾ തന്നെ നമ്മൾ നടപ്പാക്കി കഴിഞ്ഞു. അതിനാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ കൂടുതൽ വേഗതയിലും ആയാസരഹിതിതമായും ലഭ്യമാക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നാം കൈവരിക്കേണ്ട ലക്ഷ്യം. ഇതിനായി ഓൺലൈൻ അപേക്ഷകൾ പ്രാദേശിക തലത്തിൽ സ്വീകരിക്കുന്നതിനും പ്രാദേശികമായി തന്നെ സേവനം നൽകുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ഇതിനായി അംഗൻവാടികൾ/വായനശാലകൾ (ഏതാണോ ജനങ്ങൾക്ക് എത്തിപ്പെടുന്നതിന് കൂടുതൽ സൗകര്യപ്രദം) എന്നിവിടങ്ങളിൽ ഇൻറെർനെറ്റു സൗകര്യത്തോടെ കമ്പ്യൂട്ടർ പ്രിൻറർ എന്നിവ ഒരുക്കുക (വാതിൽപ്പടി സേവനങ്ങൾ).

**ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

1. ഓരോ വാർഡിലും, തയ്യാറായി മുന്നോട്ടു വരുന്ന വായനശാലകൾ, അംഗൻവാടികൾ എന്നിവയെ സേവന കേന്ദ്രങ്ങളായി തിരഞ്ഞെടുക്കുക.
2. ആവശ്യമായ പരിശീലനം മുന്നോട്ടു വരുന്നവർക്ക് നൽകൽ
3. വാതിൽപ്പടി സേവനങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനായിട്ടുള്ള സംവിധാനങ്ങൾ (ഇൻറെർനെറ്റു സൗകര്യത്തോടെ കമ്പ്യൂട്ടർ പ്രിൻറർ എന്നിവ ഒരുക്കുക).
4. തനത് ഫണ്ട് വർധിപ്പിക്കുക
5. കിഫ്ബിയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള സാധ്യതകൾ തേടുക

6. തൊഴിൽക്കരം വർധിപ്പിക്കുന്നതിനായി തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുക.
7. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് നൽകുന്നതിനുള്ള അദാലത് സംഘടിപ്പിക്കുക

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | പൗരാവകാശ രേഖ | ✓ | ✓ | ✓ | ✓ | ✓ |
| 2 | ഐ കെ എം വിഹിതം അടവാക്കൽ | ✓ | ✓ | ✓ | ✓ | |
| 3 | പദ്ധതി രൂപീകരണവും മോണിട്ടറിംഗും | ✓ | ✓ | ✓ | ✓ | |
| 4 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ചിലവ് | ✓ | ✓ | ✓ | ✓ | |
| 5 | വെള്ളക്കരം വൈദ്യുതി, ടെലിഫോൺ ഓഫീസ് ചിലവുകൾ | ✓ | ✓ | ✓ | ✓ | |
| 6 | ഇ.എം.എസ് ലോൺ തിരിച്ചടവ് | ✓ | ✓ | ✓ | ✓ | |
| 7 | ടച് സ്ക്രീൻ പ്രവർത്തന ക്ഷമമാക്കൽ | | | | | ✓ |

# അദ്ധ്യായം 6
# കൃഷിയും അനുബന്ധ മേഖലകളും

**1.1 ഇന്നത്തെ അവസ്ഥ**

**പ്രധാനവിളകൾ : അശമന്നൂർ ഗ്രാമപഞ്ചായത്ത്**

(വിസ്തീർണ്ണം ഹെക്ടറിൽ)

| വിളകൾ | വിസ്തീർണ്ണം |
|---|---|
| നെല്ല് | 60 |
| തെങ്ങ് | 250 |
| വാഴ | 100 |
| പച്ചക്കറി | 25 |
| കപ്പ | 130 |
| മറ്റു കിഴങ്ങു വർഗ്ഗങ്ങൾ | 30 |
| സുഗന്ധവ്യഞ്ജനങ്ങൾ | 110 |
| റബ്ബർ | 250 |
| പൈനാപ്പിൾ | 40 |
| മറ്റുള്ളവ | 205 |
| **ആകെ** | **1200** |

സോഴ്സ്: കൃഷി ഭവനിൽ നിന്നും

കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ പ്രധാനമായും മഴയെ ആശ്രയിച്ചാണ് ആണ് നിലനിൽക്കുന്നത് മഴയുടെ തോതിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ കൃഷിയെ സാരമായി ബാധിക്കുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകൾ പി. വി. ഐ പി യിൽ നിന്നുള്ള കാട തോടുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ ഫാം പോണ്ട് നിർമ്മാണം, ഇടക്കയ്യാല നിർമ്മാണം, തടയണ നിർമ്മാണം, മഴക്കുഴി നിർമ്മാണം,കിണർ റീചാർജ്, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികളും കാർഷിക പദ്ധതിയുമായി സമന്വയിപ്പിച്ച് നല്ലയിനം വിത്തുകളും ജൈവവളങ്ങളും സബ്സിഡിനിരക്കിൽ കർഷകർക്ക് നൽകി ആധുനിക യന്ത്രവൽകൃത മാർഗങ്ങളുടെ സഹായത്തോടെ കാർഷിക മേഖലയെ അന്തസ്സും അഭിമാനവും ഉള്ള തൊഴിൽമേഖല ആക്കിമാറ്റി കാർഷികമേഖലയിൽ നമ്മൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുവാൻ കഴിയും എന്ന് പ്രത്യാശിക്കാം. നമുക്ക് ആവശ്യമായ വിഭവങ്ങൾ നമ്മൾ തന്നെ കൃഷി ചെയ്തു ഉൽപാദിപ്പിക്കുന്ന ആ പഴയ സംസ്കാരം തിരിച്ചു കൊണ്ടുവരുന്നതിന് മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി ഉൾപ്പെടെയുള്ള പരിപാടികൾ പ്രാമുഖ്യം നൽകി ജൈവകൃഷിയിലേക്ക് വഴി മാറണം ഇതിനോടൊപ്പം തന്നെ കാലാവസ്ഥാവ്യതിയാനം ചെറുക്കുന്നതിന് ഹരിത വത്കരണം, നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും വികസനവും തടയണ നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കുന്നതിലൂടെ നമ്മുടെ പഞ്ചായത്തിന് ഹരിതഗ്രാമം ആക്കി മാറ്റുവാൻ കഴിയും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്വന്തമായി കൃഷി സ്ഥലം ഇല്ലാത്തവർക്ക് പാട്ട കൃഷി ചെയ്യുന്നതിന് അവസരമൊരുക്കുകയും തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ കൃഷി ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാൻ മുൻഗണന നൽകണം.

പതിമൂന്നാം പഞ്ചവത്സരം പദ്ധതി കാലഘട്ടത്തിൽ **മഹാത്മാ ഗാന്ധിജി ദേശീയ ഗ്രാമീണ** തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ പഞ്ചായത്തിൽ നീർത്തട വികസന കാഴ്ചപ്പാടിലൂടെ വിവിധയിനം ജോലികൾ തിരഞ്ഞെടുക്കുകയും അതിലൂടെ മണ്ണ് ജല പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട് നമ്മുടെ പഞ്ചായത്തിൽ പൊതു ഭൂമിയുടെ ലഭ്യത കുറവുമൂലം, പ്രധാനമായും നീർത്തടങ്ങളിൽ മഴക്കുഴികൾ പോലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ ലാൻഡ് ഡെവലപ്മെൻറ്ൽ ഉൾപ്പെടുത്തി ബിപിഎൽ, ചെറുകിട നാമ മാത്ര കർഷകരുടെ

ഭൂമിയിൽ ഹോർട്ടികൾച്ചർ കൃഷിയും നടത്തുന്നുണ്ട്. കൂടാതെ വ്യക്തികളുടെ ജീവനോപാധികൾക്ക് സഹായകമരം ആയിട്ടുള്ള കോഴിക്കോട് ആട്ടിൻകൂട് തൊഴുത്ത് എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മൾ നിർമ്മിച്ച നൽകുന്നു മാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് പിറ്റ് പോലുള്ള പ്രവർത്തികളും തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്യുന്നുണ്ട്.

**മഹാത്മാ ഗാന്ധിജി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അശമന്നൂർ പഞ്ചായത്തിന്റെ സ്റ്റാറ്റസ്**

| | | | | | |
|---|---|---|---|---|---|
| ആകെ വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3500 | | | | |
| രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 5684 | | | | |
| സജീവ തൊഴിലാളികളുടെ എണ്ണം | 2070 | | | | |
| **Years** | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ | 85,524 | 67,350 | 71,755 | 80,220 | 24,785 |
| ആകെ സ്ത്രീ തൊഴിൽ ദിനങ്ങൾ (%) | 90.52 | 89.26 | 91.55 | 91.68 | 91.03 |
| ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ | 56.08 | 43.79 | 43.39 | 59.29 | 23.23 |
| *100* ദിവസം പണി പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 321 | 83 | 304 | 392 | 0 |
| തൊഴിലുറപ്പിലൂടെ പഞ്ചായത്തിൽ ആകെ ചിലവഴിച്ച തുക (ലക്ഷത്തിൽ) | 251.97 | 243.58 | 283.97 | 268.771 | 79.5 |
| പഞ്ചായത്തിലെ തൊഴിലാളികൾക്ക് കൂലിയായി ലഭിച്ച തുക (ലക്ഷത്തിൽ) | 225.84 | 192.22 | 215.99 | 233.66 | 76.63 |
| ഒരു ദിവസത്തെ കൂലി | 275 | 276 | 296 | 296 | 311 |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| **പ്രശ്നങ്ങൾ** | **രൂക്ഷത** | **കാരണങ്ങൾ** |
|---|---|---|
| നെൽപ്പാടങ്ങൾ തരിശിട്ടിരിക്കുന്നു | High | തൊഴിലാളികളുടെ ലഭ്യത കുറവ് നമ്മുടെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ ആധുനിക സാങ്കേതിക വിദ്യയിലുള്ള മിഷനറി ലഭ്യമല്ല പുതിയ തലമുറയ്ക്ക് കാർഷിക വൃത്തിയെ കുറിച്ചുള്ള അജ്ഞത |
| കൃഷിയിടങ്ങളിലേക്ക് ജലസേചന സൗകര്യമില്ലായ്മ | | പല തോടുകളും മണ്ണ് ഒലിച്ച് വന്ന് മൂടി പോയി |
| തൊഴിലാളികളുടെ ലഭ്യത കുറവ് | High | മറ്റു സ്ഥിരം ജോലികളുടെ ലഭ്യത, |
| ഉയർന്ന കൂലി | High | ഉയർന്ന ജീവിത ചെലവ് |
| കൃഷി ചെയ്യുവാൻ കർഷകരുടെ വിമുഖത. | High | എല്ലാ കൃഷിയും സാമ്പത്തികമായി നഷ്ടത്തിൽ അവസാനിക്കുന്നു. |

| | | |
|---|---|---|
| | | കാലാവസ്ഥാ വ്യതിയാനം മൂലം ക്രമം തെറ്റിയുള്ള മഴയും വെള്ളപ്പൊക്കവും |
| തെങ്ങ് കൃഷി കുറയുന്നു | High | ചല്ലിയുടെ വ്യാപകമായ ആക്രമണം, മറ്റു കീടങ്ങൾ, മഞ്ഞപ്പ് എന്നിവ മൂലം തെങ്ങിൻ തൈകൾ ചെറിയ പ്രായത്തിൽ തന്നെയോ രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിലോ നശിച്ചു പോകുന്നു ചില അവസരങ്ങളിൽ നാലും അഞ്ചും വർഷം കഴിയുമ്പോൾ നശിച്ചുപോകും ഇതോടെ കർഷകൻ മനം മടുത്തു തെങ്ങ് കൃഷി ഉപേക്ഷിക്കുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തേങ്ങ ഇറക്കുമതി ചെയ്യേണ്ടി വരുന്നു |
| കാർഷികവിളകളുടെ അപ്രതീക്ഷിതമായ വിലയിടിവ് | High | ഗവൺമെൻറ് മറ്റു രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള കച്ചവട ഉടമ്പടികൾ തദ്ദേശീയ കർഷകരുടെ താൽപര്യങ്ങൾക്ക് എതിരാണ് |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

തൊഴിലാളികളുടെ സഹകരണ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ ഉണ്ടാക്കി സ്ഥിരം തൊഴിൽ ലഭ്യമാക്കുക. കൂടാതെ ആധുനിക മിഷനറികൾ ലഭ്യമാക്കി ആയാസരഹിതമായി കാർഷികവൃത്തിയിൽ ഏർപ്പെടുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നത് പ്രാദേശികമായി ചന്തകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞു കർഷകന് കച്ചവടക്കാർക്ക് വിൽക്കുന്ന വിലയേക്കാൾ കൂടിയും വില ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക

മണ്ണുവന്നു കൂടി പോയ തോടുകൾ ആഴം കൂട്ടി വലുതാക്കുക അങ്ങനെ ആവശ്യമായ ജലം കൃഷിയിടത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ എടുക്കുക ഇത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

കഴിഞ്ഞ 5/10 വർഷത്തെ മഴയുടെ ലഭ്യത ഏതെല്ലാം മാസങ്ങളിൽ ആയിരുന്നു എന്ന് പരിശോധിച്ചു ഒരു പുതിയ കാർഷിക കലണ്ടറിന് രൂപം നൽകുക ഇതിലൂടെ വെള്ളപ്പൊക്കം മൂലവും അതി രൂക്ഷമായ വരൾച്ച മൂലവും വിളകൾ നശിച്ചു പോകുന്നത് തടയുവാൻ സാധിക്കും. കാർഷിക കലണ്ടറിന്റെ രൂപീകരണം നമ്മുടെ കൃഷിഭവന്റെ നേതൃത്വത്തിൽ തയ്യാറാക്കാൻ സാധിക്കും

പദ്ധതി കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും.

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | **തൊഴിലാളികളുടെ ഗ്രൂപ്പുകൾ സഹകരണ അടിസ്ഥാനത്തിൽ ഫോം ചെയ്യൽ** | | ✓ | ✓ | ✓ | ✓ |
| 2 | നെൽകൃഷിക്ക് കൂലി സബ്സിഡി | ✓ | ✓ | ✓ | ✓ | |

| | | | | | | |
|---|---|---|---|---|---|---|
| 3 | തെങ്ങിന് കീടരോഗം നിയന്ത്രണം | ✓ | ✓ | ✓ | ✓ | |
| 4 | തെങ്ങിൻതൈ ഉല്പാദിപ്പിച്ച് വിതരണം | ✓ | ✓ | ✓ | ✓ | |
| 5 | തോടുകൾ ആഴം കൂട്ടി വൃത്തിയാക്കൽ | ✓ | ✓ | ✓ | ✓ | |
| 6 | പുതിയ തോടുകളുടെ നിർമ്മാണം | ✓ | ✓ | ✓ | ✓ | |
| 7 | പച്ചക്കറി കൃഷി വ്യാപനത്തിനായി ഗ്രോ ബാഗിൽ തൈകൾ നട്ടുപിടിപ്പിച്ചു വിതരണം | ✓ | ✓ | ✓ | ✓ | ✓ |
| 8 | വെർട്ടിക്കൽ ഫാമിംഗ്- ഒരു മോഡൽ ഫാം | | ✓ | ✓ | | |
| 9 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചന്ദനം രക്തചന്ദനം തേക്ക് ഇടി എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് വിതരണം ചെയ്യൽ | ✓ | ✓ | ✓ | ✓ | ✓ |
| 10 | മണ്ണൊലിപ്പ് തടയുന്നതിന് കല്ലുകയ്യാലകൾ നിർമ്മിക്കുക | ✓ | ✓ | ✓ | ✓ | ✓ |
| 11 | ഉയർന്ന പ്രദേശങ്ങളിലെ എല്ലാ കിണറുകളും റീ ചാർജ് ചെയ്യുക | ✓ | ✓ | ✓ | ✓ | ✓ |

# അദ്ധ്യായം 7
# മൃഗസംരക്ഷണവും ക്ഷീര വികസനവും

### 2.1 ഇന്നത്തെ അവസ്ഥ

ഗ്രാമീണ മേഖലയിൽ വളരെ ഏറെ കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും നൽകുന്ന ഒന്നാണ് കന്നുകാലി, ആട്, കോഴി എന്നിവയെ വളർത്തുന്നത. ഈ മൃഗങ്ങളെ വളർത്തുന്നത് പാലിനും ഇറച്ചിക്കും വേണ്ടിയാണ് നമ്മുടെ നാട്ടിൽ 1970 കൾ മുതൽ 80 കൾ വരെ നാടൻ ഇനങ്ങൾ ആയ ചെറിയ പശുക്കൾ ആണ് വ്യാപകമായി ഉണ്ടായിരുന്നത്. എന്നാൽ ജനസംഖ്യ വർദ്ധനവിന് അനുസരിച്ച് പാൽ ഉൽപാദനം വർദ്ധിക്കുകയുണ്ടായില്ല. ഈ നാടൻ ഇനങ്ങൾക്ക് കേവലം ഒന്നോ രണ്ടോ ലിറ്റർ പാലു മാത്രമാണ് ലഭിച്ചിരുന്നത്. തുടർന്ന് ഗവൺമെൻറ് പ്രോത്സാഹനത്തോടെ കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന ജേഴ്സി, എച്ച് എഫ് ഇനങ്ങളെ മറ്റു പ്രദേശങ്ങളിൽ നിന്ന് ഇവിടെ കൊണ്ടുവരികയും നമ്മുടെ വെറ്റിനറി ആശുപത്രിയിലൂടെ ഈ പശുക്കൾക്ക് വേണ്ട ബീജ ധാരണം നടത്തുകയും ചെയ്തു ഉത്പാദിപ്പിക്കുന്ന പാൽ ഡയറി സഹകരണ സംഘങ്ങളിൽ വിൽക്കുന്നു.

2012 ലൈവ് സ്റ്റോക്ക് ലെ സെൻസസ് പ്രകാരം 1302 കുടുംബങ്ങൾ അശമന്നൂർ ഗ്രാമ പഞ്ചായത്തിൽ മൃഗപരിപാലന തൊഴിലുമായി ബന്ധപ്പെട്ട ജീവിക്കുന്നു. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 6 ഡയറിഫാമുകൾ ഉം 6 കോഴി ഫാമുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 52 പശുകുട്ടികളും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിൽ ആധുനിക അറവുശാലകൾ ഒന്നുംതന്നെയില്ല. പഞ്ചായത്തിലുള്ള നായ്കുട്ടികളുടെ എണ്ണം കൃത്യമായി ലഭിച്ചിട്ടില്ല എങ്കിലും 34 തെരുവുനായ്ക്കൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.മൃഗ സംരക്ഷണത്തിനായി ഒരു മൃഗ ആശുപത്രി ആറാം വാർഡിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.മൃഗ പരിപാലന തൊഴിലുമായി ബന്ധപ്പെട്ട 1302 കുടുംബങ്ങളിൽ 589 പേർ കാലിവളർത്തലും 713 കുടുംബങ്ങൾ ആടുവളർത്തലും ആയി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു. കൂടാതെ 1341 കുടുംബങ്ങൾ കോഴിവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സ്ഥിതിവിവരക്കണക്ക് അനുസരിച്ച് 500 പശു തൊഴുത്തുകൾ 400 ആട്ടിൻ കൂടുകൾ 800 കോഴിക്കൂടുകൾ മുതലായവ ഈ മേഖലയിലെ കർഷകർക്ക് സ്വന്തമായുണ്ട്. പശുവളർത്തൽ ഏർപ്പെട്ടിരിക്കുന്ന 30 കുടുംബങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്.

ലൈവ് സ്റ്റോക്ക് സെൻസസ് റിപ്പോർട്ട് പ്രകാരം ഉള്ള കന്നുകാലികളുടെയും പക്ഷികളുടെയും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു | *1604* |
| | നാടൻ | *87* |
| | സങ്കരയിനം | *1517* |
| 2 | പോത്ത് / കാളക്കുട്ടി | *82* |
| 3 | ആട് | *2252* |
| 4 | എരുമ | *17* |
| 5 | പന്നി | *15* |
| 6 | മുട്ടക്കോഴി | *6884* |
| 7 | ഇറച്ചി കോഴി | *37000* |
| 8 | താറാവ് | *122* |
| 9 | *കാട* | *275* |

പഞ്ചായത്തിൽ 4 മിൽമ ക്ഷീരസംഘങ്ങളും, അഞ്ചു പി.ഡി.ഡി .പി സംഘങ്ങളും പ്രവർത്തിക്കുന്നു. പാൽ വിപണനം പ്രധാനമായും ഈ ക്ഷീരസംഘങ്ങൾ വഴിയാണ് നടക്കുന്നത്. അവയുടെ സ്ഥിതിവിവര കണക്കുകൾ ചുവടെ പട്ടികയിൽ രേഖപ്പെടുത്തുന്നു.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ക്ഷീരസംഘങ്ങൾ | ആകെ അംഗങ്ങൾ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉത്പാദകർ | ആകെ ഉത്പാദനം (വാർഷികം) |
|---|---|---|---|---|
| *1* | നെടുങ്ങപ്ര ക്ഷീരോല്പാദക സഹകരണ സംഘം, ക്ലിപ്തം നം. E-78(D) APCOS, നെടുങ്ങപ്ര പി.ഒ | *60* | *60* | *1.8 ലക്ഷം ലിറ്റർ* |
| *2* | പനച്ചിയം ക്ഷീരോല്പാദക സഹകരണ സംഘം, ക്ലിപ്തം നം. E-69(D) APCOS, നെടുങ്ങപ്ര പി.ഒ, പനച്ചിയം | *57* | *57* | *1.19 ലക്ഷം ലിറ്റർ* |
| *3* | പുന്നയം ക്ഷീരോല്പാദക സഹകരണ സംഘം, ക്ലിപ്തം നം. E-343(D) APCOS, അശമന്നൂർ പി.ഒ | *60* | *60* | *1.56 ലക്ഷം ലിറ്റർ* |
| *4* | മേതല ക്ഷീരോല്പാദക സഹകരണ സംഘം, ക്ലിപ്തം നം. E-67(D) APCOS, മേതല പി.ഒ | *47* | *47* | *1.35 ലക്ഷം ലിറ്റർ* |
| | PDDP സംഘം | | | |
| *5* | പയ്യാൽ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| *6* | പനിച്ചയം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| *7* | .അശമന്നൂർ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| *8* | ഓടക്കാലി | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| *9* | മേതല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| പാലിൻറെ കുറഞ്ഞ വില | High | കൊഴുപ്പു കുറവാണെന്നതിനാൽ 34 രൂപ മുതൽ 40 രൂപ വരെ മാത്രമാണ് പശുവിൻ പാൽ സൊസൈറ്റിയിൽ നൽകുന്നവർക്ക് ലഭിക്കുന്നത്. അതെ പാൽ പ്രാദേശികമായി വിൽക്കുമ്പോൾ 50 രൂപ ലഭിക്കുന്നു. |
| ഉയർന്ന ഉൽപാദന ചിലവ് | | കാലിത്തീറ്റയുടെ ഉയർന്ന വില പുല്ലിന്റെ ലഭ്യതക്കുറവ് വൈക്കോൽ വില കൊടുത്തു വാങ്ങേണ്ടി വരുന്നു |
| ആട്ടിൻപാലിന് വിപണി ലഭ്യമല്ല | High | ആവശ്യക്കാരെ കണ്ടെത്താൻ പ്രയാസമാണ് |

| | | |
|---|---|---|
| | | ഉയർന്ന വില, |
| അസുഖം ഉണ്ടാകാനുള്ള ഉയർന്ന സാധ്യത | | രോഗപ്രതിരോധശേഷി കുറവുള്ള വിദേശ ഇനങ്ങൾ |
| അസമയത് പ്രത്യേകിച്ചും രാത്രി സമയങ്ങളിൽ വൈദ്യ സഹായം ലഭ്യമല്ല | | എച്.എഫ്. പോലുള്ള വിദേശ ബ്രീഡുകളെ പ്രധാനമായും സംസ്ഥാനത്തിന് പുറത്തു നിന്നാണ് കൊണ്ട് വരുന്നത്. ഇവക്ക് നമ്മുടെ കാലാവസ്ഥയുമായി ഇണങ്ങുന്നതിന് കൂടുതൽ സമയം എടുക്കാറുണ്ട്. കൊണ്ടുവരുന്ന പശുക്കളിൽ പലതും പ്രസവിക്കാറായത് ആവുമ്പോൾ ജീവഹാനി സംഭവിക്കാനുള്ള സാധ്യത കൂടുന്നു. രാത്രിയിൽ പ്രസവം സങ്കീർണമായതാവുമ്പോൾ, സുരക്ഷിതമായ പ്രസവം ഉറപ്പാക്കുന്നതിനാവശ്യമായ ആവശ്യമായ ഉപകരണങ്ങൾ സഹിതമുള്ള ഒരു വാഹനം അത്യന്താപേക്ഷിതമാണ്. ഇതിന്റെ അഭാവവും പരിചയക്കുറവും കർഷകർക്ക് ഭീമമായ നഷ്ടം വരുത്തി വക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പാലകര്ഷകര്ക്കും ഈ അനുഭവം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് |
| പുല്ലിന്റെ ലഭ്യതക്കുറവ് | Mild | സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

പഞ്ചായത്തിൽ പ്രതിദിനം ഏകദേശം 2215 ലിറ്റർ മീറ്റർ പാലുല്പാദിപ്പിക്കുന്ന ഉണ്ടെങ്കിലും ജനങ്ങൾക്ക് ആവശ്യമായ പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. അതിവേഗം ഉള്ള ആധുനികവൽക്കരണം നഗരവത്കരണം സംസ്കാരം ജീവിതശൈലിയിൽ വന്ന മാറ്റം തുടങ്ങിയ വിവിധ കാരണങ്ങൾ ജനങ്ങളെ ഈ മേഖലയിൽ നിന്നും വഴി മാറി ചിന്തിക്കുന്നത് കാരണമായിത്തീർന്നിട്ടുണ്ട്. മാത്രവുമല്ല ക്ഷീരകർഷകർക്ക് ഉൽപ്പാദനചെലവിൽ ആനുപാതികമായ വില ലഭിക്കുന്നില്ല എന്നതും കാലിത്തീറ്റയിൽ അടിക്കടിയുണ്ടാകുന്ന വിലവർധനവും രൂക്ഷമായ കുടിവെള്ള ക്ഷാമവും കർഷകർ നേരിടുന്ന വെല്ലുവിളികളാണ്.കുളമ്പ് രോഗം, കോഴിവസന്ത തുടങ്ങിയ പകർച്ചവ്യാധികൾ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട് എങ്കിലും ആയത് നിയന്ത്ര വിധേയമാക്കാൻ മൃഗാശുപത്രിയുടെ സേവനം വളരെ പ്രയോജനം ചെയ്യുന്നുണ്ട്. കാർഷികമേഖലയിലെ തളർച്ച നേരിട്ടും പരോക്ഷമായും മൃഗസംരക്ഷണമേഖല മേഖലകളെയും ബാധിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി, ഉത്പാദനം തുടങ്ങിയ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം പതിനാലാം പദ്ധതിയിൽ നൽകണം. കോഴിവളർത്തൽ മിക്കവാറും എല്ലാ കുടുംബങ്ങളിലും നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. പഞ്ചായത്ത് മുഖേന മൃഗസംരക്ഷണ വകുപ്പ് മുഖേന മുട്ടകോഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടെങ്കിലും. കുടുംബങ്ങൾക്കുള്ള സ്ഥലപരിമിതിയും, ബ്രോയ്ലർ കോഴിയുടെ ലഭ്യതയും ജനങ്ങളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നു.

## വികസന സാധ്യതകൾ/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | കന്നുകാലി മരണപ്പെടുന്നതുമൂലമുള്ള സാമ്പത്തിക നഷ്ടംഒഴിവാക്കുന്നതിനായി ഇൻഷുറൻസ് ഏർപ്പെടുത്തുക ( 10 പശുവരെ ഉള്ളവർക്ക് ) | | ✓ | ✓ | ✓ | ✓ |
| 2 | മൃഗാശുപത്രിയിൽ മരുന്നു വാങ്ങാൻ പണം അനുവദിക്കുക നൽകുക | ✓ | ✓ | ✓ | ✓ | |
| 3 | തെങ്ങിന് കീടരോഗം നിയന്ത്രണം | ✓ | ✓ | ✓ | ✓ | |
| 4 | വനിതാ കർഷകർക്ക് പശുവിനെ വാങ്ങുന്നതിനുള്ള ധനസഹായം | ✓ | ✓ | ✓ | ✓ | |
| 5 | ഉത്പാദിപ്പിക്കുന്ന പാലിന് സബ്സിഡി നൽകുക | ✓ | ✓ | ✓ | ✓ | |
| 6 | കന്നുകാലി കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകുക | ✓ | ✓ | ✓ | ✓ | |
| 7 | തരിശു കിടക്കുന്ന പാടങ്ങളിൽ പുൽകൃഷി നടത്തുന്നതിന് സഹായം | ✓ | ✓ | ✓ | ✓ | ✓ |
| 8 | രോഗങ്ങൾക്കെതിരെയുള്ള കുത്തിവെപ്പിന് ധനസഹായം നൽകുക | | | | | |
| 9 | രാത്രികാലങ്ങളിൽ സത്യാവശ്യ ചികിത്സ ആവശ്യമായ പശുക്കൾക്ക് എല്ലാവിധ സജ്ജീകരണങ്ങളുടെ യുള്ള ഒരു മൊബൈൽ ക്ലിനിക് സജ്ജമാക്കുക | | | | | ✓ |

# അദ്ധ്യായം 8
# പ്രാദേശിക സാമ്പത്തിക വികസനം
## (ചെറുകിട വ്യവസായം, കുടുംബശ്രീ, സൂക്ഷ്മ സംരംഭങ്ങൾ) സഹകരണം മുതലായവ)

**2.1 ഇന്നത്തെ അവസ്ഥ**

ഒരു സമൂഹത്തിൻറെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് വ്യവസായം. സ്വകാര്യ, സഹകരണ, പൊതുമേഖലകളിലെ വ്യവസായിക വികസന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ അല്ലെങ്കിൽ അതിന് അനുയോജ്യമായ പരിസ്ഥിതി ഒരുക്കുന്നതിലൂടെ ആ പ്രദേശത്തിൻറെ സർവ്വമുഖമായ വികസനത്തിന് വഴി തുറക്കുന്നു. ഒരുകാലത്ത് കാർഷിക വൃത്തി മാത്രമുണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിൽ നിലവിൽ പല മേഖലകളിലായി സ്വയം സംരംഭങ്ങളും കാർഷിക അധിഷ്ഠിതമായ സംരംഭങ്ങളും സ്ത്രീകളുടെ JLG ഗ്രൂപ്പുകളും, മാരാധിഷ്ഠിത പ്ലൈവുഡ് വ്യവസായങ്ങളും, സേവന സംരംഭങ്ങളും ധാരാളമായി ഉണ്ട്.

| വിഭാഗം | എണ്ണം | അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ജനറൽ | എസ് സി | എസ് ടി | ആകെ |
| അയൽക്കൂട്ടങ്ങൾ | 203 | 2352 | 383 | 1 | 2736 |
| ജെ എൽ ജി ഗ്രൂപ്പുകൾ | 92 | 262 | 126 | 0 | 388 |
| തൊഴിൽ ഗ്രൂപ്പുകൾ | 32 | 38 | 18 | 0 | 56 |
| പാട്ടകൃഷി ഗ്രൂപ്പുകൾ | 92 | 262 | 126 | 0 | 388 |
| ലിങ്കേജ്വായ്പ എടുത്തിട്ടുള്ള ഗ്രൂപ്പുകൾ | 158 | 1814 | 82 | 0 | 1896 |

അശമനൂർ പഞ്ചായത്തിലെ പ്രധാന ചെറുകിട വ്യവസായം മരാധിഷ്ഠിതമായിട്ടുള്ള പ്ലൈവുഡ് നിർമ്മാണ കേന്ദ്രങ്ങളാണ്. ഇത് പ്രധാനമായും നടത്തപ്പെടുന്നത് വ്യക്തികളോ അല്ലെങ്കിൽ വ്യക്തികളുടെ കൂട്ടായ്മകളോ ആണ്. സമീപപ്രദേശങ്ങളിൽ നിന്നും അല്ലെങ്കിൽ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള റബർ മരങ്ങളെ പീല് ചെയ്ത് പ്ലൈവുഡ് ആക്കി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും വിദേശങ്ങളിലേക്കും കയറ്റി അയക്കുന്നു. ഈ വ്യവസായ കേന്ദ്രങ്ങളിൽ പ്രധാനമായും ജോലി ചെയ്യുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികളാണ്. പ്രദേശവാസികളായ സ്ത്രീകളും ഇവിടെ ജോലി ചെയ്യുന്നു. അതുകൊണ്ടുതന്നെ പ്രദേശത്തിൻറെ സാമ്പത്തിക വികസനത്തിന് ഈ യൂണിറ്റുകൾ നൽകുന്ന സംഭാവന ചെറുതല്ല. എങ്കിലും അന്യസംസ്ഥാനത്തേക്ക് പോകുന്ന പണം നമ്മുടെ പ്രദേശത്തെ വികസനത്തിന് കാര്യമായ സംഭാവനകൾ നൽകുന്നില്ല. ഈ പണം നമ്മുടെ നാട്ടിൽ തന്നെ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടത് പഞ്ചായത്തിൻറെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

1998 മുതൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച പല സ്വയം സഹായ സംഘങ്ങളും കാലക്രമേണ കുടുംബശ്രീയുടെ ഭാഗമാവുകയും അതിലെ അംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടായോ ധാരാളം സംരംഭങ്ങളും തുടങ്ങുകയും ചെയ്തിട്ടുണ്ട്. പശു വളർത്തൽ യൂണിറ്റ്, ആട് വളർത്തൽ യൂണിറ്റ്, പലഹാരം ഉണ്ടാക്കി വിൽപ്പന നടത്തുന്ന യൂണിറ്റുകൾ, തയൽ യൂണിറ്റുകൾ, കോമൺ സർവീസ് സെൻററുകൾ തുടങ്ങിയവ. ഇവ നമ്മുടെ

പഞ്ചായത്തിലെ സാമ്പത്തിക ഉന്നമനത്തിന് ചെറുതല്ലാത്ത സംഭാവനയാണ് നൽകുന്നത്. എന്നാൽ ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളെ ലാഭകരമായി വിറ്റഴിക്കുന്നതിനുള്ള പരിചയമില്ലായ്മ, സംവിധാനങ്ങൾ ഇല്ലായ്മ, എന്നിവ ഇതിൻറെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ചിലതാണ്. ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ വിപണനം പഞ്ചായത്തിന് പുറത്തേയ്ക്ക് സാധ്യമായാൽ മാത്രമേ ഇതുപോലുള്ള യൂണിറ്റുകൾക്ക് ശാശ്വതമായി നിലനിൽക്കാൻ സാധിക്കു. അതിനുവേണ്ട സഹായങ്ങൾ ആണ് പ്രാദേശിക വികസനത്തിന് പഞ്ചായത്ത് നൽകേണ്ടത്.

### നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളെ ലാഭകരമായി വിറ്റഴിക്കുന്നതിനു സാധിക്കുന്നില്ല | High | കുറഞ്ഞ വിദ്യാഭ്യാസം, അറിവില്ലായ്മ. ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളെ ലാഭകരമായി വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലായ്മ |
| സ്വയം സംരംഭകൻ ആകാനുള്ള ആത്മവിശ്വാസം ഇല്ലായ്മ | | ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ സാമ്പത്തിക അവസ്ഥയിൽ |

സംവിധാനങ്ങൾ ഇല്ലായ്മ, എന്നിവ ഇതിൻറെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ചിലതാണ്.

### പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ വിപണനം വിപുലമായാൽ മാത്രമേ ഇതുപോലുള്ള യൂണിറ്റുകൾക്ക് ശാശ്വതമായി നിലനിൽക്കാൻ സാധിക്കു. അതിനുവേണ്ട സഹായങ്ങൾ ആണ് പ്രാദേശിക വികസനത്തിന് പഞ്ചായത്ത് നൽകേണ്ടത്.

പുതിയ തലമുറയെ പരിശീലനങ്ങൾ ആവശ്യമായ മോട്ടിവേഷൻ ക്ലാസുകൾ നടത്തി കണ്ടെത്തുകയും അവർക്ക് സംരംഭം തുടങ്ങുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നാട്ടിലെ സാമ്പത്തിക സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുക.

പഞ്ചായത്ത് തലത്തിൽ സ്വയം സംരംഭകരെ സഹായിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു എൻജിനീയറിങ് ഗ്രാജുവേറ്റിന് ചുമതലപ്പെടുത്തിയിട്ടുണ്ട് അവരുടെ സേവനങ്ങൾ പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. ഉൽപാദക യൂണിറ്റുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും അവർക്ക് പൊതുവായ വിപണന കേന്ദ്രം ആരംഭിക്കുകയും വേണം. ആവശ്യക്കാർക്ക് അവിടെനിന്ന് സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം

(Appendix 1.)

### വികസന സാധ്യതകൾ/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | വിപണന സാധ്യതകൾ എന്തെല്ലാമെന്ന് മനസ്സിലാക്കുന്നതിനായുള്ള പരിശീലനം | ✓ | ✓ | ✓ | ✓ | ✓ |
| 2 | കോമൺ വർക് ഷെഡ് | | | | ✓ | |
| 3 | പൊതുവിപണന കേന്ദ്രം | | | | ✓ | |

| | | | | | | |
|---|---|---|---|---|---|---|
| 4 | നമ്മുടെ പഞ്ചായത്തിൽ തുടങ്ങാൻ പറ്റുന്ന യൂണിറ്റുകളെ കുറിച്ചുള്ള സാധ്യത പഠനം. | | ✓ | | | |

# അദ്ധ്യായം 9
# പൊതുമരാമത്ത്
## (വൈദ്യുതിയും ഊർജവും ഉൾപ്പെടെ)

### 1.1 ഇന്നത്തെ അവസ്ഥ

സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിൽ ചലനാത്മകത വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഗതാഗതം സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെ നിർണായക വശമാണ്, കൂടാതെ കൃഷി, വ്യവസായം, സേവനങ്ങൾ തുടങ്ങിയ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ വിന്യസിച്ചിട്ടുള്ള വിഭവങ്ങളുടെ സ്വാധീനശക്തി വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. ഗതാഗത സംവിധാനങ്ങൾ പൊതുവേ ജനങ്ങളുടെ ആവശ്യങ്ങൾ, സൗകര്യങ്ങൾ, ചെലവ് എന്നിവ അടിസ്ഥാനപ്പെടുത്തിയാവണം എന്നത് ആധുനിക വ്യവസായിക നാഗരികതയുടെ അടിസ്ഥാന സവിശേഷതയാണ്. ഇത് തൊഴിലിടങ്ങളിലെ ദൈനംദിന യാത്രകൾ, വിതരണ ശൃംഖലകൾ, അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മറ്റു നേട്ടങ്ങൾ ഉണ്ടാക്കൽ, ടൂറിസം, പ്രാദേശിക വികസനത്തിന്റെയും സാമ്പത്തിക സന്തുലനം എന്നിവ സുഗമമാക്കുന്നു. ഗതാഗത ആസൂത്രണത്തിൽ പ്രാദേശിക സർക്കാരികളും ദീർഘകാല വീക്ഷണം സ്വീകരിക്കേണ്ടതുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ യാത്രാഗതാഗതം ചരക്ക് ഗതാഗതം എന്നിവയിൽ പൊതു ഗതാഗതത്തിന്റെ പങ്ക് വർദ്ധിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കൂടുതൽ ഊർജ്ജക്ഷമമായ പാതകൾക്കാണ് ഊന്നൽ നൽകേണ്ടത്.

**പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വിഭാഗം തിരിച്ച്**

| Ward No | LED Bulb | LED Panel | Solar Light | Mini mast Light | Solar Panel with LED Panel | Solar Panel | Fluorescent Lamp | C.F.L | Sodium Vapour |
|---|---|---|---|---|---|---|---|---|---|
| 1 | 108 | 24 | | 1 | 0 | | 2 | | 3 |
| 2 | 87 | 14 | 1 | 1 | 0 | | 4 | | 1 |
| 3 | 98 | 14 | | 2 | 3 | | 3 | | 0 |
| 4 | 57 | 14 | | 0 | 5 | 1 | 2 | 1 | 1 |
| 5 | 80 | 31 | | 2 | 0 | | 6 | | 1 |
| 6 | 60 | 64 | | 1 | 0 | 2 | 3 | | 3 |
| 7 | 49 | 26 | | 2 | 0 | | 1 | | 1 |
| 8 | 92 | 38 | | 0 | 1 | | 3 | | 3 |
| 9 | 97 | 19 | | 2 | 0 | | 1 | | |
| 10 | 58 | 18 | | 2 | 0 | | 3 | | |
| 11 | 52 | 29 | | 2 | 2 | | 5 | | |
| 12 | 59 | 13 | | 0 | 5 | | 4 | | |
| 13 | 62 | 80 | | 1 | 1 | | 1 | 1 | |
| 14 | 78 | 26 | | 1 | 4 | | 4 | | |
| **Total** | **1037** | **410** | **1** | **17** | **21** | **3** | **42** | **2** | **13** |

Source:Asset Register, Asamannoor Grama Panchayat

പഞ്ചായത്തിലെ മുഴുവൻ മുഴുവൻ വീടുകളും തന്നെ വൈദ്യുതി കണക്ഷൻ ഉള്ളവയാണ്. കൂടാതെ പൊതുജനങ്ങളുടെ രാത്രിയിലെ സഞ്ചാരം സുഗമമാക്കുന്നതിന് പഞ്ചായത്തിൽ ആകെ 1546 തെരുവ് വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് ഇതിൽ ഏറ്റവും കൂടുതൽ എൽഇഡി ബൾബ്. കൂടാതെ എൽഇഡി പാനൽ, സോളാർ ലൈറ്റ്, സോളാർ പാനൽ വിത്ത് എൽഇഡി പാനൽ, സോളാർ പാനൽ ലാബ്, സോഡിയം വേപർ ലാമ്പ് എന്നിവയാണ് മറ്റു വിഭാഗത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ. ഇതിൽ 41 സ്ട്രീറ്റ് ലൈറ്റുകൾ നിലവിൽ പ്രവർത്തനരഹിതമാണ്. ഇവ സ്ഥിരമായി കത്തിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ആനുവൽ മെയിന്റനൻസ് കോൺട്രാക്ടറുടെ സഹായത്തോടെ നടത്തുന്നു

പഞ്ചായത്ത് റോഡുകൾ, എല്ലാ വാർഡുകളിലെയും കൂടി, ആകെ 256 എണ്ണമാണ് ഉള്ളത്. ഇവയുടെ എല്ലാം കൂടിയുള്ള ആകെ നീളം 85 കിലോമീറ്റർ ആണ്. 3 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴികളെയാണ് റോഡ് എന്ന വിഭാഗത്തിൽ പെടുത്തിയിരിക്കുന്നത് വിവരങ്ങൾ പട്ടികയായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യം സൂചിപ്പിച്ച പോലെ നാടിൻറെ വികസനത്തിന് അത്യന്താപേക്ഷിതമായ മൂന്ന് ഘടകങ്ങളാണ്, നല്ല റോഡ് വൈദ്യുതി, ആവശ്യത്തിന് വെള്ളം എന്നിവ. കേരളത്തിലെ റോഡിൻറെ ലഭ്യത പരിശോധിക്കുമ്പോൾ ആയിരം ജനസംഖ്യക്ക് 7.75 കിലോമീറ്റർ എന്നതോതിൽ റോഡ് ദൈർഘ്യമുണ്ട്. എന്നാൽ നമ്മുടെ റോഡ് ദൈർഘ്യം ഇതിൽ കുറവാണ്. നമ്മുടെ റോഡ് ദൈർഘ്യം കേവലം 4.5 കിലോമീറ്റർ മാത്രമാണ്. അതായത് ഇപ്പോഴും പല വീടുകളിലേക്കും എത്തിപ്പെടുന്നതിന് ആവശ്യത്തിന് റോഡ് സൗകര്യം ഇല്ല ഇത് പരിഹരിക്കപ്പെടേണ്ടതുണ്ട്.

**വാർഡുകളിലെ റോഡുകളുടെ വിവരങ്ങൾ**

| വാർഡ് നമ്പർ | റോഡുകളുടെ എണ്ണം | ആകെ നീളം (കിലോമീറ്ററിൽ ) |
|---|---|---|
| 1 | 16 | 3.37 |
| 2 | 15 | 4.06 |
| 3 | 19 | 5.54 |
| 4 | 20 | 5.59 |
| 5 | 17 | 6.4 |
| 6 | 20 | 9.21 |
| 7 | 17 | 4.76 |
| 8 | 22 | 7.26 |
| 9 | 17 | 6.45 |
| 10 | 20 | 7.19 |
| 11 | 18 | 6.93 |
| 12 | 23 | 7.35 |
| 13 | 14 | 6.3 |
| 14 | 18 | 4.52 |
| **Total** | **256** | **84.93** |

3 മീറ്റർ/അതിൽ കൂടുതലോ വീതിയുള്ള വഴികളെ ആണ് റോഡ് എന്ന വിഭാഗത്തിൽ പെടുത്തുന്നത്,3 ൽ താഴെയാണ് വീതിയെങ്കിൽ Lane എന്ന വിഭാഗത്തിൽ

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| ഇപ്പോഴും പല വീടുകളിലേക്കും | High | സ്ഥലത്തിന് വില വർദ്ധിതോടുകൂടി വഴിയില്ലാത്ത പ്രദേശത്ത് ജീവിക്കുന്ന |

| | | |
|---|---|---|
| എത്തിപ്പെടുന്നതിന് ആവശ്യത്തിന് റോഡ് സൗകര്യം ഇല്ല. | | വീടുകളിലേക്ക് വഴിക്കായി പൊതു വിപണിയിലെ വില ലഭിക്കാതെ സ്ഥലം വിട്ടു നൽകാൻ സ്ഥലം ഉടമകൾ തയ്യാറാകുന്നില്ല. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്നവർക്ക് പണം കൊടുത്ത് വാങ്ങുക എന്നത് അസാധ്യമാ ണ് |
| റോഡുകളുടെ ശോചനീയാവസ്ഥ റോഡുകൾ പണി തീർന്നതിനു ശേഷം ഉടനെ തന്നെ കുഴികൾ രൂപപ്പെടുന്നു | High | റോഡ് മെയിൻറനൻസിനുള്ള പണം ഓരോ വാർഡിനും വീതം വെച്ച് എടുക്കുന്നു എന്നതിനാൽ ആ തുക റോഡുകൾ നല്ല ഗുണനിലവാരത്തോടെ മെയിൻറനൻസ് നടത്തുവാൻ സാധിക്കാതെ വരുന്നു. പ്ലൈവുഡ് ഫാക്ടറികളിലേക്ക് വരുന്ന ഭാരവണ്ടികൾ. |
| ഘടക സ്ഥാപനങ്ങളിൽ സ്വന്തമായി കെട്ടിടവും സൗകര്യവും ഇല്ലാത്ത വർക്ക് കെട്ടിടം നിർമ്മിക്കണം | High | ഫണ്ടിന്റെ അപര്യാപ്തത । |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

ഓരോ വാർഡുകളിലെയും ഏതൊക്കെ വീടുകളിലാണ് റോഡ് സൗകര്യം ഇല്ലത് ഇല്ലാത്തത് എന്ന് മനസ്സിലാക്കി അവർക്ക് റോഡ് സൗകര്യം എത്തിക്കുന്നതിനുള്ള പ്രായോഗികമായ നടപടികൾ ആസൂത്രണം ചെയ്യുക. ഇത്, എംഎൽഎ, എംപി, മറ്റു പ്രാദേശിക സർക്കാരുകൾ എന്നിവരുടെ സഹായത്തോടെ പഞ്ചായത്തിൻറെ നേതൃത്വത്തിൽ പ്രാവർത്തികമാക്കാവുന്നതാണ്.

റോഡുകൾ സ്ഥിരമായി മെയിന്റനൻസ് നടത്തുന്നതിന് കുടുംബശ്രീ പോലുള്ള കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷനുകളുടെ സഹായത്തോടെ ഒരു സ്ഥിരം സംവിധാനം പഞ്ചായത്ത് ആലോചിക്കാവുന്നതാണ് ഇതിലൂടെ ഏത് റോഡിലാണോ കുഴി രൂപപ്പെടുന്നത് ഉടനെ തന്നെ അത് അടയ്ക്കുന്നതിനുള്ള നടപടികൾ ഈ സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കുക കുടുംബശ്രീക്ക് പകരമായി മറ്റു സംവിധാനങ്ങളെയും കുറിച്ചും പഞ്ചായത്തിന് ആലോചിക്കാവുന്നതാണ്

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്ലൈവുഡ് ഫാക്ടറികളിലേക്ക് വരുന്ന ഭാരവണ്ടികൾ, പഞ്ചായത്ത് റോഡുകളിലൂടെ പോകുമ്പോൾ റോഡുകൾ പൊട്ടിപൊളിഞ്ഞു പോകുന്നു. ഇത് പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ധാരാളം അപകടങ്ങൾക്കും കാരണമാകുന്നു. അതുകൊണ്ട് വലിയ ഭാരവണ്ടികൾ വരുന്ന കമ്പനികളിലേക്കുള്ള വഴികൾ കമ്പനിയുടെ സഹായത്തോടുകൂടി നിർമ്മിക്കാൻ ആലോചിക്കേണ്ടതാണ് അവിടെ വലിയ ഭാരം താങ്ങുന്നതിന് പറ്റുന്ന രീതിയിലുള്ള റോഡുകൾ പ്ലാൻ ചെയ്യുകയും വേണം.

ഘടക സ്ഥാപനങ്ങളിൽ സ്വന്തമായി കെട്ടിടവും സൗകര്യവും ഇല്ലാത്ത വർക്ക് കെട്ടിടം നിർമ്മിക്കണം

പൊതുമരാമത്ത് വർക്കുകൾ കൂടുതൽ കാര്യക്ഷമമായി മോണിറ്റർ ചെയ്യുക

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | റോഡുകൾ നിർമ്മിക്കുക | ✓ | ✓ | ✓ | ✓ | ✓ |
| 2 | കലുങ്കുകൾ പാലങ്ങൾ എന്നിവ മെയിൻറനൻസ് നടത്തുക | ✓ | ✓ | ✓ | ✓ | |
| 3 | ഘടക സ്ഥാപനങ്ങളുടെയും അംഗൻവാടികളുടെയും കെട്ടിടം മെയിൻറനൻസ് | ✓ | ✓ | ✓ | ✓ | |
| 4 | റോഡുകളുടെ മെയിൻറനൻസ് | ✓ | ✓ | ✓ | ✓ | |
| 5 | റോഡുകൾ സ്ഥിരം മെയിന്റനൻസ് നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക | | | | | |

# അദ്ധ്യായം 10

# ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

### 1.1 ഇന്നത്തെ അവസ്ഥ

അശമന്നൂർ ഗ്രാമപഞ്ചായത്ത് പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന പശ്ചിമഘട്ടത്തിന്റെ സ്വഭാവ സവിശേഷതകൾ ഉള്ള ഒരു ഗ്രാമപ്രദേശമാണ്. ഇവിടെ ധാരാളം കുന്നുകളും താഴ്വാരങ്ങളും കുന്നിൻ ചെരുവുകളിലുമായി വിവിധയിനം സസ്യജാലങ്ങളും വളരെയേറെ ജന്തുജാലങ്ങളും കാണപ്പെടുന്നു ലോകത്തിലെ ഏറ്റവും ഭീഷണി നേരിടുന്ന ഒരു ജൈവവൈവിധ്യ കലവറയാണ് നമ്മുടെ പ്രദേശവും ഉൾക്കൊള്ളുന്ന പശ്ചിമഘട്ടം ഇവ സംരക്ഷിക്കേണ്ടത് നാം നമ്മുടെ വരും തലമുറയോട് കാണിക്കേണ്ട ഉത്തരവാദിത്തമാണ് നമ്മുടെ പഞ്ചായത്തിലെ വിവിധയിനം സസ്യലതാദികളെ കുറിച്ചും മൃഗസംഭത്തിനെ കുറിച്ചും ഉള്ള വിവരങ്ങൾ "ബയോഡൈവേഴ്സിറ്റി രജിസ്റ്ററിൽ" തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അത് വീണ്ടും പുതുക്കേണ്ട സമയമായി. തയ്യാറാക്കുമ്പോൾ, നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്ന വിവിധ സസ്യലതാദികളും ജന്തു ജാലങ്ങളിലും എണ്ണത്തിൽ എന്ത് മാറ്റങ്ങളാണ് വന്നിട്ടുള്ളത് വന്നിട്ടുള്ളത് എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. അതിനായി നമ്മുടെ സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കേണ്ടതുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജൈവവൈവിധ്യ ആക്ടിന്റെ വകുപ്പ് **41** പ്രകാരം അവരുടെ പരിധിയിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിക്കേണ്ടതാണ്. ഈ സമിതികൾ, ജൈവ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, അവയുടെ സുസ്ഥിരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക, കൂടാതെ ആവാസവ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, കൃഷിയിടങ്ങൾ, വളർത്തിനങ്ങൾ, കന്നുകാലികൾ സൂക്ഷ്മാണുക്കൾ ഇവയുടെ സംരക്ഷണം ആദിയായ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന്, ബന്ധപ്പെട്ട അറിവുകൾ കാലാനുസൃതമായി ശേഖരിക്കുന്നതിനും, നിയമപരമായി ചുമതലപ്പെടുത്തിയിട്ടുള്ള പ്രാദേശിക സമിതികൾ ആണ് ബയോഡൈവേഴ്സിറ്റി മാനേജ്മെൻറ് കമ്മിറ്റി അതായത് ജൈവവൈവിധ്യ പരിപാലന സമിതി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കി അതാത് പഞ്ചായത്തുകളിൽ സൂക്ഷിക്കേണ്ടത് അനിവാര്യമായും ചെയ്യേണ്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാണ്.

കാലാവസ്ഥാ വ്യതിയാനം നമ്മുടെ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുള്ള ആഘാതം വളരെ വലുതാണ്. ക്രമാതീതമായി ഉയരുന്ന അന്തരീക്ഷത്തിലെ താപനില അപ്രതീക്ഷിതമായ വർഷപാദത്തിനും വെള്ളപ്പൊക്കത്തിനും കാരണമാകുന്നു **2018** ൽ നമ്മുടെ പ്രദേശത്തുണ്ടായ തുടർച്ചയായ വർഷ ഭാഗം ഒരു നൂറ്റാണ്ടിലെ നൂറ്റാണ്ട് ഒരു നൂറ്റാണ്ടിനു ശേഷം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ വലിയ വെള്ളപ്പൊക്കത്തിന് കാരണമായി. വെള്ളപ്പൊക്കത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ ജീവാപായം ഉണ്ടായില്ലെങ്കിൽ പോലും, കർഷകർക്ക് സംഭവിച്ച സാമ്പത്തിക നഷ്ടം വളരെ വലുതാണ്. നമുക്ക് എവർക്കും അറിയാവുന്നതുപോലെ, കാർഷിക രംഗത്ത് ജോലി ചെയ്യുന്നത് വരുമാനം കുറഞ്ഞ നാമമാത്ര കർഷകരാണ് അവരുടെ ഏക വരുമാനം അവരുടെ ചെറിയ തുണ്ട് ഭൂമികളിൽ ചെയ്യുന്ന, കപ്പ കൃഷിയോ, ഏത്തവാഴ കൃഷിയോ, അല്ലെങ്കിൽ മറ്റു കൃഷികളാണ്. തുടർച്ചയായ മഴ ഈ കൃഷിയെ മുഴുവനും വെള്ളത്തിനടിയിൽ ആക്കുകയും വിള നശിക്കുകയും ചെയ്തു കേരളത്തിന് ആകെ സംഭവിച്ച നഷ്ടം **33000** കോടിയുടെതാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത് നമ്മുടെ പഞ്ചായത്തിന് സംഭവിച്ച നഷ്ടവും വളരെ വലുതാണ്. ഹരിത ഗൃഹവാതകങ്ങളുടെ അനിയന്ത്രിതമായ പുറന്തള്ളൽ മൂലം നമ്മുടെ

അന്തരീക്ഷത്തിലേക്ക് എത്തുന്ന ചൂട് പുറത്തേക്ക് പോകാതെ ഭൂമിയോട് ചേർന്ന് തന്നെ ഭൂമിയെ കൂടുതൽ ചൂടാക്കുന്നു എന്നുള്ളതാണ് ഇതുപോലുള്ള കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായിട്ടുള്ളത്. ആയതിനാൽ **2070** ഓടുകൂടി ഹരിത ഗൃഹ വാതകങ്ങൾ ഒട്ടുംതന്നെ പുറന്തള്ളാത്ത സംസ്ഥാനമായി കേരളത്തിന് മാറ്റേണ്ടതുണ്ട്.

അതിനായി കാർബൺ രഹിത ഊർജ്ജസ്രോതസ്സുകൾ നമ്മൾ നമ്മൾ പ്രോത്സാഹിപ്പിക്കണം. പെട്രോൾ, ഡീസൽ, വിറക് എന്നിവ പോലുള്ള ഇന്ധനങ്ങളിൽ നിന്നും ഇലക്ട്രിസിറ്റിയിലേക്ക് മാറുന്നതിനു വേണ്ട സഹായവും ബോധവൽക്കരണവും സമൂഹത്തിനിടയിൽ നടത്തേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ, പുറന്തള്ളുന്ന കാർബൺഡയോക്സൈഡിന് നിർവീര്യമാക്കുന്നതിനായി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതും അത്യാവശ്യമാണ്. നമ്മുടെ കാർഷിക കലണ്ടറുകളും അതാത് പ്രദേശത്തെ കാലാവസ്ഥാ മാറ്റങ്ങൾക്ക് അനുസരിച്ച് മാറ്റുന്നതിന് നാം തയ്യാറാക്കേണ്ടിയിരിക്കുന്നു ഇതിനായി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക ഗവേഷണ കേന്ദ്രം, കൃഷി ഓഫീസ് എന്നിവരുടെ സഹായത്തോടെ കാർഷിക കലണ്ടർ പുതുക്കേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണവുമായി നമ്മൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് വീടുകളിൽ നിന്ന് പുറന്തള്ളുന്ന അഴുകുന്നതും അഴുകാത്തതുമായ വേസ്റ്റുകൾ. ജനസംഖ്യ വർദ്ധനവോടുകൂടി പാവപ്പെട്ട കുടുംബങ്ങളുടെ കൈവശമുണ്ടായിരുന്ന ചെറുതുണ്ട് ഭൂമികൾ വീതം വയ്ക്കപ്പെടുകയും രണ്ടു സെന്റിലും **3** സെന്റിലും വീടുകൾ വയ്ക്കാൻ അവർ നിർബന്ധിതരാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വീടുകളിൽ നിന്ന് ഉണ്ടാകുന്ന മാലിന്യം ശരിയായി സംസ്കരിക്കുന്നതിനുള്ള സൗകര്യം അവർക്കില്ല. സ്വാഭാവികമായും ഇതുപോലുള്ള മാലിന്യങ്ങൾ, ഭക്ഷ്യ അവശിഷ്ടങ്ങളും, പ്ലാസ്റ്റിക് കവറുകളും, പ്ലാസ്റ്റിക് ചെരിപ്പുകളും, റബ്ബർ ചെരിപ്പുകളും, കുട്ടികളുടെ വസ്ത്രങ്ങൾ, സ്ത്രീകളുടെ സാരികൾ, എന്നിവ വഴിവക്കിൽ/അടുത്തുള്ള ജലാശയങ്ങളിലോ തള്ളുന്നു. ഇതിന് നമ്മൾ നിയന്ത്രിക്കേണ്ടതുണ്ട്. ഇപ്പോൾ തന്നെ, വേനലിൽ നമ്മൾ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം അതി രൂക്ഷമാണ. ലഭ്യമായ ജലാശയങ്ങളിലും ഭൂമിയിലും ഇതുപോലുള്ള മാലിന്യങ്ങൾ തള്ളുന്നത് മൂലം ഭൂഗർഭജലസ്രോതസ്സുകൾ മലിനമാകുന്നതിനും തുടർന്ന് രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനും കാരണമാകാം. നമ്മുടെ പഞ്ചായത്തിൽ പലപ്പോഴായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഡെങ്കു പനി പരിസര ശുചീകരണത്തിന്റെ അഭാവം കൊണ്ടാണ്. തെരുവുകളിലും കവലകളിൽ ധാരാളം തെരുവ് പട്ടികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. കോവിഡ്സമയത്ത്, സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ, നമ്മുടെ പഞ്ചായത്തിലെ പല ജലസ്രോതസ്സുകളും വളരെ ശുദ്ധമായി കാണപ്പെട്ടു എന്നുള്ളത് നമ്മൾ ചിന്തിക്കേണ്ട വിഷയമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് നമ്മുടെ പരിതസ്ഥിതിയെ മലിനമാക്കുന്നത്, മുൻപിൻ നോട്ടം ഇല്ലാത്ത അല്ലെങ്കിൽ വിവേചന രഹിതമായ ഇടപെടലുകളാണ് എന്ന് മനസ്സിലാക്കാം. ആയതിനാൽ ഇതുപോലുള്ള പ്രവർത്തികളെ തടയുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള ബയോഡൈവേഴ്സിറ്റി മാനേജ്മെൻറ് സമിതിയുടെ സഹായത്തോടുകൂടി ശക്തമായ നടപടികൾ എടുക്കേണ്ടതുണ്ട്.

മറ്റൊന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്പനികളോട് അനുബന്ധിച്ച് ജീവിക്കുന്ന അതിഥി തൊഴിലാളികൾ പുറന്തള്ളുന്ന മാലിന്യങ്ങൾ ആണ്. പ്രധാനമായും ആഹാരത്തിന്റെ ബാക്കി, മീൻ കഴുകുന്നതും, ഇറച്ചി കഴുകുന്നതുമായ വെള്ളം, ഭക്ഷണസാധനങ്ങൾ പൊതിഞ്ഞു കൊണ്ടുവരുന്ന പ്ലാസ്റ്റിക് കവറുകൾ, പേപ്പറുകൾ, അവരുടെ ഉപയോഗശൂന്യമായ വസ്ത്രങ്ങൾ, ഇതെല്ലാം കമ്പനിയുടെ പ്രദേശങ്ങളിൽ സഞ്ചാരമില്ലാത്ത ഇടവഴികളിൽ തള്ളുകയും മഴക്കാലത്ത് ഇതു വലിയ പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റു ബന്ധപ്പെട്ട കമ്പനികളുടെ പരിസരം പരിശോധിക്കുന്നതിനും അവിടെ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നത് കമ്പനികളെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് ഇതോടൊപ്പം ചേർത്ത് പറയേണ്ട മറ്റൊരു വിഷയമാണ്.

കമ്പനികളിൽ നിന്ന് പുറന്തള്ളുന്ന ദ്രവമാലിന്യങ്ങൾ സംസ്കരിക്കാതെ തുറന്നു വിടുന്നത് മൂലം, നീർച്ചാലിലൂടെ ഈ ജലം ഒഴുകി തോടുകളിൽ എത്തുകയും അവസാനം ഏതെങ്കിലും നദികളിൽ ചേരുകയും ചെയ്യുന്നു. ഒരു കോളേജ് അധ്യാപകൻ നടത്തിയ പഠനമനുസരിച്ച് ഇങ്ങനെ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ, കുടിവെള്ളത്തിൽ കുടിവെള്ളത്തിൽ ദോഷകരമായ മൂലകങ്ങൾ അലിഞ്ഞുചേരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. അനുവദനീയമായിട്ടുള്ളതിലും വളരെ കൂടുതൽ അളവ് മൂലകങ്ങൾ ഉള്ളതായി, കിണർ വെള്ളം പരിശോധിച്ചപ്പോൾ കണ്ടെത്തിയിട്ടുണ്ട്. മറ്റു ജലസ്രോതസ്സുകൾ പരിശോധിച്ചപ്പോഴും ഇത് അവർക്ക് ലഭിക്കുകയുണ്ടായി. ആയതിനാൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ കമ്പനികളിലും ശരിയായ വിധത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് നമ്മൾ മുൻകൈയെടുക്കേണ്ടതുണ്ട്.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| കാലാവസ്ഥാ വ്യതിയാനം | | ഹരിത ഗൃഹ വാതകങ്ങളുടെ അമിതമായ പുറന്തള്ളൽ |
| അശാസ്ത്രീയമായ മാലിന്യ സംസ്കരണം. | | മാലിന്യ സംസ്കരണത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് അറിവില്ലാത്തതിനാൽ. |
| പഞ്ചായത്തിൽ പലപ്പോഴായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പകരുന്ന രോഗങ്ങൾ | | അശാസ്ത്രീയമായ മാലിന്യ സംസ്കരണം. |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

കമ്പനികളിൽ മാലിന്യ സംസ്കരണത്തിന് നിർദ്ദേശം നൽകുക.

അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുക.

ഇത് എങ്ങനെയെല്ലാം നമ്മുടെ പരിതസ്ഥിതിയെ ആഘാതം ഏൽപ്പിക്കുന്നു എന്നുള്ളത് അവരുടെ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കുക

അനിയന്ത്രിതവും അശാസ്ത്രീയവുമായ മാലിന്യ സംസ്കരണത്തിലൂടെ നമ്മുടെ കുടിവെള്ളം എത്രമാത്രം മലിനമായിട്ടുണ്ട് എന്നുള്ളത് കൊച്ചി സർവകലാശാല പോലുള്ള മോതന സാങ്കേതിക വിദ്യകൾ കൈവശമുള്ള യൂണിവേഴ്സിറ്റികളും ആയി ചേർന്ന് പഠനം നടത്തുക.

അതിൻറെ അടിസ്ഥാനത്തിൽ പരിഹാര പരിപാടികൾ അസൂത്രണം ചെയ്യുക

## വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | ഹരിത കർമ്മ സേന സേനയ്ക്ക് സാമ്പത്തിക സഹായം | ✓ | ✓ | ✓ | ✓ | ✓ |
| 2 | കുടിവെള്ള സ്രോതസ്സുകൾ കൊച്ചിൻ യൂണിവേഴ്സിറ്റി അല്ലെങ്കിൽ മറ്റ് സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്നുള്ള പരിശോധന | ✓ | ✓ | ✓ | ✓ | |

| | | | | | | |
|---|---|---|---|---|---|---|
| 3 | അതിഥി തൊഴിലാളികൾക്ക് മാലിന്യ സംസ്കരണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള ബോധവൽക്കരണം | ✓ | ✓ | ✓ | ✓ | |
| 4 | കുടിവെള്ള സ്രോതസ്സുകൾ എത്രമാത്രം മലിനമാണ് എന്നുള്ളത് പരിശോധിക്കുന്നതിന് നമ്മുടെ രണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ട്രെയിനിങ് നൽകുക | ✓ | ✓ | ✓ | ✓ | |
| 5 | കാർഷിക കലണ്ടർ രൂപീകരണം | | ✓ | | | |
| | വളരെ ചെറിയ പുരയിടം ഉള്ള വീടുകൾക്ക് മാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് ബിൻ വിതരണം | ✓ | ✓ | ✓ | | |
| | പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് മാലിന്യ സംസ്കരണത്തെ കുറിച്ചുള്ള അവയർനസ് ക്യാമ്പയിൻ. ഇത് ജലശ്രീ ക്ലബുമായി ചേർന്ന് നടത്താവുന്നതാണ്. | ✓ | ✓ | ✓ | ✓ | ✓ |

# അദ്ധ്യായം 11
# ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പടെ)

## 1.1 ഇന്നത്തെ അവസ്ഥ

ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ അനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെങ്കിലും ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗത്തിൽ ഇപ്പോഴും ദാരിദ്ര്യത്തിന്റെ പ്രശ്നം നിലനിൽക്കുന്നു. ഇന്നത്തെ കേരള സർക്കാരിൻറെ, പാവപ്പെട്ടവരോടുള്ള പ്രതിബദ്ധതയും സാമൂഹിക ക്ഷേമത്തോടുള്ള പ്രതിബദ്ധതയും കണക്കിലെടുക്കുമ്പോൾ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽനിന്ന് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന് ദൗത്യം നിറവേറ്റുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ അതിദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ സർവ്വേ നടത്തുകയും അവരുടെ വീടുകൾ സന്ദർശിച്ച് യഥാർത്ഥ ഗുണഭോക്താക്കളാണ് എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ അതിദരിദ്രരുടെ ആകെ എണ്ണം പതിനെട്ടാണ് മാനസികമായി വെല്ലുവിളി നേടുന്നവരും ശാരീരികമായ വെല്ലുവിളി നേടുന്നവരും ആണ് ഈ വിഭാഗത്തിൽ പ്രധാനമായും വന്നിട്ടുള്ളത്. ഒറ്റപ്പെട്ടു ജീവിക്കാൻ വിധിക്കപ്പെട്ട ഇവരെ ദാരിദ്ര്യത്തിൽ നിന്ന് വിമുക്തരാക്കുന്നതിനായി മൈക്രോ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

പഞ്ചായത്തിലൂടെ നടപ്പിലാക്കുന്ന മറ്റൊരു ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് ആശ്രയ പദ്ധതി. കുടുംബശ്രീയുടെ സഹായത്തോടു കൂടി നമ്മുടെ ഗ്രാമപഞ്ചായത്തിലെ ദരിദ്രരായ കുടുംബങ്ങൾക്ക് മാസംതോറും, ആളുകളുടെ എണ്ണത്തിന് അനുസരിച്ച് ***500*** രൂപ ***700*** രൂപ ***900*** രൂപയുടെ ആവശ്യമുള്ള സാധനങ്ങൾ വീട്ടിലേക്ക് വാങ്ങി നൽകുന്നുണ്ട് വീടില്ലാത്തവർ പട്ടിണി കിടക്കരുത് എന്നുള്ള ലക്ഷ്യത്തോടെയും വരുമാനം കുറഞ്ഞവർക്ക്. പട്ടിണി കിടക്കരുത് എന്നുള്ള ലക്ഷ്യത്തോടെയും നടപ്പിലാക്കുന്ന മറ്റൊരു ദാരിദ്ര്യം നിർമാർജന പദ്ധതിയാണ് ജനകീയ ഹോട്ടലുകൾ നമ്മുടെ പഞ്ചായത്തിൽ ചെറുകുന്നത്ത് പ്രവർത്തിച്ചിരുന്ന ജനകീയ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല അത് ഉടനെ തന്നെ സൗകര്യപ്രദമായ സ്ഥലത്ത് ആരംഭിക്കുന്നതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാരിൻറെ ഒരു സുപ്രധാന പദ്ധതിയായിരുന്നു സമ്പൂർണ്ണ മാർക്കിട പദ്ധതിയായ ഉപജീവനമാർഗം മെച്ചപ്പെടുത്തൽ ഉൾപ്പെടുത്തൽ സാമ്പത്തിക ശാക്തീകരണം പദ്ധതി ഇത് ലൈഫ് മിഷൻ എന്ന പേരിലാണ് പ്രസിദ്ധമായത് ഈ പദ്ധതിയിൽ ***2022*** ഫെബ്രുവരി വരെ സംസ്ഥാനത്തെ ***2791331*** കുടുംബങ്ങൾക്ക് നിലവാരമുള്ള വീടുകൾ വ്യക്തിഗത ഭവനങ്ങളും ഫ്ലാറ്റുകളും ഉൾപ്പെടെ നിർമ്മിച്ചു നൽകിയിട്ടുണ്ട് ഈ കുടുംബങ്ങൾ പാർപ്പിടത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട കുടുംബങ്ങളാണ് സംസ്ഥാനത്ത് അതുവരെ നിലനിന്നിരുന്ന വിവിധ വകുപ്പുകളുടെ ദരിദ്രർക്കായുള്ള എല്ലാ ഭവന പദ്ധതികളെയും സംയോജിപ്പിക്കുകയും ലൈഫ് പദ്ധതിയുമായി കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട് ഈ പദ്ധതി ***14***ാംാം പഞ്ചവത്സര പദ്ധതിയിലും തുടരുന്നതാണ് ഇനി വരുന്ന അഞ്ചുവർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളികൾ തോട്ടം തൊഴിലാളികൾ എന്നിവരുടെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രത്യേകം നൽകുന്നതാണ്..

***2011*** ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള ***3401*** കുടുംബങ്ങളിൽ ***2186*** കുടുംബങ്ങൾ പൊതു വിഭാഗത്തിലും ***22*** കുടുംബങ്ങൾ എസ് സി വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുളല മുൻഗണനാ വിഭാഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ഐ.എ.വൈ . | ബി.പി.എൽ | മുൻഗണന വിഭാഗം | നിരാലംബരായ കുടുംബങ്ങൾ | മറ്റുള്ളവർ | ആകെ മുന്ഗണന വിഭാഗണങ്ങൾ |
|---|---|---|---|---|---|
| *117* | *1352* | *142* | *140* | *30* | *1681* |

ഈ ലിസ്റ്റ് അന്തിമമാകുന്നതോടുകൂടി ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് റേഷൻ ചികിത്സ സൗകര്യങ്ങൾ സൗജന്യ നിരക്കിൽ ലഭിക്കുമെന്ന് പ്രത്യാശിക്കാം.

പാർപ്പിട മേഖലയിൽ ജനങ്ങൾ അഭിമുഖരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഭൂരഹിതർ ഭവന രഹിതർ വാസയോഗ്യമല്ലാത്ത വീടുള്ളവർ വീട് പണി പൂർത്തിയാക്കാൻ കഴിയാത്തവർ വാസയോഗ്യമാക്കാൻ കവിയുന്ന വീടുള്ളവർ തുടങ്ങിയവർ അനവധിയാണ്. പാർപ്പിട മേഖലയിൽ ഉൾപ്പെടുത്തേണ്ട ജനവിഭാഗങ്ങളുടെ പട്ടിക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | ജനറൽ | എസ് സി | എസ് ടി | ആകെ |
|---|---|---|---|---|---|
| 1 | ഭൂരഹിതർ | 100 | 48 | 0 | 148 |
| 2 | ഭവന രഹിതർ | 467 | 103 | 0 | 570 |
| 3 | വാസയോഗ്യമല്ലാത്ത വീടുള്ളവർ | 600 | 75 | 0 | 675 |
| 4 | അറ്റകുറ്റപണികൾ നടത്തിയാൽ വാസയോഗ്യമാക്കുവാനുള്ള വീടുള്ളവർ | 300 | 57 | 0 | 357 |
| 5 | സാമ്പത്തിക സഹായം നൽകിയിട്ടും പൂർത്തിയാക്കാൻ ശേഷിയില്ലാത്തവർ | 28 | 3 | 0 | 31 |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| സ്ഥിരമായ സാമ്പത്തിക വരുമാനത്തിന്റെ അപര്യാപ്തത | High | നാണ്യവിളകളുടെ ഇടിവ്, സ്ഥിരമായ തൊഴിൽ ലഭ്യത കുറവ്, ചെറുകിട വ്യവസായത്തിന്റെ കുറവ് |
| ദാരിദ്ര്യം പാർപ്പിടം ഇല്ലായ്മ വിദ്യാർത്ഥികൾ വീടില്ലായിരുന്നു | High | പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നവർ ചെറിയ വരുമാനമുള്ളവർ സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റ് വരുമാനം ഉണ്ടാക്കാൻ സാധിക്കാത്തവർ ആഹാരത്തിനായി കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്നതിനാൽ മദ്യപാനം കുറഞ്ഞ വിദ്യാഭ്യാസ നിലവാരം |
| | | |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

സ്ഥിരമായ വരുമാനം ഇല്ലാത്ത ഗ്രാമീണ കുടുംബങ്ങളിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ഒരു കുടുംബത്തിന് 100ദിവസത്തെ ജോലി ഉറപ്പു നൽകുന്നുണ്ട്. ദരിദ്രരും ഏറ്റവും പാവപ്പെട്ടവരുമായ എല്ലാ വിഭാഗം ആളുകളെയും ഈ

എൻആജിഎസ് എന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അതാത് വാർഡിൽ ഉള്ള ജനപ്രതിനിധികളും തൊഴിലുറപ്പ് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരും ശ്രമിക്കേണ്ടതാണ്.

സ്വന്തമായി ഭൂമിയില്ലാത്തതിനാൽ കാർഷിക ജോലി ചെയ്യാൻ സാധിക്കാത്ത പല കുടുംബങ്ങളെയും കുടുംബശ്രീയുടെ കീഴിൽ JLGകൾ രൂപീകരിച്ച നമ്മുടെ പഞ്ചായത്തിലെ ഭൂമികളിൽ കൃഷി ചെയ്യാവുന്നതാണ്. ഇതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൗജന്യമായി ആ ഭൂമി കൃഷി ചെയ്യുന്നതിന് മാത്രമായി ഇവർക്ക് എടുത്തു നൽകാവുന്നതാണ്.

മദ്യപാനത്തിലൂടെ ദാരിദ്ര്യം തുടരുന്ന വളരെയേറെ കുടുംബങ്ങൾ നമുക്ക് ചുറ്റുമുണ്ട് ഇവരെ കണ്ടെത്തി കൗൺസിലിങ്ങിലൂടെ അവരെ ലഹരി വിമോചന കേന്ദ്രങ്ങളിൽ പങ്കെടുപ്പിച്ച് അവരെ അതിൽ നിന്നും വിമുക്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കുറഞ്ഞ വിദ്യാഭ്യാസ നിലവാരം ഉള്ള ആളുകൾക്ക് തുടർ സാക്ഷരതാ കേന്ദ്രത്തിന്റെ വിദ്യാഭ്യാസം നൽകുകയും അവരെ എംപവർ ചെയ്യുകയും ചെയ്യാവുന്നതാണ്

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | ലൈഫ് ഭവന പദ്ധതി | ✓ | ✓ | ✓ | ✓ | ✓ |
| 2 | ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ | ✓ | ✓ | ✓ | ✓ | |
| 3 | വീട് മെയിൻറനൻസ് | ✓ | ✓ | ✓ | ✓ | |
| 4 | അതി ദരിദ്ര മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | |
| 5 | ആശ്രയ പദ്ധതി നടപ്പിലാക്കൽ | | | | | |
| 6 | വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭൂരിതർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെയോ കുടുംബശ്രീയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുക | | | | | |

# അദ്ധ്യായം 12
# സാമൂഹ്യ നീതി

## (ഭിന്നശേഷിയുള്ളവർ വയോജനങ്ങൾ കുട്ടികൾ, ട്രാൻസ് ജെൻഡേർസ് മുതലായവ)

### 1.1 ഇന്നത്തെ അവസ്ഥ

ബുദ്ധിപരവും ശാരീരികവുമായ വൈകല്യമുള്ളവർ, വയോജനങ്ങൾ, ഭിന്നലിംഗക്കാർ, എന്നിവരുടെ പ്രശ്നങ്ങൾ അവരെ പരിചരിക്കുന്നവർ ഒരു മാത്രം പരിഹരിക്കേണ്ടതല്ല എന്നും മറിച്ച്, അതിനെ സമൂഹത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമായി കാണണം എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഇവരുടെ പ്രശ്നങ്ങൾ ഓരോ വ്യക്തികൾക്കും വ്യത്യസ്തമായിരിക്കും എന്നുള്ളതാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

ഇവർ സമൂഹത്തിൽ നിന്നും സ്വന്തം വീടുകളിൽ നിന്നും ഇതിനോടകം തന്നെ പലവിധത്തിലുള്ള വിവേചനങ്ങൾക്ക് വിധേയരായവരാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വലിയ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഭിന്നശേഷിക്കാരുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനായുള്ള പദ്ധതികളിലേക്കുള്ള വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്

പതിനാലാം പഞ്ചവത്സര പദ്ധതിയിലും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. അതോടൊപ്പം തന്നെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും നമ്മൾ ഉറപ്പുവരുത്തേണ്ടതുണ്ട് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെകാളും ജനസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ മുതിർന്ന പൗരന്മാര ഉള്ളത് അല്ലെങ്കിൽ വയസ്സായവർ കേരളത്തിലാണ്. അതിനാൽ ഇവരുടെ മാനുഷികമായ ആവശ്യങ്ങൾക്ക് അവരുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട് പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങൾക്കും ഈ പഞ്ചവത്സര പദ്ധതി തുടർന്നും ധനസഹായം

അശമന്നൂർഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയുടെ 22 ശതമാനം കുട്ടികളാണ്. ആകെയുള്ള 2924 കുട്ടികളിൽ 1465 ആൺകുട്ടികളും 1459 പെൺകുട്ടികളും ആണുള്ളത്. കുട്ടികളുടെ ജനസംഖ്യ സംബന്ധിച്ചവിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | വയസ്സ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | 0-6 മാസം | 56 | 49 | 105 |
| 2 | 6 മാസം മുതൽ 3 വയസ്സ് വരെ | 246 | 273 | 525 |
| 3 | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | 347 | 321 | 668 |
| 4 | 6-10 | 443 | 442 | 885 |
| 5 | 10-19 | 435 | 452 | 887 |
| 6 | **ആകെ** | **1527** | **1537** | **3064** |

നമ്മടെ പഞ്ചായത്തിൽ ഭിന്ന ശേഷിയുള്ള 180 വ്യക്സ്തികളുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വൈകല്യമുള്ള 28 കുട്ടികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നുണ്ട്. 6 കുട്ടികൾക്ക് ഇനിയും സ്കോളർഷിപ്പ് നല്കുവാനുണ്ട്. പഞ്ചായത്തിൽ ആകെ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ടി അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | അംഗൻവാടികളുടെ എണ്ണം | 19 | | | | | |
| 2 | കെട്ടിട ഉടമസ്ഥത (എണ്ണം) | സ്വന്തം | 19 | വാടക | | വാടകേതരം | |
| 3 | അടിസ്ഥാന സൗകര്യം ഇല്ലാത്ത അംഗൻവാടികളുടെ എണ്ണം | വൈദ്യുതി | 19 | ടോയ്‌ലെറ്റ് | 19 | | |
| | | ചുറ്റുമതിൽ | 19 | ഗ്യാസ് കണക്ഷൻ | 19 | | |
| 4 | കുടിവെള്ളം | ഉണ്ട് | ✓ | ഇല്ല | | | |
| 5 | സ്രോതസ് കിണർ പൈപ്പ് മറ്റുള്ളവ | പൈപ്പ് | | | | | |
| 6 | ആവശ്യത്തിന് സൗഹൃദ ഫർണിച്ചർ | ഉള്ളവ എണ്ണം 19 | | ഇല്ലാത്തവ എണ്ണം | | | |
| 7 | കളിസ്ഥല ലഭ്യത | ഉള്ളവ എണ്ണം 19 | | ഇല്ലാത്തവ എണ്ണം | | | |
| 8 | കുട്ടികൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ലഭ്യമാക്കാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല | | | | | |

പഞ്ചായത്തിൽ ആകെയുള്ള 2511 വൃദ്ധർ, വയോജനങ്ങളുടെ പ്രായം സാമൂഹികാവസ്ഥ തുടങ്ങിയവ കാണിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വയസ്സ് തിരിച്ച് | ജനസംഖ്യ | | ആകെ | വിഭാര്യൻ | വിധവ |
|---|---|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | | | |
| 1 | 60-69 ഇടക്ക് പ്രായമുള്ളവർ | 659 | 763 | 1422 | 33 | 242 |
| 2 | 70-79 ഇടക്ക് പ്രായമുള്ളവർ | 348 | 383 | 731 | 48 | 221 |
| 3 | 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ | 146 | 212 | 358 | 46 | 174 |

പഞ്ചായത്തിൽ നിന്നും വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പെൻഷൻ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 950 | 584 | 1534 |
| 2 | വിധവ പെൻഷൻ | 0 | 664 | 664 |
| 3 | വികലാംഗ പെൻഷൻ | 162 | 110 | 272 |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 218 | 408 | 626 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 0 | 66 | 66 |

**നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ**

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| വയോജനങ്ങളുടെ അരക്ഷിതാവസ്ഥ | High | മാതാപിതാക്കളെ സംരക്ഷിക്കാത്തതിനാൽ |
| മാറാ രോഗങ്ങൾ | High | ചികത്സക്കുള്ള സാമ്പത്തികമില്ലായ്മ |
| | | |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

നിർധനരായ വയസ്സായ ആളുകൾക്ക് വീടുകളിൽ അവരെ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് സമയം ഉണ്ടാകുന്നില്ല. വൃദ്ധരായവരെ ശുശ്രൂഷിക്കാൻ നിൽക്കുമ്പോൾ സ്വാഭാവികമായും ജോലി ചെയ്യാൻ ആരോഗ്യമുള്ളവർക്ക് ജോലി നഷ്ടപ്പെടുകയും ദാരിദ്ര്യത്തിലേക്ക് പോവുകയും ചെയ്യുന്ന. അതോടൊപ്പം തന്നെ ചില രോഗങ്ങൾക്ക് അവരെ പരിശോധിക്കുന്നതിനും വൃത്തിയാക്കുന്നതിനും വീട്ടിലെ അംഗങ്ങൾക്ക് അറിവില്ലാത്തതിനാൽ ഈ വൃദ്ധരോഗികളുടെ അവസ്ഥ വളരെ ബുദ്ധിമുട്ടാണ്. ഇങ്ങനെയുള്ളവർക്ക് പാലിയേറ്റീവ് കെയർ സംവിധാനവും കിടപ്പുരോഗികൾക്ക് വാട്ടർമെഡും ഹോം കെയറും എല്ലാം നൽകാവുന്നതാണ്. കഴിഞ്ഞ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് നടന്നുകൊണ്ടിരുന്നു അത് വീണ്ടും തുടരുന്നതാണ് അംഗൻവാടിയെ സംബന്ധിച്ച് അംഗൻവാടികൾക്ക് നൽകുന്ന അനുപൂരത പോഷകാഹാരം തുടർന്നും നൽകുന്നതിന് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ട്.

### വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | പാലിയേറ്റീവ് കെയർ | ✓ | ✓ | ✓ | ✓ | ✓ |
| 2 | വാട്ടർമെഡും | ✓ | ✓ | ✓ | ✓ | |
| 3 | ഹോം കെയറും | ✓ | ✓ | ✓ | ✓ | |
| 4 | അംഗൻവാടികൾക്ക് അനുപൂരത പോഷകാഹാരം | ✓ | ✓ | ✓ | ✓ | |

# അദ്ധ്യായം 13

# പട്ടികജാതി വികസനം/പട്ടിക വർഗ്ഗ വികസനം

## ഇന്നത്തെ അവസ്ഥ

അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസാഖ്യയുടെ 6 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പഞ്ചായത്തിലെ 14 വാർഡുകളിൽ പ്രധാനമായും 9,11,13,14 വാർഡുകളിലാണ് പട്ടികജാതി കുടുംബങ്ങൾ കൂടുതലായി താമസിക്കുന്നത്..

പഞ്ചായത്തിൽ 9 പട്ടികജാതി കോളനികൾ ഉണ്ട്

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

കുട്ടികളുടെയും യുവാക്കളുടെയും വിദ്യാഭ്യാസ നിലവാരം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്. 22 വയസ്സ് മുതൽ 34 വയസ്സ് വരെയുള്ളവരിൽ സ്ഥിരമായി ജോലിയില്ലാത്തവരുണ്ടെങ്കിൽ വരുമാനദായകമായ സംരഭങ്ങൾ ആരംഭിക്കേണ്ടതാണ്. കാർഷിക മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതുകൊണ്ട് കാര്യമായ പ്രയോജനം ഇല്ലായെന്ന് വിലയിരുത്തേണ്ടിവരും. ഈ സാഹചര്യത്തിൽ പാട്ടക്കൃഷി നടത്തുന്നതിനുള്ള പ്രോജകടുകൾ നടപ്പിലാക്കുന്നതിന് അനിവാര്യമാണെന്ന് കാണാം. .പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ട്. ഭവനരഹിത/ഭൂരഹിത കുടുംബങ്ങൾക്ക് അടിയന്തിരമായി വീടും സ്ഥലവും വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ 14-ഠം പഞ്ചയവത്സര പദ്ധതിയിൽ തയ്യാറാക്കണം. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ധനസഹായവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരെ കൂടാതെ പണി പൂർത്തീകരിക്കാത്ത വീടുകളുള്ള കുടുംബങ്ങളും പഞ്ചായത്തിലുണ്ട്, നവകേരള മിഷന്റെ ഭാഗമായിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മേൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

പൂർണമായും കുടിവെള്ള ക്ഷാമം നേരിടുന്ന കുടുംബങ്ങളും 6 മാസത്തിൽ കൂടുതൽ കുടിവെള്ള ക്ഷാമം നേരിടുന്ന കുടുംബങ്ങളും പഞ്ചായത്തിൽ ഇനിയും അവശേഷിക്കുന്നുണ്ട്. മേൽപ്പറഞ്ഞവർക്ക് ശുചിത്വ മിഷന്റെ സഹായത്തോടെ കക്കൂസ് ഉറപ്പാക്കേണ്ടതും ഗാർഹിക കുടിവെള്ള കണക്ഷനും പുതിയ കിണർ കുഴിക്കുന്നതിനും ധനസഹായം നൽകേണ്ടതുമാണ്. പഞ്ചായത്തിലെ

എസ്.സി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർ, നിത്യരോഗികൾ, സാമുഹ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവർ തുടങ്ങിയവരുടെ പട്ടികകൾ ചുവടെ ചേർക്കുന്നു.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരുദ്ധാരണത്തിനും ക്ഷേമത്തിനുമായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെയും സാമുഹ്യ ക്ഷേമ വകുപ്പിന്റെയും സഹായത്തോടെയും,പഞ്ചായത്തിലെ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ചും അനിവാര്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

വിവിധ സാമൂഹിക പ്രശ്നങ്ങൾ നേരിടുന്നവർക്കും സാമൂഹ്യ ക്ഷേമവകുപ്പുമായി സഹകരിച്ച് അനുയോജ്യമായ പരിപാടികൾആവിഷ്കരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജലക്ഷാമം അനുഭവപ്പെടുന്ന എസ്.സി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ, പുതിയ കിണർ നിർമ്മാണം തുടങ്ങിയവയ്ക്ക് ധനസഹായം നൽകേണ്ടതുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കോളനികളിലേക്ക് തനതായ കൂടിവെള്ളപദ്ധതികൾ

ലക്ഷ്യബോധത്തോടെ ആവിഷ്കരിക്കണം. കേരള വാട്ർ അതോറിറ്റിയുടെ പൈപ്പ്ലൈൻ എത്താത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തി പൊതുടാപ്പുകൾ സ്ഥാപിച്ചും ജലക്ഷാമം പരിഹരിക്കണം. കിണർ റീചാർജിങ്, മഴവെള്ള സംഭരണി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിൽ വാഹനങ്ങൾ എത്തിച്ചേരാൻ സാധ്യതയില്ലാത്ത ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുണ്ടെങ്കിൽ അവർക്ക് നടപ്പാതയുൾപ്പെടെയുള്ള ഗതാഗത സൌകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.കോളനികൾക്കുള്ളിലുള്ള റോഡുകൾ അടിയന്തിരമായി ടാറിങ് ചെയ്ത് സഞ്ചാര യോഗ്യമാക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പല കുടുംബങ്ങളും നേരിടുന്ന പ്രധാന പ്രശ്നമാണ് കൈവശഭൂമിക്ക് സ്വന്തമായി പട്ടയമില്ലാ എന്നുള്ളത്. പട്ടയമെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ് സി വിഭാഗ എസ് സി വിഭാഗത്തിലെ പല കുടുംബങ്ങൾക്കും വർഷങ്ങൾക്കു മുന്നേ വീട് വയ്ക്കുന്നതിനുള്ള സഹായം ലഭിച്ചിട്ടുണ്ടെങ്കിലും ഇന്ന് വീടുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. കർഷകത്തൊഴിലാളികളും കൂലിപ്പണിക്കാരുമായ ഇവർക്ക് ആസ്തി സ്വരൂപിച്ച് വീട് വയ്ക്കുക എന്നുള്ളത് അസാധ്യമാണ്. വീട് മെയിൻറനൻസ് നടത്തുന്നതിനു ആവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ വിലക്കയറ്റം മൂലം, ഇപ്പോൾ ലഭിക്കുന്നു അമ്പതിനായിരം രൂപ നാമം മാത്രമാണ് എന്ന് എസ് സി വർക്കിംഗ് ഗ്രൂപ്പ് അഭിപ്രായപ്പെട്ടു. ആയതിനാൽ ഇത് ഒരു ലക്ഷം രൂപയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൂടാതെ പഠിക്കുന്ന കുട്ടികൾക്ക് ആധുനിക വിവര വിവരസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് ലാപ്ടോപ്പ് നൽകാവുന്നതാണ്.

വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് പഠന വീട് ആരംഭിക്കാവുന്നതാണ്.

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | വീട് മെയിൻറനൻസ് നടത്തുന്നതിനു ഒരു ലക്ഷം രൂപ. | ✓ | ✓ | ✓ | ✓ | ✓ |
| 2 | കൂടാതെ പഠിക്കുന്ന കുട്ടികൾക്ക് ആധുനിക വിവര വിവരസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് ലാപ്ടോപ്പ് നൽകാവുന്നതാണ്. | ✓ | ✓ | ✓ | ✓ | |
| 3 | വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് പഠന വീട് ആരംഭിക്കാവുന്നതാണ്. | ✓ | ✓ | ✓ | ✓ | |

Note: Mentioned the ideas, other than compulsory.

# അദ്ധ്യായം 14

# വനിതാ വികസനം

## സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

### 1.1 ഇന്നത്തെ അവസ്ഥ

പഞ്ചായത്തിലെ ആകെ ജനസാഖ്യ 19311 ആണ്. ആയതിൽ പട്ടികജാതി വിഭാഗത്തിൽ 802 പേരും പട്ടികവർഗ വിഭാഗത്തിൽ 319പേരും ഉൾപ്പെടുന്നു. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ കണക്ക് ചുവടെ ചേർക്കുന്നു,

| വിഭാഗം | ആകെ | സ്ത്രീ | പുരുഷൻ |
|---|---|---|---|
| പട്ടിക ജാതി | 732 | 280 | 452 |
| പട്ടികവർഗ്ഗം | 0 | 0 | 0 |
| മറ്റുള്ളവർ | 18579 | 9497 | 9122 |

മേൽ പട്ടിക പരിശോധിച്ചാൽ അശമന്നൂർ പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം സംസ്ഥാനത്തിന്റെ ജനസംഖ്യാ അനുപാതവുമായി ഏറെക്കുറെ തുലനം ചെയ്തിരിക്കുന്നതായി മനസ്സിലാക്കാം. ആകെയുള്ള സ്ത്രീ ജനസംഖ്യയിൽ 280 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ്. സ്ത്രീ ഗൃഹനാഥയായ 38 കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. നിരാലംബരായ സ്ത്രീകളിൽ 828 പേർ വിധവകളും 7 പേർ ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവരുമാണ്. അവിവാഹിതരായ അമ്മമാരും ഗുരുതരമായ രോഗങ്ങൾ പ്ട്പെട്ടവരും നമ്മുടെ പഞ്ചായത്തിലുണ്ട്. ലഭ്യമായ കണക്കനുസരിച്ച് 41 സ്ത്രീകൾക്ക് ഗുരുതര രോഗങ്ങൾ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 98 ശതമാനമാണ്. സ്ത്രീകളിൽ കൂടുതൽ പേരും ഗൃഹജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വീട്ടമ്മമാരാണ്. അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ എണ്ണം മുൻകാലങ്ങളെ വളരെയേറെ അപേക്ഷിച്ച് വർധിച്ചിട്ടുണ്ട് തദ്ധേശീയമായ തൊഴിലവസരങ്ങൾ കുറവായതിനാൽ കേരളത്തിനകത്തും പുറത്തും കുടാതെ, വിദേശത്തും ജോലി ചെയ്ത് വരുന്ന സ്ത്രീകൾ പഞ്ചായത്തിലേറെയുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്ത 3347 ആളുകളിൽ 2197 പേർ ആക്ടീവ് വർക്കേഴ്സാണ്. കുടുംബശ്രീ സംവിധാനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതിയിലൂടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകളിലൂടെ സ്ത്രീകൾ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ നാണ്യവിളകളുടെ കൃഷിയിൽ ഏർപ്പെടടിട്ടുണ്ട്. കൂടുംബശ്രീ ലിങ്കേജ് ലോൺ പാവപ്പെട്ട കുടുംബങ്ങളുടെ വിവിധ ആവശ്യങ്ങൾക്ക് പരിഹാരം കാണുവാൻ സഹായിക്കുന്നുണ്ട്.

### നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

വനിതകൾ ജോലിചെയ്യുന്ന തൊഴിലിടങ്ങളിൽ അവർ വലിയ സമ്മർദമാണ് അനുഭവിക്കുന്നത്. സ്ത്രീ, കുടുംബത്തിലെ എല്ലാ ജോലികളും ചെയ്ത്, ജോലിക്ക് പോകുന്ന പുരുഷന്മാർ ഉണ്ടെങ്കിൽ അവരുടെയും ജോലികൾ തീർത്ത് മാത്രമാണ് സ്ത്രീകൾ അവരുടെ ജോലിക്കായി പോകുന്നത്. രാവിലെ നാലര മുതൽ അല്ലെങ്കിൽ നാലുമണി മുതൽ വൈകിട്ട് 11 മണി വരെ ഒരു സ്ത്രീ പ്രത്യേകിച്ചും ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ജോലി ചെയ്യേണ്ടതായി വരുന്നു.

കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ പങ്കാളിത്തം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അധികമാണ് എങ്കിലും കേരളത്തിലെ മിനിമം കൂലി സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നുള്ളത്.

| **പ്രശ്നങ്ങൾ** | **രൂക്ഷത** | **കാരണങ്ങൾ** |
|---|---|---|
| തൊഴിലില്ലായ്മ | High | തൊഴിൽ നൈപുണ്യ കുറവ് കോവിഡ് വന്നതോടെ ഉള്ള തൊഴിൽ നഷ്ടപ്പെട്ടു |
| അടച്ചുറപ്പുള്ള ഭവനങ്ങളുടെ അഭാവം | High | പുരുഷൻമാരുടെ അമിത ലഹരി ഉപയോഗം |
| **ജോലി സമ്മർദ** | High | വീട്ടിലെ മറ്റ് അംഗങ്ങളുടെ പുരുഷ മേധാവിത്വ മനോഭാവം |
| രോഗങ്ങൾ | High | അമിതമായ അധ്വാനം, ആഹാരത്തിലെ പോഷക ആഹാര കുറവ് |
| **മിനിമം കൂലി സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല** | HIgh | സമൂഹത്തിന്റെ സ്ത്രീ വിരുദ്ധ മനോഭാവം |

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| **ക്രമ നമ്പർ** | **പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്)** | **മുൻഗണന** | | | | |
|---|---|---|---|---|---|---|
| | | **2022-23** | **2023-24** | **2024-25** | **2025-26** | **2026-27** |
| 1 | ഗർഭിണികൾക്കും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കും അനുപൂരക ഭക്ഷണം, ഐ.എഫ്.എ ഗുളികകൾ നൽകുക | ✓ | ✓ | ✓ | ✓ | ✓ |
| 2 | ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ് നൽകൽ | ✓ | ✓ | ✓ | ✓ | |
| 3 | വിദ്യാലയങ്ങളിൽ ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കുക | ✓ | ✓ | ✓ | ✓ | |
| 4 | വനിതകൾക്കും അഭ്യസ്ത വിദ്യരായ പെൺകുട്ടികൾക്കും നൈപുണ്യ പരിശീലനം | ✓ | ✓ | ✓ | ✓ | |
| 5 | **വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജൻഡർ ഇക്വാളിറ്റി യെ ക്കുറിച്ചുള്ള IEC സംഘടിപ്പിക്കുക** | ✓ | ✓ | ✓ | ✓ | ✓ |
| 6 | പെൺകുട്ടികൾക്ക് ആയോധന കല പരിശീലനം | ✓ | ✓ | ✓ | ✓ | ✓ |

# അദ്ധ്യായം 15

# ആരോഗ്യം

**ഇന്നത്തെ അവസ്ഥ- ആയുർവേദം**

***1993*** ജൂലൈ ***26*** തീയതിയാണ് ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി ഓടക്കാലിയിൽ പ്രവർത്തനം ആരംഭിച്ചത് ജനകീയ ആസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു ഗ്രാമീണ മേഖലയായ അശമന്നൂർ പഞ്ചായത്തിലെ വളരെയധികം ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനമാണ് ഇത് വാദ സംബന്ധമായ രോഗങ്ങൾ ജീവിതശൈലി രോഗങ്ങൾ കൂടാതെ പകർച്ചവ്യാധി പ്രതിരോധം എന്നിവയിൽ മികച്ച സേവനം നൽകിവരുന്നു സ്ഥാപനത്തിന് പരിമിതമായ സ്ഥലസൗകര്യങ്ങളാണ് ഉള്ളത് ***2230*** വർഷമാകുമ്പോഴേക്കും നിലവാരത്തിലേക്ക് സ്ഥാപനങ്ങൾ ഉയർത്തേണ്ടതുണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് നിലവിൽ കൺസൾട്ടേഷൻ റൂം ഫാർമസി സ്റ്റോറും വർക്ക് ഏരിയ കിച്ചൻ എന്നീ സൗകര്യങ്ങൾ ആയുർവേദ ആശുപത്രിക്ക് ഉണ്ട് വാതരോഗ സംബന്ധമായ രോഗങ്ങൾ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉദരസംബന്ധമായ രോഗങ്ങൾ രോഗങ്ങൾ ഇവയ്ക്കാണ് രോഗികൾ കൂടുതലായി ചികിത്സ തേടുന്നത് ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സയും തേടുന്നുണ്ട് അവർക്ക് കൂടുതൽ ദിവസത്തേക്കുള്ള മരുന്നുകൾ നൽകുന്നു രോഗത്തിന് അരുണിമ എന്ന പ്രോജക്ട് വഴി വരുന്നു നൽകുന്നു സന്ദർഭത്തിൽ അതിനുള്ള പ്രത്യേക മരുന്നുകളും മെഡിക്കൽ ക്യാമ്പുകൾ വഴിയും മറ്റും നൽകുന്നുണ്ട്

**2020 21** *വർഷങ്ങളിൽ കോവിഡ്* **19** *വ്യാപനം ഉണ്ടായപ്പോൾ പ്രത്യേക പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നു.*

**60** *വയസ്സിന് താഴെയുള്ളവർക്ക് പ്രതിരോധ മരുന്നുകൾ*

*സുഖായുഷ്യം: അറുപതു വയസ്സിന് മുകളിലുള്ളവർക്ക് പ്രതിരോധം*

*അമൃതം: ക്വാറന്റൈനിലുള്ളവർക്ക് പ്രതിരോധ മരുന്ന്*

*ദേശജയം: കോവിഡ്* **19** *പോസിറ്റീവായവർക്കുള്ള മരുന്നുകൾ*

*പുനർജനി: കോവിഡ് നെഗറ്റീവ് ആയവർക്ക് ഉപദ്രവ രോഗങ്ങൾക്കുള്ള മരുന്നുകൾ*

*കിരണം: കോവിഡുമായി ബന്ധപ്പെട്ട് കുട്ടികൾക്കുള്ള പ്രത്യേകത*

കോവിഡ് കാലത്ത് ***op*** സന്ദർശിച്ച എല്ലാവർക്കും പ്രതിരോധ മരുന്നുകൾ നൽകി. ആശാപ്രവർത്തകരുടെയും മെമ്പർമാരുടെയും സഹായത്തോടെ താൽപര്യമുള്ളവർക്ക് ക്വാറന്റൈനിലും, പോസിറ്റീവായ സമയത്തും മരുന്നുകൾ നൽകി. അതിൽ വളരെ പേർക്ക് പ്രയോജനം ലഭിച്ചു കോവിഡ് മുക്തരായവർക്ക് പുനർജനി പ്രകാരം നൽകിയ മരുന്നുകൾ വളരെയേറെ ഫലപ്രദമായിരുന്നു. ***700*** ഓളം പേർക്ക് മരുന്നുകൾ നൽകി ഇപ്പോഴും തുടർന്നുവരുന്നു.

ഡിപ്പാർട്ട്മെന്റിൽ നിന്ന് പരിമിതമായ തുകയ്ക്ക് മാത്രമാണ് മരുന്ന് ലഭിച്ചിരുന്നത്. ജനകീയ ആസൂത്രണം നിലവിൽ വന്നതിനുശേഷം കാലാകാലങ്ങളിൽ മരുന്നിനുള്ള തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട് പഞ്ചായത്ത് പദ്ധതി പ്രകാരം മരുന്നുകൾ ലഭിക്കുന്നതിനാൽ രോഗികൾക്ക് ആവശ്യാനുസരണം മരുന്നുകൾ നൽകാൻ കഴിയുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾക്ക് കൂടുതൽ അളവിൽ മരുന്നുകൾ നൽകുന്നു. പഞ്ചകർമ്മ ചികിത്സാ സൗകര്യം ഇല്ല.

**ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ**

ഇപ്പോഴുള്ള സ്ഥലവും കെട്ടിടവും സൗകര്യവും അപര്യാപ്തമാണ് ***2030*** വർഷം ആകുമ്പോഴേക്കും സ്ഥാപനം കാഷ് അതായത് ***(***കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹെൽത്ത് കെയർ***)*** നിലവാരത്തിലേക്ക്, പഞ്ചകർമ സൗകര്യ ഉൾപ്പെടെ ഉയർത്തേണ്ടതാണ്. രോഗികൾക്ക് ലഭ്യമായ സൗകര്യങ്ങൾ, കാത്തിരിപ്പ് സ്ഥലം, കുറച്ചുകൂടി സൗകര്യപ്രദമാക്കേണ്ടതാണ്. പരിശോധന മുറി സൗകര്യം കുറവാണ്. രോഗികൾക്ക് റാമ്പ് സംവിധാനം ഇല്ല. സ്റ്റോർ സൗകര്യം വളരെ പരിമിതമാണ്.

**ജീവനക്കാരെ സംബന്ധിച്ച് വിവരങ്ങൾ**

മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പാർടൈം സ്വീപ്പർ എന്നീ നാല് സ്ഥിരം തസ്തികയാണ് ഉള്ളത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ പ്രവർത്തനങ്ങളിൽ ആരോഗ്യ ആശാപ്രവർത്തകരുടെ സേവനം ലഭ്യമാണ് ഫീൽഡ് സ്റ്റാഫ് എന്നിവർ ലഭ്യമല്ല.

**ഹോമിയോ ഡിസ്പെൻസറി**

***2008***ലാണ് പഞ്ചായത്തിൽ ഹോമിയോ ആശുപത്രി, നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ആരംഭിക്കുന്നത്. ***2015***ൽ ഈ ആശുപത്രി മേതല പബ്ലിക് ലൈബ്രറിയുടെ മുകളിലുള്ള നിലയിലേക്ക് മാറ്റി. സ്വന്തമായിട്ട് കെട്ടിടം ഇല്ല എന്നുള്ളത് രോഗികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഒരു ദിവസം ***30*** മുതൽ ***40*** രോഗികളാണ് ചികിത്സ തേടി ഹോമിയോ ആശുപത്രിയിൽ എത്തുന്നത്. ഇവിടെ എത്തുന്ന രോഗികൾ പ്രധാനമായും അലർജി രോഗം, ജീവിതശൈലി രോഗങ്ങൾ, എല്ല് തേയ്മാനം, മുടികൊഴിച്ചിൽ, എന്നിങ്ങനെയുള്ള രോഗങ്ങൾക്കാണ് ചികിത്സ തേടിയെത്തുന്നത്.

പ്ലാസ്റ്റിക് നിരോധിച്ചതിനാൽ മരുന്നു നൽകുന്നതിന് കുപ്പി ലഭ്യമല്ല ഡോക്ടറെ കൂടാതെ ഒരു സ്റ്റാഫ് മാത്രമാണ് ഹോമിയോ ആശുപത്രിയിൽ ഉള്ളത് ഒരു അറ്റൻഡർ പോസ്റ്റ്.

താഴെപ്പറയുന്ന പ്രോഗ്രാമുകൾ ഹോമിയോ ഹോസ്പിറ്റലിൽ ടാർഗെറ്റുചെയ്ത ജനങ്ങൾക്ക് നൽകുന്നു

സദ്ഗമയ*:* കൗമാരം, പഠന വൈകല്യം

സീതാലയ*:* ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ

ജനനി*:* ഇൻഫെർട്ടിലിറ്റി

ആയുഷ്മാൻ ഭവ*:* യോഗ

പ്രാഥമിക ആരോഗ്യ കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആരോഗ്യ സംവിധാനമാണ് അശമന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം. ഇവിടത്തെ ജീവനക്കാരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിരിക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്നു വിഭാഗങ്ങളാണ് ഉള്ളത് ആശുപത്രി ജീവനക്കാർ, പൊതുജനാരോഗ്യ പ്രവർത്തകർ, ഭരണവിഭാഗത്തിൽ വരുന്നവർ. പഞ്ചായത്തിൽ നിരവധി കിടപ്പുരോഗികളും മാറാരോഗികളും ഉണ്ട് . ഇവരുടെ പരിചരണത്തിനായി പി.എച്ച്.സി യുടെ നേതൃത്വത്തിൽ പാലിയേറ്റീവ്കെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ആയതിനുവേണ്ടി എല്ലാ വർഷവും പഞ്ചായത്ത് നല്ലൊരു തുക വാർഷിക പദ്ധതിയിൽ വകയിരുത്തിവരുന്നു. മരുന്നിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി മരുന്നു വാങ്ങുന്നതിനും തുക വകയിരുത്തിവരുന്നു. കഴിഞ്ഞകാല പദ്ധതികളിലൂടെ പി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ ഉറപ്പുവരുത്തിയിട്ടുണ്ട്. പുതിയ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളും തസ്തികകളും നടപ്പ് പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഉണ്ടാക്കേണ്ടതുണ്ട്. കിടത്തി ചികിത്സക്കുള്ള സൌകര്യങ്ങളും ഇതോടൊപ്പം ആർജിക്കേണ്ടതുണ്ട്. വൃദ്ധജനങ്ങളുടെ ശാരീരിക മാനസിക പരിപാലനത്തിനായി വയോമിത്രം പരിപാടി നടപ്പിലാക്കി വരുന്നു. മൺസുണുമായി

ബന്ധപ്പെട്ടുണ്ടാകുന്ന മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും തടയുന്നതിനായി പഞ്ചായത്തിന്റെയും പി.എച്ച്.സി യുടെയും നേതൃത്വത്തിൽ വാർഡ് വികസന സമിതി അംഗങ്ങളുടെയും ആശാവർക്കർമാരുടെയും പ്രദേശ വാസികളുടെ സഹായ സഹകരണത്തോടെ സൂചീകരണ പ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തിവരുന്നു.

**ഭൗതീക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ (ബാധകമായത് ✓ ചെയുക)**

| സ്ഥലവും കെട്ടിടവും ഉണ്ടോ | | വെള്ളം വൈദ്യുതി ലഭ്യമാണോ | | ടെലിഫോൺ സൗകര്യം ലഭ്യമാണോ | | കമ്പ്യൂട്ടർ ഇന്റർനെറ്റ് എന്നീ സൗകര്യങ്ങൾ ലഭ്യമാണോ | |
|---|---|---|---|---|---|---|---|
| ഉണ്ട് ✓ | ഇല്ല | അതെ ✓ | അല്ല | അതെ ✓ | അല്ല | അതെ ✓ | അല്ല |
| **മാലിന്യ സംസ്കരണ സംവിധാനം ഉണ്ടോ** | | **ചുറ്റുമതിൽ** | | **ആശുപത്രി ഉപകരണങ്ങൾ ലാബ് സൗകര്യം** | | **മഴവെള്ള സംഭരണി** | |
| ഉണ്ട് ✓ | ഇല്ല | ഉണ്ട് ✓ | ഇല്ല | ഉണ്ട് ✓ | ഇല്ല | ഉണ്ട് ✓ | ഇല്ല |
| **സോളാർ പാനൽ** | | **വാഹന സൗകര്യം** | | **ടോക്കൺ സംവിധാനം** | | **അറ്റകുറ്റപ്പണി ആവശ്യമാണോ** | |
| ഉണ്ട് | ഇല്ല ✓ | ഉണ്ട് ✓ | ഇല്ല | ഉണ്ട് ✓ | ഇല്ല | ആവശ്യമാണ് ✓ | ആവശ്യമല്ല |

*ഇവിടത്തെ ജീവനക്കാരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിരിക്കുന്നു*

**സ്റ്റാഫിന്റെ വിവരങ്ങൾ**

| **വിഭാഗം** | **സ്ഥാനപ്പേര്** | **അനുവദിച്ച പോസ്റ്റുകൾ** | **നിലവിൽ ഉള്ളത്** |
|---|---|---|---|
| ആശുപത്രി ജീവനക്കാർ | മെഡിക്കൽ ഓഫീസർ | 1 | 1 |
| | ഫാർമസിസ്റ്റ് | 1 | 1 |
| | സ്റ്റാഫ് നേഴ്സ് | 0 | 1 |
| | നേഴ്സിംഗ് അസിസ്റ്റന്റ് | 1 | 1 |
| | ഹോസ്പിറ്റൽ അറ്റൻഡൻസ് | 1 | 1 |
| | പാർട് ടൈം സ്വീപ്പർ | 1 | 1 |
| പൊതുജനാരോഗ്യ വിഭാഗം | ഹെൽത്ത് സൂപ്പർവൈസർ | 0 | 0 |
| | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 | 3 |
| | പബ്ലിക് ഹെൽത്ത് നേഴ്സ് | 1 | 0 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 4 | 4 |
| | ആശ | 19 | 18 |
| ഭരണ വിഭാഗം | ക്ലർക്ക് | 1 | 1 |
| | ഓഫീസ് അറ്റൻഡ് | 1 | 1 |
| **ആകെ** | | **35** | **34** |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

| പ്രശ്നങ്ങൾ | രൂക്ഷത | കാരണങ്ങൾ |
|---|---|---|
| അടിസ്ഥാന സൌകര്യങ്ങളുടെ കുറവ് | High | ഫണ്ടിന്റെ ലഭ്യത കുറവ് |
| മരുന്നു നൽകുന്നതിന് കുപ്പി ലഭ്യമല്ല | High | പ്ലാസ്റ്റിക് നിരോധിച്ചതിനാൽ |
| പാലിയേറ്റീവ് സൗകര്യങ്ങളുടെ കുറവ് | | ഫണ്ടിന്റെ ലഭ്യത കുറവ് |

## പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

**പദ്ധതി കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും.**

**വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | മൂന്നു ആരോഗ്യ സംവിധാനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | | ✓ | ✓ | ✓ | ✓ |
| 2 | പാലിയേറ്റീവ് സൗകര്യങ്ങളുടെ കുറവ് നികത്തുക | | ✓ | | | |
| 3 | മരുന്നുകൾ | ✓ | ✓ | ✓ | ✓ | ✓ |

# അദ്ധ്യായം 16

# കുടിവെള്ളം, ശുചിത്വം

## 1.1 ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം പ്രധാനമായും തുറന്ന കിണറുകളിൽ നിന്നും കുഴൽ കിണറുകളിൽ നിന്നും വാട്ടർ അതോറിറ്റിയുടെ കണക്ഷനുകളിൽ നിന്നും ആണ് ലഭ്യമാക്കുന്നത്. എന്നാൽ വേനലിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പഞ്ചായത്തിൻറെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്നു. പ്രത്യേകിച്ച് ഉയർന്ന കുന്നിൻ പ്രദേശങ്ങൾക്ക് മുകളിലും ചരിവിലും താമസിക്കുന്നവർക്ക്. ഇത് പരിഹരിക്കുന്നതിന് നിലവിൽ ഗ്രാമപഞ്ചായത്ത് വേനൽക്കാലങ്ങളിൽ വണ്ടിയിൽ വെള്ളം വിതരണം ചെയ്യുകയാണ്. വർദ്ധിക്കുന്ന ജനസംഖ്യ, വെള്ളത്തിൻറെ ആവശ്യകത വർദ്ധിപ്പിക്കുന്നുണ്ട്. അതോടൊപ്പം തന്നെ, കൃഷി ആവശ്യങ്ങൾക്കും മൃഗങ്ങൾക്ക് കുടിക്കുന്നതിനും കുളിക്കുന്നതിനും ജലം ആവശ്യമായി വരുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും രണ്ട് കുടിവെള്ള പദ്ധതികളിൽ നിന്നാണ് ജലം ലഭിക്കുന്നത്. പൂമല കേന്ദ്രീകരിച്ചുള്ള പദ്ധതിയിൽ നിന്നും, ലോക ബാങ്കിൻറെ സഹായത്താൽ നിർമ്മിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും. ഇതോടൊപ്പം തന്നെ ചെറുകിട കുടിവെള്ള പദ്ധതികൾ ചില സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട് 1996 കാലഘട്ടത്തിൽ ജനകീയ ആസൂത്രണത്തിലൂടെ നടപ്പിലാക്കിയ ചില ലിസ്റ്റ് റിയേഷൻ പദ്ധതികൾ ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന ഗായകരമായിട്ടുണ്ട് സഹായകരമായിട്ടുണ്ട്.

പഞ്ചായത്തിൻറെ വടക്കും തെക്കുംഭാഗത്തും കൂടി രണ്ട് ഇറിഗേഷൻ കനാലുകൾ പോകുന്നുണ്ടെങ്കിൽ പോലും ഇതിൽനിന്ന് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള ജലം നമുക്ക് ലഭിക്കുന്നില്ല. ഇതിനൊരു ശാശ്വത പരിഹാരം കാണേണ്ടതുണ്ട് കുടിവെള്ളക്ഷാമം കൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് വീടുകളിലെ സ്ത്രീകളാണ്. ജലം വീട്ടിലെത്തിക്കേണ്ട ചുമതല സ്ത്രീകൾക്ക് കൽപ്പിച്ച നൽകിയിരിക്കുന്നു. കുടിവെള്ളക്ഷാമം പഞ്ചായത്തിലെ സ്കൂളുകളിലും അനുഭവപ്പെടുന്നുണ്ട് ഈ കുടിവെള്ളക്ഷ ശാശ്വതമായി പരിഹരിക്കുന്നതിന് ജലജീവൻ മിഷനുമായി പഞ്ചായത്ത് കരാർപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ പൊതു കിണറുകളുടെ അവസ്ഥ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്നു

| Location | ഉപയോഗിക്കുന്നു/ഉപയോഗിക്കുന്നില്ല | Ward |
|---|---|---|
| കല്ലിൽ റോഡ് | ഉപയോഗിക്കുന്നു | 9 |
| ലക്ഷംവീട് കോളനി റോഡ് | ഉപയോഗിക്കുന്നു | 9 |
| ഇല്ലത്തുംപടി പാടം | ഉപയോഗിക്കുന്നു | 9 |
| പാണിയെലി മുവാറ്റുപുഴ റോഡ് | ഉപയൊഗിക്കുന്നു | 10 |
| പാണിയെലി മുവാറ്റുപുഴ റോഡ് | ഉപയൊഗിക്കുന്നില്ല് | 10 |
| വണ്ടമറ്റം അംഗൻവാടി റോഡ് | ഉപയൊഗിക്കുന്നു | 10 |
| ത്രിവേണി അംഗൻവാടി റോഡ് | ഉപയൊഗിക്കുന്നു | 10 |
| കാരുകഴിച്ചാൽ കോളനി റോഡ് | ഉപയൊഗിക്കുന്നു | 11 |
| കല്ലിൽ കവല | ഉപയൊഗിക്കുന്നു | 11 |
| ത്രിവേണി റോഡ് | ഉപയോഗിക്കുന്നു | 11 |
| ചാലിപ്പാറ പൂതക്കുഴി റോഡ് | ഉപയോഗിക്കുന്നില്ല | 12 |
| പൂതക്കുഴിചിറ റോഡ് | ഉപയോഗിക്കുന്നില്ല | 12 |

| | | |
|---|---|---|
| പൂതക്കുഴിചിറ റോഡ് | ഉപയോഗിക്കുന്നില്ല | 12 |
| ചാലിപ്പാറ മുട്ടത്തുമുകൾ റോഡ് | ഉപയോഗിക്കുന്നില്ല | 12 |
| നമ്പിയേലിൽ കോളനി സബ്റോഡ് | ഉപയോഗിക്കുന്നു | 12 |
| നമ്പിയേലിൽ കോളനി സബ്റോഡ് | ഉപയോഗിക്കുന്നു | 12 |
| ചെറുകുന്നം പൂമല റോഡ് | കണക്ഷൻ ഇല്ല | 13 |
| ലക്ഷംവീട് കോളനി റോഡ് | ഉപയൊഗിക്കുന്നു | 13 |
| അശമന്നൂർ സ്കൂൾ | ഉപയോഗിക്കുന്നില്ല | 14 |
| ലക്ഷംവീട് കോളനി റോഡ് | ഉപയോഗിക്കുന്നു | 14 |
| പറമ്പിപ്പടി പുന്നയം റോഡ് | ഉപയോഗിക്കുന്നില്ല | 14 |

അടിസ്ഥാന വിവരങ്ങളും വിവിധ സ്രോതസുകളിൽ നിന്നും കുടിവെള്ളം ഉപയോഗിക്കുന്ന കുടുംബങ്ങളുടെ സ്ഥിതി വിവര കണക്കും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| **തുറന്ന കിണർ** | | **കുഴൽ കിണർ** | | **പൈപ്പ് കണക്ഷൻ** | | **മറ്റ് ജലസ്രോതസുകൾ (കുളം, ഓലി മുതലായവ)** | |
|---|---|---|---|---|---|---|---|
| സ്വകാര്യം | പൊതു | സ്വകാര്യം | പൊതു | സ്വകാര്യ കണക്ഷൻ എടുത്തവർ | പൊതു ടാപ്പുകൾ ഉപയോഗിക്കുന്നവർ | സ്വകാര്യം | പൊതു |
| 337 | 20 | 50 | 0 | 0 | 263 | 18 | 8 |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ഏക്കുന്നം, തലപ്പുഞ്ച, എന്നീ പ്രദേശങ്ങളിലാണ്. കൂടാതെ മറ്റ് പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. രൂക്ഷത താരതമ്യേന കുറവാണെന്ന് മാത്രം. പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി വിവധ കുടിവെള്ളപദ്ധതിയും പൈപ്പ്ലൈൻ എക്സ്റ്റൻഷൻ തുടങ്ങിയ പ്രോജക്ടുകൾ നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടി പദ്ധതികൾ പര്യാപതമല്ല. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ്ലൈനിൽ നിന്നും വെള്ളം ലഭ്യമാകാത്തത് ഈ പ്രശ്നത്തിന്റെ തീരത കൂട്ടുന്നു.

ഹരിതകേരളം പദ്ധതി 13-ാം പഞ്ചവത്സര പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിന് മുൻഗണന നൽകി മഹാത്മാഗാന്ധി ദാശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് മഴക്കുഴി നിർമ്മാണം, വീടുകളിൽ മഴവെള്ള സംഭരണി, ഇടക്കയ്യാല നിർമ്മാണം, ഫാംപോണ്ട് നിർമ്മാണം, കിണർ നിർമ്മാണം, കിണർ റീചാർജിങ് , തടയിണകൾ തുടങ്ങിയ പ്രോജക്ടുകൾ അടിയന്തിരമായ ഏറ്റെടുക്കേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനും വനവൽക്കരണം ഉൾപ്പെടെയുള്ള പരിപാടികളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | പഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുക | ✓ | ✓ | | | |
| 2 | കുടിവെള്ളം സ്രോതസ്സുകൾ നിലനിർത്തുന്നതിനായി അനുയോജ്യമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പോലുള്ള പദ്ധതികളിലൂടെ ഏറ്റെടുക്കുക | ✓ | ✓ | ✓ | ✓ | ✓ |
| 3 | ജലസാക്ഷരത കുട്ടികളിൽ വളർത്തുന്നതിന് വിദ്യാലയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക | ✓ | ✓ | ✓ | ✓ | |
| 4 | നീർത്തട തണ്ണീർത്തട സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കുക | ✓ | ✓ | ✓ | ✓ | |

# അദ്ധ്യായം 17

# വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

## ഇന്നത്തെ അവസ്ഥ

. കേരളം ഇതുവരെ ആർജിച്ച വികസനങ്ങളുടെ അടിസ്ഥാനം തിരുവിതാംകൂർ രാജഭരണ കാലഘട്ടത്തിൽ തന്നെ ജനങ്ങൾ വിദ്യാഭ്യാസം നേടുവാൻ തയ്യാറായി എന്നതാണ്. വിദ്യാഭ്യാസം നേടുന്നതിന് ജനങ്ങളെ പ്രേരിപ്പിച്ച പ്രധാനഘടകങ്ങളാണ് നവോത്ഥാന നായകരുടെ ഇടപെടലും കമ്യൂണിസ്റ് പാർട്ടിയുടെ ഇടപെടലും. ഇന്ന് ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം അറിയപ്പെടുന്നു നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും മൂന്ന് വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്

1. ഗവൺമെൻറ് വിഎച്ച്എസ്എസ്, ഓടക്കാലി
2. ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ, കല്ലിൽ
3. ഗവൺമെൻറ് യുപി സ്കൂൾ, അശമന്നൂർ

ഈ സ്കൂളുകൾ നമ്മുടെ നാട്ടിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസം ശക്തിപ്പെടുത്തുക എന്നുള്ള ഉദ്ദേശത്തോടെ ഇൻഫ്രക്ടർ ഡെവലപ്മെൻറ്, അധ്യാപന ഗുണനിലവാരവും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിൻറെ പ്രതിഫലനം എല്ലാ സ്കൂളുകളിലും പ്രകടമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലും അത് പ്രകടമായിട്ടുണ്ട്.

പഞ്ചായത്തിൻറെ അധികാരപരിധിയിൽ വരുന്ന വിദ്യാലയം ഗവൺമെൻറ് യുപി സ്കൂൾ മാത്രമാണ്. എങ്കിലും പഞ്ചായത്തിലെ മറ്റു വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിൻറെ മേൽനോട്ടം അനിവാര്യമാണ്. കേരളം ഇന്ന് ആർജിച്ചിട്ടുള്ള എല്ലാ വികസനങ്ങൾക്കും അടിസ്ഥാന കാരണം അന്ന് ലഭിച്ചിട്ടുള്ള ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ്. അതുകൊണ്ടുതന്നെ കേരളത്തിൽനിന്ന് വളരെയേറെ തൊഴിൽ അന്വേഷകർ വിദേശരാജ്യങ്ങളിലേക്ക് യാത്ര ചെയ്യുകയും അവിടെനിന്ന് വിദേശ നാണ്യം നമ്മുടെ സംസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ സമൂഹം അറിവ് അടിസ്ഥാനപ്പെടുത്തിയുള്ള ഒന്നായതിനാൽ ഏറ്റവും നല്ല വിദ്യാഭ്യാസം, ഏറ്റവും നല്ല നൈപുണ്യം, ഭാഷാ സ്വാധീനം എന്നിവ നമ്മുടെ വിദ്യാഭ്യാസത്തിൽ നിന്നും കുട്ടികൾക്ക് ലഭിക്കണം.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

ഗവൺമെൻറ് സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം പൊതുവേ നല്ലതാണ് എങ്കിലും ചില വിദ്യാലയങ്ങളിൽ നിന്നും മറ്റു വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നത് കാണാൻ സാധിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് അവരുടെ വീടിനടുത്തുള്ള പൊതു വിദ്യാലയത്തിൽ നിന്ന് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്നത് ആ വിദ്യാലയത്തിന്റെ പ്രാഥമിക കടമയാണ്. ഇത് ചിലപ്പോഴെങ്കിലും ലംഘിക്കപ്പെടുന്നതായി നമുക്ക് കാണാൻ സാധിക്കും. ആയതിനാൽ പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂളുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം

(Appendix 1.)

വികസന സാധ്യതകൾ /ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | വിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി പദ്ധതി ആസൂത്രണം ചെയ്യുക. | ✓ | ✓ | ✓ | ✓ | ✓ |
| 2 | വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഭേദപ്പെടുത്തുക. | ✓ | ✓ | ✓ | ✓ | ✓ |
| 3 | മൂന്ന് വിദ്യാലയങ്ങളിലെ കുട്ടികളെ പങ്കെടുപ്പിച്ചു അറിവും നൈപുണ്യവും ഭാഷ പ്രാവീണ്യവും വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ | ✓ | ✓ | ✓ | ✓ | |

# ANNEXURE -I

## *ഗ്രാമ സഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ*

1. പുന്നയം അമ്പലം തോട് ചപ്പക്കോട് തോട് ക്ലീനിങ്

2. തെരുവ് നായ ശല്യം രൂക്ഷമാണ്,പരിഹാരം കാണണം.

3. കുരീച്ചിറയുടെ സമീപത്തുള്ള പഴം,പച്ചക്കറി വിപണന കേന്ദ്രം കെട്ടിടം ഉപയോഗപ്രദമാക്കുക .

4. വേസ്റ്റ് നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ CCTV സ്ഥാപിക്കുക.

1. അശമന്നൂർ അമ്പലത്തിനു സമീപത്തുള്ള പയ്യാൽ കാട തോടിലുള്ള ചെറിയ പൈപ്പ് മാറ്റി വലിയ പൈപ്പ് സ്ഥാപിക്കണം .

2. തോടിൻ്റെ ഇരുവശവും കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു .

3. SC പദ്ധതിയിൽ ഒരു പൊതു കിണർ താഴ്ത്തുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചിറയം എൽദോസ് നിർദ്ദേശിച്ചു.

4. കടുങ്ങന തോട് ചെക്ക് ഡാം നിർമ്മിക്കുന്നതിന് വേണ്ടി 10 അംഗ കമ്മിറ്റി രൂപീകരിക്കണമെന്ന് വാർഡ് മെമ്പർ നിർദ്ദേശിച്ചു.

5. കുറ്റിക്കുഴിയിലുള്ള ലിഫ്റ്റ് ഇറിഗേഷൻ ടാങ്കിൽ നിന്ന് വീടുകളിലേക്ക് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ ചെയ്യണമെന്ന് വിജയൻ ഒലിയംകുളങ്ങര നിർദ്ദേശിച്ചു.

6. ലിഫ്റ്റ് ഇറിഗേഷൻ കുളം നവീകരണം പൂർത്തി ആക്കണം.

7. പൊതു കനാലിൽ നിന്നുള്ള വെള്ളം ഒഴുകുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിൽ നിന്നും മാറ്റി പൊതു സ്ഥലത്തു കൂടി ഒഴുക്കണമെന്ന് അംബിക ഭാസ്കരൻ വെള്ളുരുത്തി ആവശ്യപ്പെട്ടു .

8. അംഗപരിമിതരായ കുട്ടികളുടെ സ്കോളർഷിപ് തുടരണമെന്ന് ആവശ്യപ്പെട്ടു.

9. ക്യാൻസർ രോഗിക്കാവശ്യമായ colostomy BAG വേണമെന്ന് ലീല കേശവൻ ആവശ്യപ്പെട്ടു .

10. പയ്യാൽ അംഗൻവാടിയുടെ മുകളിലത്തെ നിലയുടെ ഫ്ളോറിങ്ങും വയറിങ്ങും നടത്തണമെന്ന് അംഗൻവാടി ടീച്ചർ ആവശ്യപ്പെട്ടു.

11. കുന്നതുകൂടി ബിജു റോഡ് കട്ട വിരിക്കുന്നതിനു നിർദ്ദേശം ഉണ്ടായി.

12. സൗരോർജ പ്ളാൻറ് ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായി

13. ആടുവളർത്തലിനുള്ള സബ്സിഡി തുടരണമെന്ന നിർദ്ദേശം ഉണ്ടായി.

14. തെങ്ങിൻറെ കീടരോഗ നിയന്ത്രണം തുടരണമെന്ന നിർദ്ദേശം ഉണ്ടായി.

15. ഗുണനിലവാരം കുറഞ്ഞ കീടനാശിനിയാണ് കഴിഞ്ഞ വര്ഷം ഉപയോഗിച്ചതെന്നും ഇനി മുതൽ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് ബാബു മറ്റമന ആവശ്യപ്പെട്ടു.

16. കൃഷി ഭവനിൽ നിന്ന് ജാതിക്ക് ജൈവ വളം നൽകണമെന്ന നിർദ്ദേശം ഉണ്ടായി.

17. അടപ്പൂരാൻ പടി -പാടം റോഡ് കോൺക്രീറ്റ് ചെയ്യണം.

18. പയ്യാൽ അശമന്നൂർ അമ്പലം പടി റോഡ് കോൺക്രീറ്റ് .

19. അശമന്നൂർ വഴിപ്പുഴ റോഡ് റീടാറിങ് പൂർത്തീകരണം.

20. പാട്ടാങ്കടം കോളനി റോഡ് റീടാറിങ്.

21. പയ്യാൽ വട്ടപ്പാറച്ചാൽ റോഡ് റീടാറിങ്.

22. കൊള്ളിപ്പറമ്പ് -തോക്കനാൽ പടി പാടം അംഗനവാടി റോഡ് കോൺക്രീറ്റിംഗ്.

23. തേക്കുംകുടി ഹൌസിംഗ് കോളനി റോഡ് കോൺക്രീറ്റിംഗ്.

24. പാട്ടാങ്കടം നെടുങ്ങപ്ര ലിങ്ക് റോഡ് കോൺക്രീറ്റ് .

25. പാറപ്പുറംപടി പാടം റോഡ് കോൺക്രീറ്റ്.

26. കല്ലുമറ്റം റോഡ് കോൺക്രീറ്റ്.

27. പുതിയ ടോയ്ലറ്റ് നിർമാണത്തിന് ആവശ്യമായ ഗുണഭോക്താവ്.

28. ആശ്രയ ലിസ്റ്റ് പുതിയ അപേക്ഷകരെ കണ്ടെത്തി പുനഃക്രമീകരിക്കുക.

29. സ്വയം സഹായ സംഘങ്ങളിലെ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് പഞ്ചായത്ത് വിഹിതം നൽകുക.

30. രണ്ടു സെൻറ് ,അര സെൻറ് പടുത കുളം,അക്വാപോണിക്സ് തുടങ്ങിയവക്ക് പഞ്ചായത്ത് വിഹിതം കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കുക.

31. കർഷകർക്ക് പടുത,നെറ്റുകൾ ,പമ്പ് സെറ്റ് തുടങ്ങിയവ വാങ്ങുവാൻ സഹായം നൽകുക.

1.പനിച്ചയം കനാൽ ബണ്ട് റോഡ് റീടാറിങ് .

2.പനിച്ചയം ചാലുകണ്ടം റോഡ് റീടാറിങ്.

3.പനിചയം എസ്എൻഡിപി അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് ചെയ്യുക. 4.പനിച്ചയം ചേരു പറമ്പി റോഡ് കോൺക്രീറ്റിംഗ് ചെയ്യുക.

5.പനിച്ചയം കൊളശെരി ലിങ്ക് റോഡ് കോൺക്രീറ്റിംഗ്.

6.പനിച്ചയം കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുക.

7.പനിച്ചയം കനാൽ ബണ്ട് വയോജനങ്ങൾക്ക് പ്രയോജനം ആകുന്ന രീതിയിൽ ടൈൽ വിരിക്കൽ ഓപ്പൺ പാർക്ക് നടപ്പാത ഓപ്പൺ ജിംനേഷ്യം എന്നിവ നടപ്പിലാക്കാൻ നിർദ്ദേശം വന്നു ഇതിനുവേണ്ടി സമർപ്പിച്ച ഗ്രാമസഭാ പ്രമേയം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

8.SC കുട്ടികൾക്കായി മറിറ്ററിയം സ്കോളർഷിപ്പ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം വന്നു

9. പൊതു കളിസ്ഥലം വാർഡിൽ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം വന്നു 10.പനിച്ചയം കാവ് വടക്കേ കവല റോഡിൽ കലുങ്ക് നിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം വന്നു.

11.പയ്യാൽ സബ് സെൻ്ററർ പനിച്ചയത് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുകയും എല്ലാസമയവും സേവനം ലഭ്യമാക്കുന്ന രീതിയിൽ പണിയുന്നതിന് ഫണ്ട് അനുവദിക്കണം

12.ബസ് കാത്തിരിപ്പ് കേന്ദ്രം കംഫർട്ട് സ്റ്റേഷൻ എന്നിവ നിർമ്മിച്ച് നൽകുക.

13.പയ്യാൽ സബ് സെൻ്റർ പ്രവർത്തിച്ചുവന്ന പഴയ കെട്ടിടം സാംസ്കാരിക കേന്ദ്രം ആക്കുക

14. വേനൽക്കാലത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ട് രൂക്ഷമായിരിക്കുന്നു അതിനു പരിഹാരം കാണണം കനാലിൽ കുളം നിർമ്മിച്ചു നടപ്പിലാക്കിയ കുടിവെള്ള പദ്ധതി ഫലവത്തായി നടപ്പിലാക്കണം. 15.വ്യക്തികളുടെ കുളം കുടിവെള്ള പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. 16.നിർമ്മാർജ്ജനം ചെയ്യാൻ കഴിയാത്ത മാലിന്യങ്ങൾ ആയ കുട്ടികൾക്കും രോഗികൾക്കും ഉപയോഗിക്കാവുന്ന ഡയപ്പർ നൽകി എന്നിവ വീടുകളിൽ നിന്ന് കളക്ട് ചെയ്ത നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ വേണം

17,കനാൽ ബണ്ട് അറ്റത്തായി ആയി ഉള്ള വഴിയിലെ കാട് വെട്ടിത്തെളിച്ച് വഴി വൃത്തിയാക്കി സഞ്ചാരയോഗ്യമാക്കുക.

18.ഒച്ചിന്റെ, ശല്യം കുറയ്ക്കാനുള്ള നടപടികൾ പൊതുസ്ഥലത്തെ മാലിന്യം നിക്ഷേപിക്കുക എന്നിവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുക

19.പനിച്ചയം അംഗൻവാടി മെയിൻറനൻസ് വർക്സ് പെയിൻറിംഗ് എന്നിവ ഈ വർഷം തന്നെ പൂർത്തീകരിക്കണം

1.നൂലേലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് മതിയായ ഫണ്ട് വകയിരുത്തുക

2.വാട്ടർ അതോറിറ്റിയുടെ വിതരണ പൈപ്പുകൾ ഇല്ലാത്ത വാർഡിലെ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക

3.അശമന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ വെള്ളം നൂലേലി നീലാണ്ടപ്പടി വരെ പൈപ്പ് ലൈൻ സ്ഥാപിച്ച് ആ പ്രദേശത്ത് വെള്ളം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4.നമ്പ്യാർ ചിറ യിലേക്ക് മലിനജലം ഒഴുകി വരുന്നത് തടയുകയും ആഴംകൂട്ടി സംരക്ഷിക്കുകയും ചെയ്യുക .

5. സംസ്ഥാന സർക്കാരിൻറെ എൻറെ തൊഴിൽ എൻറെ അഭിമാനം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഫണ്ട് തൊഴിലുറപ്പ് കുടുംബശ്രീ ഫണ്ടുകൾ വിവിധ ബാങ്കുകളിൽ നിന്ന് എടുക്കുന്ന ലോണുകൾ എന്നിവ സംയോജിപ്പിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുക.

6.നീലാണ്ടപ്പടി -നൂലേലി അമ്പലപ്പടി റോഡ് പാച്ചുപിള്ളപടി-പനിച്ചയം റോഡ് ബിഎംബിസി നിലവാരത്തിൽ നിർമ്മാണം നടത്തുക. നമ്പ്യാർ ചിറ നൂലേലി- പാടം അംഗൻവാടി റോഡ് കൂട്ടി സംയോജിപ്പിച്ച് നിർമ്മാണം പൂർത്തീകരിക്കുക. അംഗൻവാടി നൂലേലി പാടം റോഡ് നിർമ്മിക്കുക .

1. മെയിന്റനൻസ് പുത്തയം മദ്രസ റോഡ് റീ ടാറിങ്

2. ഏക്കുന്നം കുടിവെള്ള പദ്ധതിക്ക് മുൻഗണന

3. ഏക്കുന്നം വാർഡിൽ ഏകദേശം വാർഡിന്റെ വടക്ക് ഭാഗത്താണ് അംഗൻവാടി സ്ഥിതി ചെയ്യുന്നത് .ദാറുസ്സലാം കോട്ടച്ചിറ ഭാഗത്ത് നിന്നുള്ള കുട്ടികൾക്ക് വരുന്നതിന് ബുദ്ധിമുട്ടായതിനാൽ പുതിയ അംഗൻവാടി നിർമ്മിക്കുന്നതിന് നിർദേശം.

4.കല്ലേലിമോളം കോളനിയിലേയ്ക്ക് പോകുന്ന റോഡിന്റെ സൈഡിലായി സ്ഥിതി ചെയ്യുന്ന പാറക്കുഴി ഭീഷണിയായി നിൽക്കുന്ന സാഹചര്യം ഒഴിവാക്കി അടിയന്തിരമായി സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിർദേശം.

5.വീട് മെയിന്റനൻസ് ജനറലിന് ധന സഹായം ലഭ്യമാക്കുക.

6.വീട് മെയിന്റനൻസ് SC ധനസഹായം ഒരു ലക്ഷമാക്കുക .

7.എടത്തിക്കാവ് കോളനി റോഡ് കാന നിർമ്മാണം ,സൈഡ് പ്രൊട്ടക്ഷൻ.

8.വഴി വിളക്കുകളുടെ മെയിന്റനൻസ്.

9.എ.എം റോഡ് മുതൽ ഏക്കുന്നം മദ്രസ വരെ ഏക്കുന്നം പള്ളിപ്പടി റോഡിന്റെ കാനയില്ലാത്ത ഭാഗങ്ങളിൽ കാന നിർമ്മാണം പൂർത്തീകരിക്കുക .

10.എടത്തിക്കാവ് റോഡ് റീ ടാറിങ്

11.ദാറുസ്സലാം പള്ളിപ്പടി റോഡിന്റെ ഇരു സൈഡിലെ കാനകളും കോൺക്രീറ്റ് ചെയ്ത് വെള്ളം കാന വഴി ഒഴുക്കാനുള്ള സൌകര്യം ചെയ്യൽ.

12.കുടിവെള്ള ആവശ്യത്തിനായി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ.

13.അന്യ സംസ്ഥാന തൊഴിലാളികളുടെ രാത്രി സഞ്ചാരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

14.വാർഡിലെ കിടപ്പ് രോഗികളായ 27 പേരെ ആഴ്ചയിലോ 10 ദിവസം കൂടിയോ സന്ദർശിച്ച് ജീവിത ശൈലി രോഗങ്ങൾ പരിശോധിക്കുന്നതിനുള്ള സൌകര്യമൊരുക്കുന്നതിന് പാലിയേറ്റിവിന് നിർദേശം നൽകൽ.

1.പൂമല-ചെറുകുന്നം റോഡ് റീ ടാറിങ്,മെയിന്റനൻസ് നടത്തുക.

2.പൂമല പ്ലൈവുഡ് കമ്പനിയുടെ താഴെയുള്ള തോട്ടിലെ വെള്ളം മലിനമാകുന്നത് കുറയ്ക്കുന്നതിനായി അരീക്കച്ചിറയുടെ ഭാഗത്തുള്ള തോട് കെട്ടി സംരക്ഷിക്കണം.

3.അരീക്കച്ചിറയുടെ നവീകരണം .

4.ഓടയ്ക്കാലി-കുരീക്കൻപാറ-ചെറുകുന്നം റോഡ് നവീകരണം .

5.പൂമല ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് എക്സ്റ്റെൻഷൻ.

6.അൽ അമീൻ കമ്പനിയുടെ തെക്കേ ഭാഗത്ത് കൂടിയുള്ള ഇടവഴി പുനസ്ഥാപിക്കണം .ഈ ഭാഗത്തെ സ്കെച്ച് വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കണം.

7.ഓടക്കാലി-തലപുഞ്ച റോഡിൽ നംബേലി കുരീക്കൻപാറ ഭാഗത്തേക്ക് പോകുന്ന വഴി റൈസ് കോ കമ്പനിയുടെ കിഴക്ക് വശത്ത് കൂടി കുരീക്കൻപാറ ഭാഗത്തേക്ക് ചെല്ലുന്നുണ്ട്. ടി വഴിയുടെ നവീകരണം .

44.അമചിറ നവീകരണം.

45.ചാത്തംകോട്ട്-പൊട്ടക്കുളം നവീകരണം.

46.പഞ്ചായത്തിൻറെ ആസ്തിയിലുള്ള തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുക.(പൊട്ടുകാവ്,മുട്ടുപാറ,കൂരാളിൽ ,നമ്പേലി )

32. ഇല്ലത്തുപടി പുളിക്കപ്പടി റോഡ് കോൺക്രീറ്റ് ചെയ്യുക.

33. പുളിക്കപ്പടി പുത്തൻകാവ് റോഡ് റീടാർ ചെയ്യുക.

34. പെരുവങ്ങപ്പടി ലക്ഷം വീട് റോഡ് റീടാർ ചെയ്യുക.

35. പെരുവങ്ങപ്പടി കനാൽ ബണ്ട് റോഡ് കോൺക്രീറ്റ് ചെയ്യുക .

36. മണിക്കുന്നേൽ അമ്പലം റോഡ് ചപ്പാത്ത് നിർമാണം.

37. ഇല്ലത്തുപടി SC കോളനി വാട്ടർ ടാങ്ക് ലീക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

38. കടുംബേലി ചിറ്റേനിമൂല തോട് കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച് .

39. ഇല്ലത്തുപടി പുളിക്കപ്പടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് .

40. ചക്കൻ ചിറ തോട് സംരക്ഷണം ,ചക്കൻ ചിറ കാടു കയറിയ ഭാഗം കൃഷി ഓഫീസും MGNREGS മായി ചേർന്ന് കൃഷി നടത്തുക.

41. ആഫ്രിക്കൻ ഒച്ച് നശീകരണം.

42. ചക്കുംചിറ NO 140 അംഗൻവാടിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിക്കുക.

വിവിധ കമ്പനികൾ കുളം കുഴിക്കുന്നത് മൂല ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

പിഷാരത്ത് പടി -കല്ലാക്കൽ തോട് നവീകരണം.

ആനക്കല്ല് കല്ലുപാലം തോട് ,കല്ലിൽ ക്ഷേത്രം കല്ലാക്കൽ തോട് നവീകരണം

PWD റോഡിൻറെ സൈഡിലുള്ള ഓടകൾ മണ്ണ് നീക്കി വശങ്ങളിലെ കാടുകൾ വെട്ടുക.

പഞ്ചായത്ത് റോഡിൻറെ സൈഡിലുള്ള കാനകൾ നന്നാക്കി വശങ്ങളിലെ കാടുകൾ വെട്ടി വൃത്തിയാക്കുക.

കല്ലിൽ നിരവത്ത് ഷാപ്പുംപടി റോഡ് നിർമാണം പൂർത്തീകരിക്കുക .

കനാൽ ബണ്ട് കല്ലിൽ RPS റോഡ് നിർമാണം.

1സാമൂഹ്യ ജലസേചന പദ്ധതിയായ മുട്ടത്ത്മുകൾ ലിഫ്റ്റ് ഇറിഗേഷൻ ഇൽ ഉള്ള വെള്ളം കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന തരത്തിൽ തലപുഞ്ചയിൽ ഉള്ള അമചിറയിൽ എത്തണം.

2. ഓലിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ കമ്മീഷൻ ചെയ്യണം.

3.കൂരാളിപ്പടി തൃക്കപ്പടി റോഡ് പൂർത്തീകരിക്കണം.

4.മുട്ടത്ത് മുകൾ കോട്ട ചിറ റോഡ് നവീകരണം

5.പുളിഞ്ചോട് ചാലിപാറ ലിങ്ക് റോഡ് നവീകരണം.

6.തൃക്കേപടി മുട്ടത്ത്മുകൾ ലിങ്ക് റോഡ് നവീകരണം.

7. ഓടക്കാലി കല്ലിൽ PWD റോഡിൽ മുട്ടത്തുമുകൾ മത്തായിയുടെ കിണറിൻ്റെ ഭാഗം ഇടിഞ്ഞത് മാറ്റി റോഡ് സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

8.മുതിയാട്ടുചിറ പൂതക്കുഴി കോളനി റോഡ് നവീകരണം

9.മുട്ടത്ത്മുകൾ കാവനകുടി റോഡ് നവീകരണം.

10.തലപുഞ്ച നമ്പേലി കോളനി റോഡ് പൂർത്തീകരണം

11.മുട്ടത്തുമുകൾ കോട്ടേലിപ്പടി റോഡ് റീടാറിങ്.

12.തൃക്കപടി കനാൽ ബണ്ട് റോഡ് റീടാറിങ്.

13.മുട്ടത്തു മുകൾ ഷാപ്പുംപടി റോഡ് നിർമ്മാണം

14.മുട്ടത്തുമുകൾ മില്ലുംപടി റോഡ് നിർമ്മാണം.

15.മാന്തടം ജറുസലേം ചാപ്പൽ റോഡ് നിർമാണം.

16.പനേലി- പൂതക്കുഴി റോഡ് നിർമാണം

17.ഉദയ കവല പുളിഞ്ചോട് റോഡ് നവീകരണം.

18.തലപുഞ്ച- പരുത്തേലിപ്പടി റോഡ് നിർമാണം.

19.ടണൽ - ഗവ: ഹയർ സെക്കൻഡറി സ്കൂൾ കനാൽ ബണ്ട് റോഡ് നിർമ്മാണം.

20.വെള്ളാറ- ഫാം റോഡ്.

21.ഉദയ കവല പൂതക്കുഴി ലിങ്ക് റോഡ് നിർമ്മാണം.

22.ഉദയ കവല നംബേലി ലിങ്ക് റോഡ് നിർമ്മാണം.

23.ലിഫ്റ്റ് ഇറിഗേഷൻ-മുട്ടത്തു മുകൾ-കൂരാളി പടിയിലേക്ക് പൈപ്പ് നീട്ടുക, അറാക്കപ്പടി യിലേക്ക് നീട്ടുക.

24.മുട്ടത്തു മുകൾ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ കൊല്ലംകൂടി ഏലിയാസിൻ്റെ പടി മുതൽ ചാമക്കാട്ട് ജോർജ് സി ജോസഫിൻ്റെ പറമ്പ് വരെ നീട്ടുക .

25.മുട്ടത്ത് മുകൾ ലിഫ്റ്റ് ഇറിഗേഷൻ്റെ പൈപ്പ് ലൈൻ കോട്ടേലിപ്പടി റോഡിൽ നിന്നും പനയ്ക്കൽ പി. വി ഏലിയാസിൻ്റെ പറമ്പ് വരെ നീട്ടുക.

26.നമ്പേലി ചിറയിലേക്ക് മാധവൻ,ചെല്ലിശ്ശേരിയുടെ വീടിന്റെ ഭാഗത്ത് നിന്നും പൈപ്പ് നീട്ടുക. മുട്ടത്തുമുകൾ ലിഫ്റ്റ് ഇറിഗേഷൻ ഉദയകവല വരെ നീട്ടുക .

27.മുട്ടത്തുമുകൾ ലിഫ്റ്റ് ഇറിഗേഷൻ ചുറ്റുമതിൽ നിർമാണം.

28.KWA യുടെ കുടിവെള്ള പൈപ്പ് ലൈൻ കോട്ടേലിപ്പടി വരെ നീട്ടുക

29.ചാലിപ്പാറ അംഗൻവാടിയിലെ വാട്ടർടാങ്ക് 1000 ലിറ്റർ ആക്കുക

30.വെള്ളാറ തോട് സൈഡ് കെട്ടി സംരക്ഷിക്കുക .

31 .KWA യുടെ കുടിവെള്ള പൈപ്പ് ലൈൻ പരുത്തേലിപ്പടി റോഡിലേക്ക് നീട്ടുക.

പൂതക്കുഴി ചിറ -മോട്ടോർ പുരയിൽ ലൈറ്റ് ഇടുക

പൂതക്കുഴി കുടിവെള്ള പദ്ധതിയിൽ പൊതു ശ്മശാനം മുതൽ ചാലിപ്പാറ അംഗനവാടി വരെയുള്ള പൈപ്പ് നന്നാക്കുക

വഴിവിളക്ക് നവീകരണം

പഞ്ചായത്തിൻറെ ഉടമസ്ഥതയിൽ ഉള്ള ജലാശയങ്ങൾ കെട്ടി സംരക്ഷിക്കുക .

മുട്ടത്തുമുകൾ ലൈബ്രറി നവീകരണം.

പൂതക്കുഴി(പനേലി ചിറ) നവീകരണം .

നമ്പേലി ചിറ നവീകരണം.

മുതിയാട്ടു ചിറ നവീകരണം.

കൂനം ചിറ നവീകരണം.

മേയ്ക്കമാലി ചിറ നവീകരണം.

ഓലിച്ചിറ -വായ്ക്കര ചിറ നവീകരണം.

ഓലിച്ചിറ മുട്ടത്തുമുകൾ ചിറ നവീകരണം.

ഫ്രണ്ട് ഓഫീസിൽ സൗകര്യങ്ങൾ വർധിപ്പിക്കുക.

ഹെല്പ് ഡെസ്ക് സ്ഥാപിക്കുക.

സോളാർ പാനൽ കപ്പാസിറ്റി കൂട്ടുക ,ബാറ്ററി ക്ലീനിങ്ങ് യഥാസമയം നടത്തുക.

അസി.എൻജിനീയറുടെ ഓഫീസിലേക് ഫർണിച്ചർ.

പഞ്ചായത്തിനെയും ഘടക സ്ഥാപനങ്ങളെ ISO നിലവാരത്തിലേക്ക് ഉയർത്തുക.

മുകളിലെ നിലയിലെ വാഷ് ബേസിൻ തറ ഉയർത്തുക .

പഞ്ചായത്തിന് മുൻ വശത്തെ ഷീറ്റ് മേഞ്ഞതിലെ ചോർച്ച പരിഹരിക്കുക.

പ്രിയദർശിനി ഹാൾ ,CDS ഓഫീസ് ,ലൈബ്രറി നവീകരിക്കുക.

അതി ദരിദ്രർക്കുള്ള മൈക്രോ പ്ലാനുകൾ

വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ